# അഹ്‌ലൻ റമദാൻ

gulfmadhyamam

1444 RAMADAN SPECIAL 2023



## ബഹിരാകാശ നോമ്പ്
## പൈതൃക നോമ്പ്
## പ്രവാസ നോമ്പ്




مركز شفاء الجزيرة الطبي
SHIFA AL JAZEERA MEDICAL CENTRE

17288000 *Quality Care, Redefined* 16171819

We do not have any other branches in the Kingdom of Bahrain under Shifa Al Jazeera Medical Group



MANAMA | MANAMA | HAJIYAT, RIFFA | HAMALA

DEPARTMENTS

General medicine | Internal medicine | Cardiology | Radiology | Paediatrics | Gynaecology | Orthopaedic | Dermatology
ENT | Cosmetology | Ophthalmology | Urology | General Surgery | Dental | Paedodontics (Pediatric dentistry) | Orthodontics

MANAMA | KINGDOM OF BAHRAIN | TEL: 17288000, 16 17 18 19 | DENTAL: 17288001 | FAX: 17280404




DISTRIBUTED BY:

بابا سنز د.م.م

Babasons W.L.L





AL KAPPYS INFOTEC
TECHNOLOGICAL EXCELLENCE
THE COMPLETE IT SOLUTION
WHOLESALE & RETAIL


www.alkappys.com
sales@alkappys.com
17 210 211
17 291 391
377 477 58
377 477 50

PROJECTS
Access Control Systems.
Visitors Management Systemm.
Video Conferencing Solution,
Monitoring Technology with
Enhanced, Public Address System

HARDWARE
Desktop, Notebook, Servers, Printers
POS Systems, UPS, Multimedia, Routers
Access Points, Laptop Spares, NAS, CCTV
PABX, Projector, Accessories

NETWORKING
LAN & WAN Network Solution.
Structured Cabling IP Networking
Solution. Wireless Solution.

SUPPORT SERVICES
Annual Maintenance
Chiplevel Service
Dedicated on site support




*May this Ramadan bring endless moments of joy and happiness in your life. Ramadan Mubarak*

# SKY سكي

INTERNATIONAL TRADING W.L.L انترناشيونال تريدينغ ذ.م.م

BAHRAIN | UAE

We deal in all kind of branded Mobiles & Accessories

SKY International Trading WLL
skyinternationalwll
www.skyeshops.com

17224443
33620008
33635343

BAHRAIN
Manama
East Riffa
Muharraq

ENJOY THE EXCLUSIVE PROMOTION ON OUR APP
DOWNLOAD NOW!

Apple SAMSUNG oppo vivo Redmi realme ONEPLUS NOKIA

gulfmadhyamam
**RAMADAN SPECIAL**
2023

- Chief Editor: Hamzah Abbas V.K
- Magazine Editor: Salih Kakkodi
- Cover & Design: Haris Omassery
- Cover Photo: Noufal Perinthalmanna

**BAHRAIN OFFICE**
P.O.Box.No. 21323,
Manama, Bahrain
Tel: +973 39203865,
Tel: +973 17342825
Email: bahrain@gulfmadhyamam.net

**HEAD OFFICE**
P.O. Box : 4243,
Office No -222.
Le Solarium Building
Dubai Silicon Oasis - UAE
Tel: +971 42521071
Email: dubai@gulfmadhyamam.net

**PUBLISHED FROM:**
| Bahrain | Dubai | Qatar
| Kuwait | Jeddah | Riyadh
| Dammam | Oman

# CONTENT

8 അനുഗ്രഹങ്ങളുടെ വസന്തം
– വി.കെ. ഹംസ അബ്ബാസ്

12 താരാപഥം ചേതോഹരം
– സാലിഹ് കോട്ടപ്പള്ളി

14 നിറം പകർന്നാടും പൈതൃകവഴികൾ
– എസ്. മൊയ്തു

18 ചരിത്രവഴികളിലൂടെ കടൽ കാറ്റിനൊപ്പം
– ടി.എം. അഷ്റഫ്

19 മൂന്നു നാടുകൾ, മൂന്നനുഭവങ്ങൾ
– ഡോ. മുഹമ്മദ് സലീം നദ്‌വി വെളിയമ്പ്ര

20 ഓർമപ്പെടുത്തലുകളുടെ സുവർണ കാലം
– ഇ.കെ. സജീർ

22 മരുഭൂമിയിലെ ക്ലീറ്റസിൻെറ ഇഫ്താർ കൂടാരം
– എം.പി. ഷഹദാൻ

24 ചരിത്രത്തെ ചേർത്തുപിടിച്ച്
– മട്ടന്നൂർ സുരേന്ദ്രൻ

26 മനോഹരമായ യാത്രയാണ് എൻെറ നോമ്പുകാലം
– ആർ.ജെ. വൈശാഖ്

28 വെളുക്കെ ചിരിക്കുന്ന നാട്ടോർമകൾ
– സിന്ധു കോറാട്ട്

30 ‘ഉപ സമീപേ വസതി ഇതി ഉപവാസ’
– കെ.പി. പ്രസന്നൻ

33 നിലാവിൽ നെയ്തെടുക്കുന്ന മാധുര്യം
– അനൂപ് കീച്ചേരി

36 റിനൂസിന്റെ പാനൂസ്
– ലിനീഷ് ചെഞ്ചേരി

38 പ്രകാശം പരത്തിയ നോമ്പുതുറ
– അസി

40 കരുതലിന്റെ നോമ്പൊരുക്കുന്നവർ
– ഉമ്മു ഹബീബ എ.കെ.

44 നസ്റിനും സൗമിയും പഠിപ്പിച്ചു തന്ന നോമ്പുപ്രാർഥന
– രമ്യ സുരേഷ്

46 പകരം ചോദിക്കാത്ത സ്നേഹാനുഭവം
– സവാദ് റഹ്മാൻ

48 ആ പ്രാർഥന തഴുകിത്തലോടുന്നതായി തോന്നാറുണ്ട്
– അനിൽകുമാർ സി.പി

49 റമദാനിലെ ഉണർത്തുപാട്ട്
– ഖാദർ മൊയ്തീൻ

50 ഗബാലയിലെ വ്രതരാവിൽ
– നൗഫൽ പാലക്കാടൻ

54 വൈവിധ്യങ്ങളുടെ സ്നേഹകൂടാരം തീർക്കുന്നവർ
– സാബിർ മുംബൈ

56 രണ്ടു മനോഹര പാത്രങ്ങൾ
– ഗീതാ സൂര്യൻ

58 ഖുർആൻ പഠിച്ചും പകർത്തിയെഴുതിയും സുരേഷ് കുമാർ
– അസ്‌ലം കൊച്ചുകലുങ്ക്

60 പലഹാരങ്ങളുടെ മണം സ്നേഹമായിരുന്നു
– പ്രീതി രഞ്ജിത്ത്

62 മലബാറിന്റെ മാലാഖമാർ
– ടി. മുംതാസ്

66 കുഞ്ഞലീമയുടെ ഓർമക്ക്
– ധർമരാജ് മടപ്പള്ളി

67 ദൈവം അയച്ചുതന്നതാകും നൗഷിയെ
– നളിനകുമാരി വിശ്വനാഥ്

68 പഴമയുടെ പെരുമ ചേർക്കുന്നവർ
– റഫീഖ് പറമ്പത്ത്

70 ആത്മവസന്തത്തിന്റെ ഇടങ്ങൾ
– ജമാൽ ഇരിങ്ങൽ

72 നോമ്പുകാലത്തെ പ്രവാസജീവിതം
– പ്രവീൺ പാലക്കീൽ

74 കനലോർമകളുമായി സാലിഹ്ക്ക
– എം.പി.എ കോട്ടപ്പള്ളി

75 കാരക്കയും മോരും കുടിച്ച് നോമ്പു തുറന്ന്...
– വി.കെ. ഷെഫീർ

76 ഉണർത്തുപാട്ടുകളുടെ സൗന്ദര്യം
– നജ്‌ല മറിയം

മുഖവാക്ക്

# അനുഗ്രഹങ്ങളുടെ വസന്തം

**വി.കെ. ഹംസ അബ്ബാസ്**

ആദിമ മനുഷ്യൻ ആദം തുടങ്ങിവെച്ചതാണ് വ്രതാനുഷ്ഠാനം. ഒരു പ്രത്യേക വൃക്ഷം ചൂണ്ടിക്കാട്ടി, അതിന്റെ പഴം നിങ്ങൾ ഭക്ഷിക്കരുതെന്ന് ആദിമ മനുഷ്യനോടും ഭാര്യ ഹവ്വയോടും അല്ലാഹു നിർദേശിച്ചത് അവർക്ക് നിശ്ചയിച്ച വ്രതാനുഷ്ഠാനമായിരുന്നു. പൈശാചിക ദുർബോധനത്തിൽ വഞ്ചിതരായി ആദമും ഹവ്വയും ആ പഴം ഭുജിച്ചപ്പോഴാണ് അവർ വ്രതഭഞ്ജനം നടത്തിയത്. തുടർന്നാണ് അവരിരുവരേയും അല്ലാഹു സ്വർഗീയാരാമത്തിൽ നിന്ന് പുറത്താക്കിയത്. അവരുടെ വസ്ത്രങ്ങൾ ഉരിഞ്ഞുപോയെന്നും രണ്ടുകൂട്ടരും വൃക്ഷത്തിന്റെ ഇലകൾ പറിച്ച് നഗ്നത മറച്ചുവെന്നും ഖുർആൻ പറയുന്നു. ഉരിഞ്ഞുപോയ വസ്ത്രത്തിന് പകരം ഇലകൾ കൊണ്ട് നഗ്നത മറച്ചുവെന്നത് നമുക്ക് പുതുമയായി തോന്നുന്നുവെങ്കിലും നഗ്നത മനുഷ്യന്റെ മാനുഷിക വികാരത്തിന്റെ ബഹിർസ്ഫുരണമാണെന്ന് മനസ്സിലാക്കണം. കൂടാതെ, ഈ സംഭവം സ്ത്രീ–പുരുഷബന്ധത്തിന്റെ പരിപാവനതയും പരിശുദ്ധിയും വെളിപ്പെടുത്തുക കൂടി ചെയ്യുന്നു.



അനുഗ്രഹങ്ങളുടെ വസന്തം എന്നാണ് റമദാനെ പ്രവാചകൻ വിശേഷിപ്പിച്ചത്.

ഹിജ്റ വർഷം കണക്കാക്കുന്നത് പ്രവാചകനും സത്യവിശ്വാസികളും മദീനയിലേക്ക് പലായനം ചെയ്തത് മുതലാണല്ലോ. അതിന് മുമ്പ് മക്കയിലെ സത്യനിഷേധികളിൽനിന്ന് പ്രവാചകനും അനുചരന്മാർക്കും നേരിടേണ്ടിവന്ന ക്രൂരപീഡനങ്ങളെക്കുറിച്ച് ചരിത്രം നമ്മോടു പറയുന്നുണ്ട്. ജനിക്കുന്നതിന് മുമ്പ് പിതാവും ബാല്യത്തിൽ മാതാവും പ്രവാചകന് നഷ്ടപ്പെട്ടു. പ്രവാചകത്വ ലബ്ധിയോടെ താങ്ങും തണലുമായിരുന്ന പ്രിയതമ ഖദീജയുടെയും പിതാമഹൻ അബൂത്വാലിബിന്റെയും വിയോഗം അത്യന്തം ദുഃഖകരവും ക്ലേശഭരിതവുമായ അവസ്ഥ സൃഷ്ടിച്ചു. അഭയം തേടി ത്വാഇഫിലേക്ക് പോയപ്പോൾ നേരിടേണ്ടിവന്നത് മർദനങ്ങളും പീഡനങ്ങളുമാണ്. അന്നേരം പ്രവാചകന് ആത്മവിശ്വാസവും മനഃശാന്തിയും നൽകാനായി മക്കയിലെ മസ്ജിദുൽ ഹറാമിൽനിന്ന് ജറൂസലമിലെ മസ്ജിദുൽ അഖ്സയിലേക്കും അവിടെനിന്ന് വാനലോകത്തേക്കും അല്ലാഹു പ്രവാചകനെ ആനയിച്ചു നടത്തിയ യാത്രയാണ് ഇസ്റാഅ്, മിഅ്റാജ്. റജബിലെ ഒറ്റ രാത്രിയിൽ നടന്ന ആ നിശാപ്രയാണം തുടർന്നു



رمضان كريم

# Ramadan Kareem

Wishing you a month filled with togetherness, generosity and prayers.

MALABAR
GOLD & DIAMONDS

**MANAMA:** GOLD CITY, TEL: **17006916**
NEAR GOLD CITY, TEL: **17662916**
TEMPLE ROAD: **17232916**
**RIFFA:** 1ST FLOOR, LULU HYPERMARKET, TEL: **17007916**
**HIDD:** 1ST FLOOR, LULU HYPERMARKET, TEL: **17684916**

**MGD LIFESTYLE JEWELLERY:** JUFFAIR MALL, TEL: **17422916**

Shop 24/7 at www.malabargoldanddiamonds.com

OVER 305 BRANCHES ACROSS BAHRAIN, UAE, OMAN, QATAR, KUWAIT, KSA, SINGAPORE MALAYSIA, USA & INDIA

വന്ന മഹത് ചരിത്രത്തിന്റെ സമുദ്ഘാടനമായിരുന്നു. ഇസ്‌ലാമിലെ അനുഷ്ഠാന കർമങ്ങളും സ്വർഗ–നരക യാഥാർഥ്യങ്ങളും പ്രവാചകനെ പഠിപ്പിച്ച ആ ദിവ്യയാത്ര തന്നെ ആരാധനകളെക്കുറിച്ചുള്ള സൂചനകളായിരുന്നു.

ഹിജ്റ രണ്ടാമാണ്ടിലാണ് വ്രതാനുഷ്ഠാനത്തെക്കുറിച്ച് വ്യക്തമായ നിർദേശം അല്ലാഹു നൽകിയത്-മദീനയിൽ ഇസ്‌ലാമിക രാഷ്ട്രം സ്ഥാപിച്ചശേഷം. ഹിജ്റക്കുമുമ്പും അറബികൾ ഈമാസത്തെ റമദാൻ എന്നുതന്നെയാണ് പേരുവിളിച്ചിരുന്നത്. ചാന്ദ്രവർഷമായിരുന്നു അവർ കാലഗണനക്കെടുത്തിരുന്നത്. സമൂല പരിവർത്തനത്തിന്റെ പടഹധ്വനി മുഴക്കിവന്ന ഇസ്‌ലാം മാസത്തിന്റെയോ ദേശത്തിന്റെയോ പേര് മാറ്റിക്കൊണ്ടല്ല വിപ്ലവം ആരംഭിച്ചത്. മറിച്ച് , ഏകദൈവത്വത്തിലധിഷ്ഠിതമായ ആ വിപ്ലവാദർശം ബഹുദൈവാരാധനാപരമായ ചിഹ്നങ്ങളെയും വിശ്വാസത്തെയുമാണ് എതിർത്തത്. അഥവാ, മാനവകുലത്തിന്റെ ചരിത്ര വിനാഴികകളിൽ ആഗതരായ സമുദ്ധാര നായകരായ പ്രവാചകന്മാരുടെ അനുശാസനകളും അധ്യാപനങ്ങളും പരിഷ്കരിച്ച് കാലാന്തരത്തിൽ വന്നുചേർന്ന സ്ഖലിതങ്ങൾ ദൂരീകരിച്ച് ശുദ്ധീകരിച്ച് നൽകുകയായിരുന്നു പ്രവാചകൻ ചെയ്തത്. വ്രതാനുഷ്ഠാനവും അതിനാൽതന്നെ മുൻ സമുദായങ്ങളിൽ നിർബന്ധമാക്കപ്പെട്ട കർമമാണെന്ന് വിശുദ്ധ ഖുർആൻ പഠിപ്പിച്ചത് അതുകൊണ്ടാണ്. മാനവരാശിയുടെ വിശ്വാസാനുഷ്ഠാന കർമങ്ങൾക്ക് ചരിത്രപരമായ നൈരന്തര്യമുണ്ടെന്ന് ഇതിലൂടെ ഇസ്‌ലാം സമർഥിക്കുന്നു.

നമസ്കാരം, സകാത്ത്, ഹജ്ജ് എന്നീ അനുഷ്ഠാനകർമങ്ങളിലും ജനതതികളുടെ ഇഴപിരിയാത്ത ബന്ധം നമുക്ക് കാണാം. ഇപ്പോൾ മതങ്ങളെന്നു വിവക്ഷിക്കപ്പെടുന്ന മുഴുവൻ സംസ്കാര സാമ്പ്രദായിക സംവിധാനങ്ങളും ചരിത്രത്തിന്റെ വിവിധ ദശാസന്ധികളിൽ വിവിധ ദേശങ്ങളിലും ഭാഷകളിലും കാലങ്ങളിലും സമാഗതരായ പ്രവാചകന്മാരുടെ അനുഗാമികൾ സ്വീകരിച്ച ആദർശങ്ങളുടെ പേരുകളാണ്. അവയുടെയെല്ലാം അടിസ്ഥാനം ഏകദൈവത്വത്തിലും മാനവിക ഐക്യത്തിലും അധിഷ്ഠിതമായ ആദർശമായിരുന്നു. ഇസ്‌ലാം ഉദ്ഘോഷിക്കുന്ന 'ദീൻ' ദൈവത്തിനുള്ള സമ്പൂർണസമർപ്പണവും തദടിസ്ഥാനത്തിലുള്ള വിശ്വാസ കർമസംഹിതയും അനുഷ്ഠാനവിധികളും ഉൾക്കൊള്ളുന്ന ബൃഹത്തായ ജീവിതാദർശമാണ്. ഇതുതന്നെയായിരുന്നു പൂർവ പ്രവാചകന്മാരുടെയും വേദഗ്രന്ഥങ്ങളുടെയും അടിസ്ഥാനാദർശം. പിൽക്കാലത്തുണ്ടായ കൂട്ടിച്ചേർക്കലുകളും വെട്ടിത്തിരുത്തലുകളും ആ അടിസ്ഥാനാദർശത്തെ വികലമാക്കുകയും പ്രത്യേക മതങ്ങളായി പരിഗണിക്കുകയുമാണുണ്ടായത്.

ഇസ്‌ലാമികാനുഷ്ഠാനങ്ങളിലൂടെ കണ്ണോടിച്ചാൽ ഇതര മത വേദഗ്രന്ഥങ്ങളിലും അനുഷ്ഠാന കർമങ്ങളിലും ഉൾക്കൊള്ളുന്ന ഏകദൈവ തത്ത്വത്തിലധിഷ്ഠിതമായ ഒരുപാട് സാമ്യതകൾ കണ്ടെത്താനാവും. മാനവരാശിയുടെ ആദികേന്ദ്രവും അടിക്കല്ലുമായി കണക്കാക്കപ്പെടുന്ന കഅ്ബാലയുമായി ബന്ധപ്പെട്ട അനുഷ്ഠാന കർമങ്ങൾ യുഗാന്തരങ്ങളിലൂടെ കൈമാറ്റം ചെയ്യപ്പെട്ട ഹജ്ജ് കർമമാണെന്ന് പണ്ഡിതന്മാർ പഠിപ്പിക്കുന്നു. പ്രവാചക ലബ്ധിക്ക് മുമ്പുതന്നെ മുഹമ്മദ് എന്ന ഖുറൈശി ബാലനെ ആകർഷിച്ച ആരാധനാലയമായിരുന്നു വിശുദ്ധ കഅ്ബ. ഇബ്റാഹീം നബി മുതൽ തുടർന്നുവന്നിരുന്ന അനുഷ്ഠാനമായിരുന്നു കഅ്ബാലയവുമായി ബന്ധപ്പെട്ട ഹജ്ജ് കർമം. ബഹുദൈവാരാധനാപരമായ ആചാരങ്ങളും പ്രതിമകളും പ്രതിഷ്ഠകളും ഉപേക്ഷിച്ച് കഅ്ബയുമായി ബന്ധപ്പെട്ട മറ്റ് അനുഷ്ഠാനകർമങ്ങൾ നിലനിർത്തിക്കൊണ്ടാണ് ഇസ്‌ലാം ഹജ്ജ് അനുശാസിക്കുന്നത്. വ്രതാനുഷ്ഠാനത്തിനും ഇതേ മാനമാണുള്ളതെന്ന് ഖുർആൻ നമ്മെ ഉദ്ബോധിപ്പിക്കുന്നു



നമസ്കാരവും സകാത്തും ഇതേപോലെ പരിഷ്കൃതരൂപം നൽകിയ അനുഷ്ഠാനങ്ങളാണ്. ഇതെല്ലാം നമ്മെ ബോധ്യപ്പെടുത്തുന്നത് ഏകനായ ദൈവം മാനവസമൂഹത്തിന്റെ മാർഗദർശനാർഥം നിയോഗിച്ച പ്രവാചകശൃംഖലയുടെ അവസാനത്തെ കണ്ണിയായ മുഹമ്മദ് നബി കൊണ്ടുവന്നത് മുൻ പ്രവാചകന്മാരുടെയും യുഗപരിഷ്കർത്താക്കളുടെയും അടിസ്ഥാനാദർശമായ ഇസ്‌ലാമിന്റെ സമ്പൂർണവും സമഗ്രവും പരിഷ്കൃതവുമായ രൂപമാണെന്നാണ്. സമ്പൂർണ സമർപ്പണത്തിന്റെയും ആഗോള സമാധാനത്തിന്റെയും അർഥസങ്കൽപമുൾക്കൊള്ളുന്ന, അറബി ഭാഷയിൽ ഇസ്‌ലാം എന്ന പേരിന് പകരം മറ്റു വേദങ്ങളിലും ഭാഷകളിലും വ്യത്യസ്ത പേരുകളാണ് ജീവിതാദർശത്തിനുള്ളത്.

വ്രതാനുഷ്ഠാനത്തിന്റെ സാർവജനീനതപോലെത്തന്നെ ശ്രദ്ധേയമാണ് അതിന്റെ വ്യക്തിപരതയും. അനുഷ്ഠിക്കുന്ന വ്യക്തിക്കല്ലാതെ മറ്റാർക്കും അറിയാൻ കഴിയാത്തത്ര വ്യക്തിനിഷ്ഠമാണ് ഈ അനുഷ്ഠാനം. എന്നാൽ, ഒരു പ്രത്യേക കാലയളവിൽ നിശ്ചിത സമയത്ത് അനുഷ്ഠിക്കേണ്ട കർമമെന്ന നിലക്ക് അതിന്റെ സമഷ്ടിപരത ഇസ്‌ലാം നിഷ്കർഷിക്കുന്നു. വ്യക്തിയെന്നപോലെ സമൂഹത്തിന്റെയും സംസ്കരണം ഇതിലൂടെ സാധിക്കുന്നു.

സമസൃഷ്ടി സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും ഉദാത്തവികാരം സമൂഹത്തിൽ സൃഷ്ടിക്കാൻ വ്രതത്തിലൂടെ സാധിക്കുന്നു. അതിനാൽതന്നെ വ്രതമാസം മുഴുവൻ മനുഷ്യരുടെയും അനുഗ്രഹത്തിന്റെ മാസമാണ്. ക്ഷമയുടെയും സഹനത്തിന്റെയും ഉത്തുംഗപർവത്തിൽ വിരാജിക്കുന്ന സത്യവിശ്വാസികൾ സഹജീവികളെയും പ്രകൃതിയെയും മുഴുവൻ ചരാചരങ്ങളെയും സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ ഈ അനുഷ്ഠാനകർമത്തിന്റെ ഫലപ്രാപ്തി സാധിക്കൂ.

ഈ ഉൽകൃഷ്ടമാസത്തെ പരസ്പര സഹായത്തിനും പരമത സ്നേഹത്തിനും പരിസ്ഥിതിയുടെയും പ്രകൃതിയുടെയും സംരക്ഷണത്തിനും പ്രയോജനപ്പെടുത്തുവാൻ പരമാവധി ശ്രമിക്കുക. ധൂർത്തും ധാരാളിത്തവും ഒഴിവാക്കാനും മിതവ്യയം ശീലിക്കാനുമുള്ള പരിശീലനം സിദ്ധിക്കുന്നതോടൊപ്പം ജീവിതവിശുദ്ധിയും ആത്മസംശുദ്ധിയും കൈവരിക്കാൻ ഈ മാസത്തിന്റെ അനർഘനിമിഷങ്ങൾ പ്രയോജനപ്പെടുത്തുക. സർവശക്തൻ അനുഗ്രഹിക്കുമാറാകട്ടെ



اليوم
ALYOUM
رمضان
مبارك
Ramadan
Mubarak
1000g
900g
فيليه صدور
BREAST FILLET
دجاج فاخر طازج
PREMIUM FRESH
CHICKEN
900g
قطع متنوعة
MIXED PARTS
Farm Raised
Cage Free
No Antibiotics Ever
100% Vegetable Diet
SAUDI MADE




# താരാപഥം ചേതോഹരം

**ഭൂമിയിൽ എല്ലാവരും റമദാൻ പിറ തേടി ചക്രവാളങ്ങളിലേക്ക് കണ്ണുനട്ടിരിക്കുമ്പോൾ, ഒരാൾ ആകാശത്തുനിന്ന് ഭൂമിയിലേക്ക് നോക്കുകയായിരിക്കും. യു.എ.ഇ ബഹിരാകാശ യാത്രികൻ സുൽത്താൻ അൽ നിയാദിയുടെ റമദാൻ പ്രതീക്ഷകൾ**

● **സാലിഹ് കോട്ടപ്പള്ളി**

ഭൂമിയിൽ എല്ലാവരും റമദാൻപിറ തേടി ചക്രവാളങ്ങളിലേക്ക് കണ്ണുനട്ടിരിക്കുമ്പോൾ, ഒരാൾ ആകാശത്തുനിന്ന് ഭൂമിയിലേക്ക് നോക്കുകയായിരിക്കും. യു.എ.ഇ എന്ന തന്റെ രാജ്യത്തും ലോകമെമ്പാടും പുണ്യമാസത്തിന്റെ ആഹ്ലാദം നിറയുന്നതിന്റെ ആകാശക്കാഴ്ച അയാൾ ഒപ്പിയെടുക്കും. ഇമാറാത്തിന്റെ രണ്ടാമത് ബഹിരാകാശ യാത്രികനായ സുൽത്താൻ അൽ നിയാദിയാണിത്. ഒരുപക്ഷേ ചരിത്രത്തിൽ ആദ്യമായൊരാൾ റമദാനിനെ ഭൂമിക്ക് പുറത്തുനിന്ന് ആസ്വദിക്കുന്ന സന്ദർഭം. ഭൂമിയിൽ ചന്ദ്രപ്പിറ തെളിയും മുമ്പ് തന്നെ 'ഹിലാൽ' കാണാൻ നിയാദിക്ക് ഭാഗ്യമുണ്ടാകും.

ഭൂമിയിൽനിന്ന് 400 കി.മീ. അകലെ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലാണ് അദ്ദേഹം ഇപ്പോഴുള്ളത്. ദീർഘകാല ബഹിരാകാശ പര്യവേക്ഷണത്തിന് പുറപ്പെട്ട ആദ്യ അറബ് പൗരൻ എന്ന റെക്കോഡ് സ്വന്തം പേരിൽ ചേർത്തുകഴിഞ്ഞു ഈ 42കാരൻ. യാത്ര പുറപ്പെടും മുമ്പ് തന്നെ ആകാശലോകത്തെ റമദാനിനെ കുറിച്ച് ഓർത്തുവെച്ചിട്ടുണ്ട്. ചിട്ടയായ ഭക്ഷണക്രമവും ജീവിതരീതിയും പിന്തുടരേണ്ട ബഹിരാകാശ നിലയത്തിൽ നോമ്പെടുക്കുക എന്നത് പ്രയാസകരമാണ്. എന്നാൽ, നോമ്പെടുക്കണമെന്ന ആഗ്രഹമുണ്ടെന്ന് അൽ നിയാദി പറഞ്ഞുകഴിഞ്ഞു. എന്നുമാത്രമല്ല അതിനായി സവിശേഷ വിഭവമായ ഈത്തപ്പഴത്തിന്റെ ശേഖരം കൈയിൽ കരുതിയിട്ടുണ്ട്. ഒരുദിവസം 16 തവണ സൂര്യോദയവും സൂര്യാസ്തമയവും സംഭവിക്കുന്നുണ്ട് ബഹിരാകാശ നിലയത്തിൽ. ഏതു സമയമനുസരിച്ച് നോമ്പെടുക്കും? നാട്ടിലെ സമയക്രമമനുസരിച്ച് നോമ്പെടുക്കാനാണ് അദ്ദേഹത്തിന്റെ തീരുമാനം. അങ്ങനെയെങ്കിൽ ഭൂമിക്ക് പുറത്തുനിന്ന് വ്രതമനുഷ്ഠിക്കുന്ന ആദ്യ വ്യക്തിയെന്ന റെക്കോഡും അദ്ദേഹത്തിൽ ചേർക്കപ്പെടും. അതേസമയം, ദൗത്യത്തിന് പ്രയാസം സൃഷ്ടിക്കുമെങ്കിൽ നോമ്പിന്റെ ഇളവ് ഉപയോഗപ്പെടുത്തുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എങ്കിലും സുഹൃത്തുക്കൾക്ക് ഈത്തപ്പഴം പങ്കുവെച്ച് റമദാൻ മധുരം നുണഞ്ഞ് അൽ നിയാദിയും വിശുദ്ധദിനങ്ങളെ മനസ്സിൽ ചേർക്കും.

ഉമ്മു ഗഫ എന്ന അൽഐൻ ഗ്രാമത്തിലാണ് അൽ നിയാദിയുടെ ജനനവും കുട്ടിക്കാലവും കടന്നുപോയത്. 1978ൽ യു.എ.ഇ രാഷ്ട്രപിതാവ് ശൈഖ് സായിദ് ബിൻ സുൽത്താൻ ആൽ നഹ്യാൻ ഗ്രാമം സന്ദർശിക്കുകയും ജനങ്ങളുമായി സംവദിക്കുകയും ചെയ്തതോടെയാണ് ഇവിടം ശ്രദ്ധിക്കപ്പെടാൻ തുടങ്ങിയത്. കൃഷിനിലങ്ങളും ഈന്തപ്പന തോട്ടങ്ങളും നിറഞ്ഞ പ്രശാന്തമായ പ്രദേശത്ത് ശൈഖ് സായിദ് സന്ദർശനവേളയിൽ വിശ്രമിച്ച, അക്കേഷ്യ മരത്തണൽ വിരിച്ച സ്ഥലം ഇന്നും ഗ്രാമം സൂക്ഷി



സുൽത്താൻ അൽ നിയാദി സഹപ്രവർത്തകരോടൊപ്പം



**ഒരുദിവസം 16 തവണ സൂര്യോദയവും സൂര്യാസ്തമയവും സംഭവിക്കുന്നുണ്ട് ബഹിരാകാശ നിലയത്തിൽ. ഏതു സമയമനുസരിച്ച് നോമ്പെടുക്കും? നാട്ടിലെ സമയക്രമമനുസരിച്ച് നോമ്പെടുക്കാനാണ് അദ്ദേഹത്തിന്റെ തീരുമാനം**

ച്ചുവെച്ചിട്ടുണ്ട്. രാഷ്ട്രപിതാവിന്റെ ഈ സന്ദർശനം കഴിഞ്ഞ് മൂന്നാം വർഷത്തിലാണ് അൽ നിയാദി ജനിക്കുന്നത്. ഉൾഗ്രാമത്തിലെ അറേബ്യൻ നന്മകളും ജീവിതമൂല്യങ്ങളും സ്വാംശീകരിച്ചാണ് വളർന്നത്. പിതാമഹന്റെ വീട്ടിലായിരുന്നു കുട്ടിക്കാലം.

ഉമ്മു ഗഫ പ്രൈമറി ബോയ്സ് സ്കൂളിലും സെക്കൻഡറി സ്കൂളിലുമായാണ് പഠനം പൂർത്തിയാക്കുന്നത്. അക്കാലത്താണ് റമദാനിന്റെ മാധുര്യം ആസ്വദിച്ചുതുടങ്ങിയത്. പിതാവ് സൈന്യത്തിലായിരുന്നു. അതിനാൽ തന്നെ സൈനികനാവുകയായിരുന്നു അഭിലാഷം. ഹൈസ്കൂൾ പഠനത്തിനുശേഷം സൈന്യത്തിൽ ചേരാൻ പുറപ്പെട്ടത് അതിനാലാണ്. എന്നാൽ, നിയോഗം അവിടംകൊണ്ട് അവസാനിക്കുന്നതായിരുന്നില്ല. പഠനം തുടരാൻ അവസരമൊരുങ്ങി. ബ്രിട്ടനിലായിരുന്നു ബിരുദപഠനം. ബ്രൈറ്റൺ സർവകലാശാലയിൽ ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻസ് എൻജിനീയറിങ്ങിൽ ബി.എസ്സി(ഓണേഴ്സ്) ഡിഗ്രി പൂർത്തിയാക്കി. പിന്നീട് 2008ൽ ആസ്ട്രേലിയയിൽ പോയി ഗ്രിഫിത്ത് യൂനിവേഴ്സിറ്റിയിൽനിന്ന് ഇൻഫർമേഷൻ ആൻഡ് നെറ്റ്വർക്ക് സെക്യൂരിറ്റിയിൽ ബിരുദാനന്തര ബിരുദം നേടി. സാങ്കേതിക വിജ്ഞാനത്തിലെ താൽപര്യം കാരണം ഡേറ്റ ചോർച്ച തടയൽ സാങ്കേതികവിദ്യയിൽ പിഎച്ച്.ഡി പൂർത്തിയാക്കിയശേഷമാണ് പഠനം അവസാനിപ്പിച്ചത്. ഇമാറാത്തിൽനിന്ന് അകലെയായിരുന്ന പഠനകാലത്തും നോമ്പ് മറന്നിട്ടില്ല. അതിനാലാണ് ചരിത്രയാത്രക്കുമുമ്പ് പത്രപ്രവർത്തകർ ബഹിരാകാശത്തെ നോമ്പിനെ കുറിച്ച് ചോദിച്ചപ്പോൾ ഓർമയിലുണ്ടെന്ന് തുറന്നുപറഞ്ഞത്.

റമദാനും ഈദുൽ ഫിത്റുമെല്ലാം പങ്കുവെക്കലിന്റെ അവസരങ്ങളാണല്ലോ. അവിടെവെച്ച് പങ്കുവെക്കാൻ എന്തുണ്ട് എന്നതിന്റെ ഉത്തരമായി അൽ നിയാദി പറയുന്നത് ഈത്തപ്പഴവും ഇമാറാത്തി ഭക്ഷണവിഭവങ്ങളുമെന്നാണ്. ഫ്ലോറിഡ കെന്നഡി സ്പേസ് സെന്ററിൽനിന്ന് കൂടെ പുറപ്പെട്ട മൂന്നു ബഹിരാകാശയാത്രികരാണ് അൽ നിയാദിക്കൊപ്പമുള്ളത്. നാസയുടെ മിഷൻ കമാൻഡർ സ്റ്റീഫൻ ബോവൻ, പൈലറ്റ് വാറൻ ഹോബർഗ്, റഷ്യൻ കോസ്മോനോട്ട് ആൻഡ്രേ ഫെഡ് യാവേവ് എന്നിവരാണവർ. ജന്മദിനം അടക്കമുള്ള സവിശേഷ സന്ദർഭങ്ങളിൽ നിലയത്തിൽ ആഘോഷങ്ങൾ നടക്കാറുണ്ട്. ഇത്തവണ പെരുന്നാൾ ദിനത്തിലും ഒരു കുഞ്ഞ് ആഘോഷം ബഹിരാകാശ നിലയത്തിൽ ഒരുങ്ങും.

തക്ബീർ ധ്വനികൾ മന്ത്രിക്കുന്ന സഹപ്രവർത്തകന് ആശംസകളുമായി അവർ ഒത്തുചേരും. ബഹിരാകാശ നിലയം അതിന്റെ കറക്കത്തിൽ യു.എ.ഇക്ക് മുകളിലെത്തുമ്പോൾ കണ്ണിടറാതെ അൽ നിയാദി ഭൂമിയിലേക്ക് നോക്കും. ഉമ്മുഗഫയിൽ പുതുവസ്ത്രമണിഞ്ഞ് മുതിർന്നവരും കുട്ടികളും ഉല്ലസിക്കുന്നത് മനസ്സിൽ നിറയും. കേൾക്കാത്ത ദൂരത്തെങ്കിലും പെരുന്നാൾ പാട്ടുകൾ കാതുകളിൽ ആനന്ദം നിറക്കും.

# നിറം പകർന്നാടും പൈതൃകവഴികൾ

**എസ്. മൊയ്തു**

കടലോരത്തിൽ നിന്നും അരക്കിലോമീറ്റർ മാത്രം അകലെ പഴയ മുസ്‌ലിം പ്രതാപത്തിന്റെ മഹിമ വിളിച്ചോതുന്ന തറവാട്ടു വീടുകൾ പൊതിഞ്ഞിരിക്കുന്ന മിശ്കാൽ പള്ളി കാണാൻ ഇന്നും ഏറെ മനോഹരമാണ്. അതിന്റെ ശിൽപ ചാതുരിയും സൗന്ദര്യവും ഏതൊരാളും അൽപസമയം നോക്കിനിന്നുപോവും. പഴയ മുസ്‌ലിം പൈതൃകങ്ങളിൽ ജ്വലിച്ചുനിൽക്കുന്ന തറവാടുകളുടെ ഇടയിലാണ് കോഴിക്കോടിന്റെ ഖാദിയുടെ ആസ്ഥാനം കൂടിയായ 700 വർഷത്തിലധികം പഴക്കമുള്ള, അറബി വ്യാപാരിയായിരുന്ന മിശ്കാൽ നഹൂദ (ഇദ്ദേഹത്തിന്റെ പേരിലാണ് പിന്നീട് പള്ളി അറിയപ്പെട്ടത്) പണിത മിശ്കാൽ പള്ളിയും ആയിരത്തിലധികം വർഷം പഴക്കമുള്ള ജുമുഅത്ത് പള്ളിയും പിന്നെ മറ്റൊരു പള്ളിയും സ്ഥിതിചെയ്യുന്നത്. നോമ്പുകാലത്തിന്റെ നിരവധി ഓർമകളും ചരിത്രങ്ങളും മിശ്കാൽ പള്ളിക്ക് പറയാനുണ്ട്.

മരുമക്കത്തായം പിന്തുടരുന്ന കുറ്റിച്ചിറയിലെ തറവാട് വീടുകളിൽ നിരവധി കുടുംബങ്ങളാണ് ഒന്നിച്ച് കഴിയുന്നത്. വലിയ തറവാടുകൾക്കകത്ത് കുടുംബങ്ങളുടെ എണ്ണമനുസരിച്ച് അടുക്കളയുമുണ്ടാകും. ചില തറവാടുകളിലാകട്ടെ നോമ്പായാൽ ഒരൊറ്റ അടുക്കളയിൽ പാചകം ചെയ്യുന്ന രീതിയിലേക്ക് മാറും. അറക്കൽ, മാണിശ്ശേരി, കറുത്തേടത്ത്, സുൽത്താൻ മാളിക, മുതിരപ്പറമ്പ് തുടങ്ങി നിരവധി തറവാടുകൾ കുറ്റിച്ചിറയിലുണ്ട്.

മാസപ്പിറവി തീരുമാനിക്കാൻ പണ്ഡിതൻമാരുടെ സമ്മേളന വേദി മിശ്കാൽ പള്ളിയായിരുന്നു. ദൂരെ ദിക്കുകളിൽ പിറ കണ്ടാൽ സാക്ഷികളെയടക്കം ഇവിടെ എത്തിച്ചാണ് നോമ്പും പെരുന്നാളും ഉറപ്പിച്ചിരുന്നത്. തമ്പാർ (ഒരു തരം ചെണ്ട)അടിച്ചാണ് മാസപ്പിറ ഉറപ്പിച്ചത് ജനങ്ങളെ അറിയിക്കുക. തമ്പാറിന്റെ ശബ്ദം കേൾക്കുന്നവർ അടുത്തടുത്ത പ്രദേശങ്ങളിലെല്ലാം സഞ്ചരിച്ച് മാസപ്പിറവി കണ്ട വിവരം കൈമാറും. ഓരോ പ്രദേശത്തേക്കും ആളുകൾ പോവുകയോ പ്രദേശത്തിന്റെ പ്രതിനിധികൾ വന്ന് വിവരം കൈമാറിയോ ആണ് മാസപ്പിറവി അറിയിച്ചുരുന്നത്.

## പിന്തുടർച്ചയായി ഖാദിമാർ

1343ൽ തുടങ്ങിയ ഖാദി പരമ്പരയാണ് കഴി



കോഴിക്കോട് കുറ്റിച്ചിറ മിശ്കാൽ പള്ളി


Clikon
MICROWAVE OVEN
WITH GRILL FUNCTION
RETRO
SERIES
clikon.bahrain


HOMEWAY
PREPARE
Delicious
FOOD EASILY!
THE BEST
COOKWARE SET!
www.homewaycookwares.com

ഞ്ഞ ജനുവരി ഏഴിന് മരണപ്പെട്ട കെ.വി. ഇമ്പിച്ചയമ്മദ് എന്നവരിൽ എത്തിനിൽക്കുന്നത്. മക്കയിൽനിന്ന് മലബാറിലേക്ക് വന്ന മുഹമ്മദ് ബിൻ മാലിക്കിന്റെ പിന്തുടർച്ചക്കാരനായി അറിയപ്പെടുന്ന ശൈഖ് മുഹമ്മദ് ളിയാഉദ്ദീൻ ആണ് ഖാദി പരമ്പരയിലെ ആദ്യകണ്ണിയെന്നാണ് രേഖകളിൽനിന്ന് വ്യക്തമാവുന്നത്. ഇദ്ദേഹത്തിന്റെ കുടുംബത്തിൽ നിന്നാണ് ഖാദി പരമ്പര. ഇമ്പിച്ചിയമ്മതാവട്ടെ പരമ്പരയിലെ 22ാ മത്തെ ഖാദിയും. ഇദ്ദേഹത്തിന്റെ മരണശേഷം പുതിയ ഖാദിയെ ഇതുവരെയും തീരുമാനിക്കാത്തതുകൊണ്ടുതന്നെ താൽക്കാലിക ചുമതലയുള്ള ഖാദിയാണ് നിലവിലുള്ളത്.

## കുറ്റിച്ചിറയിലെ ഒരുക്കങ്ങൾ

റമദാൻ തുടങ്ങുന്നതിനു മുമ്പുതന്നെ കുറ്റിച്ചിറ വിശുദ്ധ മാസത്തെ വരവേൽക്കാനുള്ള ഒരുക്കങ്ങൾ തുടങ്ങും. പള്ളികളും വീടുകളും പൗരാണിക പ്രതാപങ്ങൾക്ക് മങ്ങലേൽക്കാതെ മോടികൂട്ടാനും റമദാൻ വിഭവങ്ങൾക്കാവശ്യമായ സാധനങ്ങളുടെ ശേഖരണവുമെല്ലാം നേരത്തേ തുടങ്ങും. റമദാൻ ആഗതമായാൽ പിന്നെ മിശ്കാൽ പള്ളി രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ പ്രാർഥന മുഖരിതമാകും. സമീപത്തുള്ള കുറ്റിച്ചിറയുടെ പടവുകളിലിരുന്ന് ദിക്റുകളും കൊച്ചു വർത്തമാനങ്ങളുമായി നോമ്പുതുറ സമയം വരെ പകലിനെ സമൃദ്ധമാക്കും. അവസാന പത്തുകളിൽ ധാരാളം പേർ ഇഅ്തികാഫിനായി പള്ളിയിലെത്തും. ഖുർആൻ പാരായണവും മറ്റ് ആരാധനകളുമായി വിശ്വാസികൾ രാവിനെ പകലുകളാക്കി നോമ്പിന്റെ ആത്മീയതയിൽ ലയിക്കും. ക്ഷീണം മാറ്റാനും ഉറക്കം വരാതിരിക്കാനും കാവയും തരിക്കഞ്ഞിയുമൊക്കെ ഓരോ വീട്ടിൽനിന്നും പള്ളിയിലേക്കെത്തിക്കും.

## രുചിയേറും വിഭവങ്ങൾ

മിശ്കാൽ പള്ളിയുടെ ഒരുഭാഗത്ത് വലിയൊരു പാത്രമുണ്ടാകും. വീട്ടിലുണ്ടാക്കിയ പലഹാരങ്ങളുമായിട്ടാണ് നോമ്പ് തുറക്കാൻ പരിസരത്തുകാർ പള്ളിയിലെത്തുക. എല്ലാവരും എന്തെങ്കിലും വിഭവങ്ങൾ വീടുകളിൽ നിന്ന് കൊണ്ടുവെക്കും. സമൂസ, പഴംനിറച്ചത്, കണ്ണച്ചത്തിരി, ഉന്നക്കായ എല്ലാമുണ്ടാകും. സമയമാകുമ്പോഴേക്കും എല്ലാ വിഭവങ്ങളും ഒന്നിച്ച് നിരത്തിവെക്കും. എല്ലാവരും വട്ടമിട്ടിരുന്ന് നോമ്പ് തുറന്ന് നമസ്കാരശേഷം വീടുകളിലേക്ക് മടങ്ങും. ഭക്ഷണമില്ലാത്തതുകൊണ്ട് നോമ്പു തുറക്കാൻ പ്രയാസപ്പെടേണ്ടിവരില്ല ഇവിടെ. കാലങ്ങളായി മിശ്കാൽ പള്ളിയിൽ തുടരുന്ന പതിവാണിത്. അടുത്ത കാലംവരെ കുറ്റിച്ചിറയിലെ നോമ്പുകാല രാത്രികൾ ഭക്ഷ്യമേളകൾക്കു കൂടിയുള്ളതായിരുന്നു. മറ്റു ജില്ലകളിൽനിന്നുപോലും കുറ്റിച്ചിറയുടെ സ്വാദ് തേടി ആളുകൾ റമദാൻ കാലത്തെത്തുമായിരുന്നു.



## നടുക്കുന്ന റമദാൻ ഓർമ

രുചിയും മധുരവും ഭക്തസാന്ദ്രവുമായ നോമ്പിന്റെ ഓർമകളോടൊപ്പം അധിനിവേശത്തിന്റെ ക്രൂരതക്കിരയായ ദുരന്തകഥയും മിശ്കാൽ പള്ളിക്ക് മായാത്ത ഓർമയാണ്. 1510 ജനുവരി മൂന്നിന് അഥവാ റമദാൻ 22ന് വാസ്കോഡ ഗാമയുടെ പിൻഗാമിയായെത്തിയ അൽബുക്കർക്കിൻെറ നേതൃത്വത്തിലുള്ള പോർച്ചുഗീസുകാർ പള്ളി ആക്രമിച്ചു . കല്ലായിപ്പുഴയിലൂടെ വന്ന പോർചുഗീസ് അക്രമികൾ ചരിത്രത്തിൽ തലയുയർത്തിനിന്ന പള്ളിക്കുനേരെ ആക്രമണം അഴിച്ചുവിടുകയായിരുന്നു. പള്ളിക്ക് തീവെക്കുകയായിരുന്നുവെന്നാണ് ചരിത്രം രേഖപ്പെടുത്തിയത്. മുസ്‍ലിംകളെ തുരത്തുകയായിരുന്നു ലക്ഷ്യം. നാലു തട്ടുകളിലായി മരം കൊണ്ട് നിർമിച്ച പള്ളിക്ക് നാശനഷ്ടങ്ങളുണ്ടായി. പള്ളിയുടെ രണ്ടും മൂന്നും നിലകൾ കത്തി നശിക്കുകയും 'മിഹ്റാബ്' തകർക്കപ്പെടുകയും ചെയ്തു. സാമൂതിരിയുടെ നായർ പടയാളികളും മുസ്‍ലിംകളും ചേർന്നാണ് പോർചുഗീസ് പട്ടാളത്തിന്റെ ആക്രമണം ചെറുത്തത്. പോർചുഗീസ് ആക്രമണത്തിന്റെ മുറിപ്പാടുകൾക്ക് ഇപ്പോഴും പള്ളിയുടെ മുകൾത്തട്ടിലുള്ള പാതി കത്തിയ മരങ്ങൾ സാക്ഷിയാണ്.

## തമ്പാർ ഇപ്പോഴും മുഴങ്ങുന്നുണ്ട്

റമദാൻ മാസപ്പിറ കണ്ടാൽ തമ്പാർ മുഴക്കുന്നത് ഇപ്പോഴും മിശ്കാൽ പള്ളിയിൽ അവസാനിപ്പിച്ചിട്ടില്ല. പെരുന്നാൾ നമസ്കാരം കഴിഞ്ഞാലും തമ്പാർ മുഴങ്ങും.

മിശ്കാൽ പള്ളിയുടെ പഴമ ഇപ്പോഴും നിലനിർത്തുന്നതുകൊണ്ടുതന്നെ വിദേശത്തുനിന്നടക്കം നിരവധി സഞ്ചാരികളും ഗവേഷകരും ഇവിടേക്ക് ഒഴുകുന്നു. വുളു എടുക്കുന്ന ഹൗള് മുതൽ എല്ലാറ്റിലും പഴമയുടെ പ്രൗഢിയുണ്ട്. നോമ്പുകാലത്തും മറ്റു വിശേഷ സമയങ്ങളിലും നിരവധി അറബികൾ കുറ്റിച്ചിറയിലെ ചില കുടുംബങ്ങളിൽ വരാറുണ്ട്. പ്രത്യേകിച്ചും ബറാമി കുടുംബങ്ങളിലെ സുഹൃത്തുക്കളുടെ വീടുകളിലേക്ക്.

ഇങ്ങനെ വരുന്നവർ മിശ്കാൽ പള്ളിയിലെത്തി പണം നൽകാറുണ്ട് ഇപ്പോഴും. പള്ളിയുടെ പരിപാലനത്തിന് ഇത് വലിയൊരു നീക്കിയിരിപ്പാണ്. കോഴിക്കോടിന്റെ ചന്തവും ചമയവും മിശ്കാൽ പള്ളിയോട് ചേർന്ന കുളത്തിന് ചുറ്റും കാണാനുണ്ട്.


RAMADAN KAREEM
നിങ്ങളുടെ നിമിഷങ്ങളിൽ
സന്തോഷം പകരൂ
#റെയിൻബോരുചിക്കൂട്ടുകൾ
റമദാൻ രുചിക്കൂട്ടുകൾക്കുവേണ്ടി
QR കോഡ് സ്കാൻ ചെയ്യുക
RAINBOW
Sweetened Condensed Milk
RAINBOW
Quality Milk
Original

പൈതൃകനോമ്പ്

# ചരിത്രവഴികളിലൂടെ കടൽക്കാറ്റിനൊപ്പം

● ടി.എം. അഷ്റഫ്

ഇന്ത്യയിലെ ആദ്യത്തെ മുസ്‌ലിം പ്രാർഥനാലയം എ.ഡി. 629ലാണ് സ്ഥാപിതമായത്. ഇസ്‌ലാമിക സന്ദേശവുമായി പ്രവാചകൻ മുഹമ്മദ് നബിയുടെ അനുയായി മാലിക് ബ്നു ദീനാറും കൂട്ടരും കൊടുങ്ങല്ലൂരിന്റെ ഭൂമികയിൽ എത്തിയതോടെയാണ് മസ്ജിദിന് പശ്ചാത്തലമൊരുങ്ങിയത്. മുസിരിസിന്റെ ചരിത്രവഴികളിലൂടെ കടൽ കാറ്റിന്റെ ഗതിക്കനുസൃതമായി പായക്കപ്പലിലായിരുന്നു ഇസ്‌ലാമിക സംഘം കൊടുങ്ങല്ലൂർ തീരമണഞ്ഞത്. അന്ന് തിരുവഞ്ചിക്കുളം ആസ്ഥാനമായി നാടുവാണിരുന്ന ചേരമാൻ പെരുമാളും ജനതയും വലിയ സ്വീകാര്യതയും സൗകര്യങ്ങളുമാണ് മാലിക് ബ്നു ദീനാർ സംഘത്തിന് നൽകിയത്. ചേരമാൻ പെരുമാൾ ഉൾപ്പെടെ ഇസ്‌ലാമിക ദർശനത്തിലും മാലിക് ബ്നു ദീനാറിലും കൂട്ടരിലും ആകൃഷ്ടരായതോടെയാണ് ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ആദ്യത്തേതെന്നു കരുതപ്പെടുന്ന ചേരമാൻ ജുമാ മസ്ജിദ് നിർമാണത്തിന് കളമൊരുങ്ങിയത്. മറ്റേത് ശേഷിപ്പുകളെന്ന പോലെ കാലഗണനയുടെ പിന്നാമ്പുറങ്ങളിലേക്ക് മറയപ്പെട്ട ചേരമാൻ ജുമാമസ്ജിദ് സമീപ വേളയിലാണ് അതിന്റെ ചരിത്രപ്രാധാന്യം വീണ്ടെടുക്കാൻ തുടങ്ങിയത്. ക്രമേണ തദ്ദേശീയരും വിദേശീയരുമായ വി.വി.ഐ.പികളെയും, വി.ഐ.പികളെയും വിശ്വാസികളെയും ചരിത്രകുതുകികളെയും സഞ്ചാരികളെയും ആകർഷിച്ച് വരുന്നതും. പ്രധാനമന്ത്രി നരേന്ദ്രമോദി സൗദി അറേബ്യ സന്ദർശിച്ചപ്പോൾ അവിടത്തെ രാജാവിന് സമ്മാനിച്ചത് ചേരമാൻ ജുമാ മസ്ജിദിന്റെ മാതൃകയായിരുന്നു.

ചേരമാൻ ജുമാമസ്ജിദിൽ ഉൾചേർന്ന മതസാഹോദര്യത്തിന്റെ പാരമ്പര്യവും മുസിരിസിന്റെ ഭൂമികയിൽ നിന്ന് പ്രസരിച്ച ബഹുസ്വരതയും പ്രതിബദ്ധതയോടെ കാത്തുസൂക്ഷിച്ചുകൊണ്ടാണ് മഹല്ല് ഭരണസമിതി മുന്നോട്ടുപോകുന്നത്. അന്തരിച്ച രാഷ്ട്രപതി എ.പി.ജെ. അബ്ദുൽ കലാം മസ്ജിദ് സന്ദർശിച്ചപ്പോൾ മുഖ്യാതിഥികളുടെ നിരയിൽ അന്നത്തെ കൊടുങ്ങല്ലൂർ വലിയ തമ്പുരാന്റെ സാന്നിധ്യം മസ്ജിദ് അധികൃതർ പ്രത്യേകം ഉറപ്പാക്കിയിരുന്നു. ആഘോഷവേളകളിൽ കോട്ടപ്പുറം ബിഷപ് ഹൗസിൽ കടന്നുചെന്നും തിരിച്ചും അവർ മസ്ജിദ് അങ്കണത്തിലെത്തിയും സാഹോദര്യം പുതുക്കാറുണ്ട്. പൊതുസമൂഹവുമായുള്ള ചേരമാൻ ജുമാമസ്ജിദിന്റെ ബന്ധം ഊഷ്മളതയോടെ കാത്തുസുക്ഷിക്കുന്നതിൽ ബദ്ധശ്രദ്ധരാണ് മഹല്ല് അധികൃതർ. ഇതിനിടയിലെ പ്രസനശോഭയാർന്ന മുഖമായിരുന്നു ഈയിടെ അപകടത്തിൽ മരിച്ച ചേരമാൻ ജുമാ മസ്ജിദ് അഡ്മിനിസ്ട്രേറ്റർ ഇ.ബി. ഫൈസൽ. നോമ്പുതുറ വേളകൾക്കിടയിലെ ഇഫ്താർ സംഗമമാകട്ടെ കൊടുങ്ങല്ലൂരും ചേരമാൻ ജുമാ മസ്ജിദും തമ്മിലുള്ള പാരസ്പര്യത്തിന്റെ നിറവാർന്ന അനുഭവങ്ങളാണ് പങ്കുവെച്ചിരുന്നത്.

കോവിഡിനു മുമ്പുവരെ ദേശീയപാത വഴി വരുന്ന യാത്രക്കാരെ കൂടി പരിഗണിച്ച് സാമാന്യം നല്ല രീതിയിലുള്ള നോമ്പു തുറയാണ് ഒരുക്കാറ്. മസ്ജിദ് ചരിത്ര പ്രാധാന്യവും പ്രശസ്തിയും വീണ്ടെടുക്കാൻ തുടങ്ങിയതോടെയാണ് നോമ്പുതുറയിലും കാര്യമായ മാറ്റങ്ങൾ വന്നുതുടങ്ങിയത്. കാരക്കയും വെള്ളവും മാത്രമായി നോമ്പു തുറന്നിരുന്ന കാലത്തിന് പുറമെ ഭക്ഷണമൊന്നുമില്ലാതെ വെറും പച്ച വെള്ളം മാത്രമായി നോമ്പ് തുറക്കാറുള്ള ദരിദ്രാവസ്ഥയുടെ കാലഘട്ടവും ചേരമാൻ പള്ളിയിലെ 80 വർഷത്തെ ബാങ്ക് വിളിയിലൂടെ ചരിത്രത്തിന്റെ ഭാഗമായി മാറിയ അന്തരിച്ച സെയ്തു മുഹമ്മദ് മുക്രിയുടെ ഓർമയിലുണ്ടായിരുന്നു.



കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദ്



നോമ്പനുഭവം

# മൂന്നു നാടുകൾ, മൂന്നനുഭവങ്ങൾ

ഡോ. മുഹമ്മദ് സലീം നദ്‌വി വെളിയമ്പ്ര


● **ഡോ. മുഹമ്മദ് സലീം നദ്‌വി വെളിയമ്പ്ര**

(ചീഫ് ഇമാം ചേരമാൻ ജുമാ മസ്ജിദ് കൊടുങ്ങല്ലൂർ)


ആഘോഷവും ആത്മനിർവൃതിയും ഒത്തു ചേർന്നതാണ് സൗദി അറേബ്യയിലെ നോമ്പുകാലം. സജീവമാകുന്ന രാത്രികളിൽ ഹോട്ടലുകളും മാളുകളും തെരുവുകളും തുറന്നുതന്നെ കിടക്കും. ഇഫ്താർ ടെൻറ്റുകൾ ആവശ്യത്തിൽ കൂടുതൽ. കാരക്കയും വെള്ളവും കൂടാതെ ലബനും പാൽക്കട്ടിയും പലതരം ജ്യൂസുകളും ശുർബയും ഉണ്ടാകും. മന്തിയും കബ്‌സയും സുലഭം. സൗദി പൗരന്മാർ കുടുംബത്തോടൊപ്പമാണ് നോമ്പ് തുറക്കുക. തറാവീഹിനു ശേഷം സുഹൃത്തുക്കളെ സ്വീകരിക്കുന്ന മജ്‌ലിസുകളും ഉണ്ടാകും. പുലരുംവരെ അവർ മജ്‌ലിസുകളിൽ വിവിധ വിഷയങ്ങളിൽ ചർച്ചകളുമായി സമയം ചെലവഴിക്കും. കുനാഫ, ലുഖൈമാത് തുടങ്ങിയ പലഹാരങ്ങൾ അവർ ഉപയോഗിക്കും. ഉംറയും സിയാറത്തും ഉദ്ദേശിച്ച് ഹറമുകളിൽ സൗദികൾ കൂടുതൽ എത്തുന്നു. അവിടങ്ങളിൽ വിപുലമായ ഒരുക്കങ്ങളാണ് ഇഫ്താറിന് വേണ്ടി സജ്ജീകരിക്കുക. സഫ്ഫുകൾക്കിടയിൽ നീളത്തിലായി സുപ്ര വിരിച്ച് കാരക്കയും വെള്ളവും ലബനും ജൂസും റൊട്ടിയും നിരത്തും. അസറോടു കൂടി ഒരുക്കങ്ങൾ തുടങ്ങും. സുദീർഘ തറാവീഹും പ്രാർഥനയും ഖിയാമുല്ലൈലും വേറിട്ട ഒരു അനുഭവം തന്നെ.

ഏറ്റവും വിശിഷ്ടമായി റമദാനെ സ്വീകരിക്കുന്ന രാഷ്ട്രമാണ് യു.എ.ഇ. ലോകത്തിന്റ വിവിധ കോണുകളിൽ നിന്നുള്ള പണ്ഡിതരെ അതിഥികളായി കൊണ്ടുവന്ന് ആത്മീയ സദസ്സുകൾ സംഘടിപ്പിക്കുന്നു. ദുബൈ കേന്ദ്രമാക്കി ഖുർആൻ അവാർഡ് പ്രോഗ്രാമും ഉണ്ട്. ഈജിപ്ത് ഗവൺമെന്റ് അതിഥിയായി അവിടം സന്ദർശിച്ചപ്പോൾ മിസ്‌റിലെ റമദാൻ വിശേഷങ്ങൾ ഏറെ കൗതുകമുള്ളതായി തോന്നി. ശഅബാൻ മുപ്പതു പൂർത്തിയാകുകയോ മാസപ്പിറവി സ്ഥിരീകരിക്കുകയോ ചെയ്യുന്നതോടെ ഈജിപ്തിലെ റോഡുകളും തെരുവുകളും ജനനിബിഡമാകും. റമദാൻ പാനൂസുകളുമായി കുട്ടികൾ നിരത്തിലിറങ്ങും. ഷോപ്പുകളിലെല്ലാം പ്രശസ്ത ഈജിപ്ഷ്യൻ ഖാരിഉകളുടെ ഖുർആൻ പാരായണം മുഴങ്ങും. അസർ നമസ്കാരം കഴിഞ്ഞാൽ ജനങ്ങൾ ഫൂൽ അന്വേഷിച്ച് കടകളിലെത്തും. അവരുടെ പ്രധാന ഭക്ഷണം ആണ് ഫൂൽ. ഈത്തപ്പഴം വെള്ളത്തിൽ കുതിർത്തിയെടുത്ത ഖുഷൈഫ് അല്ലെങ്കിൽ ബലഹ എന്ന പാനീയമാണ് നോമ്പ് തുറക്കാൻ, മധുര പലഹാരങ്ങളായ കുനായിഫും കഥായിഫും ഉണ്ടാകും.

കബാബും കുഫ്തയും ഖശാഫും മലൂക്കിയയും ഇഫ്താർ സദ്യകളിലെ സാധാരണ വിഭവങ്ങളാണ്. റമദാൻ എത്തുന്നതിന് ആഴ്ചകൾക്ക് മുമ്പേ അലങ്കാര വെളിച്ചങ്ങൾ സ്ഥാപിതമാവും, തെരുവുകളിൽ തോരണങ്ങൾ കെട്ടും. പള്ളികളിൽ അലങ്കാര വിളക്കുകൾ സ്ഥാപിക്കും. വീടുകളും പരിസരങ്ങളും പ്രത്യേകം ശുചിയാക്കും.

നോമ്പെടുക്കാനും മുറിക്കാനുമുള്ള സമയം അറിയിക്കാൻ പീരങ്കി ശബ്ദവും ഉണ്ട്. സൗജന്യ ഇഫ്താർ ടെൻറ്റുകൾ തെരുവുകളിൽ സജ്ജീകരിക്കപ്പെടും. തറാവീഹ് നമസ്കാരത്തിന് ജനങ്ങൾ പള്ളികളിൽ നിറഞ്ഞൊഴുകും, പള്ളികളിൽ സാന്ദർഭിക ഉൽബോധനങ്ങളും നടക്കും. അത്താഴത്തിന് വിളിച്ചുണർത്താൻ ചെണ്ട കൊട്ടുന്ന രീതിയും ഉണ്ട്.



# ഓർമപ്പെടുത്തലുകളുടെ സുവർണ കാലം

അറക്കൽ കൊട്ടാരം

● ഇ.കെ. സജീർ

ഓരോ റമദാനും അറക്കൽ രാജകുടുംബത്തിന് പഴയകാലത്തേക്കുള്ള ഓർമപ്പെടുത്തലാണ്. രാജചിഹ്നങ്ങളും അകമ്പടിക്കാരും ആയിരക്കണക്കിന് കുടിയിരിപ്പുകാരുമുള്ള പഴയകാല ഓർമപ്പെടുത്തലുകൾ.

കേരളത്തിലെ ഏക മുസ് ലിം രാജവംശമായ അറക്കൽ കുടുംബത്തിന് റമദാൻ പ്രാർഥനാനിരതമായ ദിനങ്ങളിലൂടെയുള്ള യാത്രയാണ്. പോർചുഗീസ്, ഡച്ച്, ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ പോരാടി ലോക ചരിത്രത്തിൽ ഇടംനേടിയ രാജകുടുംബമാണ് അറക്കൽ. മൈസൂർ ഇംഗ്ലീഷ് യുദ്ധങ്ങളുടെ നിർണായക ഘട്ടങ്ങളിൽ രാജ്യഭരണം കൈയാളിയ സുൽത്താൻ ജൂനുമ്മ ബീവിയുടെ പിൻമുറക്കാർ. റമദാനായാൽ രാജകുടുംബം വലിയ സമയവും മാറ്റിവെക്കുക പ്രാർഥനകൾക്കും ധാനധർമങ്ങൾക്കുമായിരുന്നു.

ഭരണകാലത്ത് റമദാൻ മാസം പാട്ടത്തിന് മാത്രം ആറുലക്ഷത്തോളം സേർ നെല്ല് ലഭിക്കുമായിരുന്നു അറക്കൽ കുടുംബത്തിന്. ഇതിൽ ഭൂരിഭാഗവും സകാത്തായും അഗതികൾക്ക് ഭക്ഷണമായും നൽകും. പഴക്കുല, കോഴി, നെയ്യ് തുടങ്ങി കുടിയാന്മാർ കാണിക്കയായി നൽകുന്നവയും സക്കാത്തായി നൽകും. ധർമടം മുതൽ എട്ടിക്കുളം വരെയുള്ള പള്ളിക്കമ്മിറ്റികളുടെ 'മുതവല്ലി' പദവി അലങ്കരിച്ചതും അറക്കൽ രാജകുടുംബമായിരുന്നു. റമദാൻ, പെരുന്നാൾ മാസപ്പിറവികൾ ഔദ്യോഗികമായി പ്രഖ്യാപിച്ചിരുന്നത് അറക്കലിൽ നിന്നായിരുന്നു. മുമ്പ് മാസപ്പിറവി അറിയാൻ കണ്ണൂർ സിറ്റിയിലെയും സമീപ പ്രദേശങ്ങളിലെയും ജനം അറക്കൽ കെട്ടിനുള്ളിൽ തിങ്ങിക്കൂടിയിരുന്നു.

നോമ്പ് കാലത്ത് അത്താഴത്തിന് വിളിച്ചുണർത്താൻ ഉറോബാബമാർ അറക്കലിൽനിന്ന് പുറപ്പെടുമായിരുന്നു. കൂടാതെ ബാങ്ക് വിളിയുടെ സമയമായാൽ അറക്കലിൽനിന്ന് മണിമുഴക്കവും കേൾക്കാമായിരുന്നു. ഇവ രണ്ടും ഇന്നും തുടർന്നുപോകുന്നുണ്ട്.

റമദാനിലെ വിഭവങ്ങളിലെ പ്രധാനിയായിരുന്നു അറക്കൽ കഞ്ഞി. അതൊരു നേർച്ചയായിരുന്നു. നോമ്പിന് വൈകീട്ട് മൂന്നോടെ കഞ്ഞിയുണ്ടാക്കാൻ ആരംഭിക്കും. അറക്കലിൽനിന്ന് വിതരണം ചെയ്തിരുന്ന നെയ്പ്പത്തലും അതി വിശേഷമായിരുന്നു. പാലുറപ്പിച്ചത് അറക്കലിലെ മറ്റൊരു പ്രധാന വിഭവമായിരുന്നു.

കോഴിയട, സമൂസ, പരിപ്പുവട, തരിക്കഞ്ഞി തുടങ്ങിയ വിഭവങ്ങൾ ചെറിയ നോമ്പുതുറക്കുണ്ടാകും. വലിയ നോമ്പുതുറക്ക് വിവിധ പത്തിരിയും ഇറച്ചിക്കറിയുമാണ് പ്രധാനം. നെയ്പ്പത്തൽ, പത്തിരി, കക്കറോട്ടി, ഒറോട്ടി തുടങ്ങി പത്തിരിയുടെ പല വകഭേദങ്ങളും. പോത്തിറച്ചി, ആട്ടിറച്ചി, കോഴിയിറച്ചി ഒക്കെയുണ്ടാകും. എല്ലാവരും നിലത്തിരുന്ന് ഒരു പാത്രത്തിൽനിന്ന് പങ്കിട്ടുകഴിക്കുന്നതാണ് രീതി. ദിവസവും നാൽപത് പേർ നോമ്പുതുറക്ക് കുടുംബത്തിലുണ്ടാകുമായിരുന്നു. നോമ്പുതുറയിലെ മറ്റൊരു വിഭവമാണ് തരിബിരിയാണി.

രാജവാഴ്ച അവസാനിച്ച് കുടുംബങ്ങൾ വിവിധയിടങ്ങളിലേക്ക് താമസം മാറിയെങ്കിലും ഇന്നും നോമ്പുകാലത്ത് ആ പഴയ വിഭവങ്ങൾ തയാറാക്കും. നിലവിൽ അറക്കൽ രാജകുടുംബത്തിൻെറ സുൽത്താൻ ആദിരാജ ഹാമിദ് ഹുസൈൻ കോയമ്മയാണ്. കൂടാതെ റമദാൻ 28ന് അറക്കൽ രാജകുടുംബത്തിന്റെ നോമ്പുതുറ സൽക്കാരവും കുടുംബസംഗമവും സുൽത്താൻ ആദിരാജയുടെ വീട്ടിൽ നടക്കും.


BFC
Ramadan Mubarak
رمضان مبارك
/BFCBahrain
/bfc.bh
: 17228888 | www.bfc.com.bh

# മരുഭൂമിയിലെ ക്ലീറ്റസിൻെറ ഇഫ്താർ കൂടാരം

**കേരള വിഭവങ്ങൾ കൂടുതലുള്ള സ്വാദിഷ്ഠമായ ചെറിയ തുറയും നമസ്കാരവും വലിയ തുറയും കഴിഞ്ഞിറങ്ങാൻ നേരമാണ് ക്ലീറ്റസിനെ തിരക്കൊഴിഞ്ഞു കിട്ടിയത്**

**എം.പി. ഷഹദാൻ**

വേനലവധിക്ക് കുടുംബം നാട്ടിൽ പോയി റിയാദിൽ ഞാൻ തനിച്ചായ നോമ്പുകാലം. മാധ്യമപ്രവർത്തകനായ സുഹൃത്തിൻെറ കൂടെയാണ് തിരുവനന്തപുരം സ്വദേശിയായ ക്ലീറ്റസിൻെറ ക്ഷണം സ്വീകരിച്ച് ഇഫ്താറിന് പോയത്. ഇരുപത്തഞ്ചു വർഷത്തോളമായി റിയാദിലെ ഒരുൾപ്രദേശത്ത് സെക്യൂരിറ്റിയായി ജോലിചെയ്യുകയാണ് ക്ലീറ്റസ്. ഞങ്ങളെ ക്ഷണിച്ചിരുത്തിയത് കീറിയ ടാർപോളിൻ ഷീറ്റുകൾ, ഈന്തപ്പനയോലകൾ എന്നിവ ഉപയോഗിച്ച് കെട്ടിയുണ്ടാക്കിയ ടെൻറിലാണ്. നിലവും പരിസരവും പരമാവധി വൃത്തിയായി സൂക്ഷിച്ചിട്ടുണ്ട്. ഞങ്ങളെ കൂടാതെ മലയാളികളടക്കം പല ദേശക്കാരായ അമ്പതോളം ആളുകൾ ടെന്റിനുള്ളിൽ നോമ്പ് തുറക്കാൻ മഗ്‌രിബ് ബാങ്കിനായി കാത്തിരിക്കുന്നു. ഇരിക്കുന്നവരുടെ മുന്നിൽ കാരക്കയും തരിക്കഞ്ഞിയും നാരങ്ങവെള്ളവും സമൂസയുമടങ്ങുന്ന കേരള ഇഫ്താർ വിഭവങ്ങൾ നിരത്തുന്ന തിരക്കിലാണ് ക്ലീറ്റസും സുഹൃത്തുക്കളും. ഇത്രയും ആളുകൾ വന്നതിൻെറ യാതൊരു സങ്കോചവും ആരുടെ മുഖത്തും കാണാനുണ്ടായിരുന്നില്ല. നോമ്പ് തുറക്കുള്ള വിഭവങ്ങൾ വിളമ്പുന്ന തിരക്കിനിടയിലും വന്നുകൊണ്ടിരുന്നവരെ സ്വീകരിച്ചിരുത്താൻ ക്ലീറ്റസ് ശ്രദ്ധിക്കുന്നുണ്ട്. കേരള വിഭവങ്ങൾ കൂടുതലുള്ള സ്വാദിഷ്ഠമായ ചെറിയ തുറയും നമസ്കാരവും വലിയ തുറയും കഴിഞ്ഞിറങ്ങാൻ നേരമാണ് ക്ലീറ്റസിനെ തിരക്കൊഴിഞ്ഞു കിട്ടിയത്.

വർഷങ്ങൾ ഏറെയായി ക്ലീറ്റസ് ഈ നോമ്പുതുറ മുടങ്ങാതെ സംഘടിപ്പിക്കാൻ തുടങ്ങിയിട്ട്. അടുത്തുള്ള സാധാരണക്കാരായ സുഹൃത്തുക്കൾക്ക് ഇഫ്താറിന് ഭക്ഷണം കിട്ടാൻ ദൂരെയുള്ള കടകളെ ആശ്രയിക്കേണ്ട സാഹചര്യത്തിലാണ് ക്ലീറ്റസ് ഭക്ഷണം തന്റെ താമസസ്ഥലത്ത് പാകംചെയ്തു തുടങ്ങിയത്. മാസം മുഴുവൻ നീണ്ടുനിൽക്കുന്ന ഇഫ്താർ, സ്പോൺസറായ സൗദിയുടെ സഹായവും കൂടിയായപ്പോൾ മുടക്കംവരാതെ നടത്താനായെന്ന് ക്ലീറ്റസ് പറയുന്നു. സൗദിയിൽ പൊതുവെ ഭക്ഷണത്തിനു ബുദ്ധിമുട്ടേണ്ടി വരാറില്ലെങ്കിലും ക്ലീറ്റസും സുഹൃത്തുക്കളും താമസിക്കുന്നത് ഉൾപ്രദേശമായതുകൊണ്ടുതന്നെ നല്ല റസ്റ്റാറൻറുകളോ ഇഫ്താറൊരുക്കുന്ന പള്ളികളോ ഇല്ല. ക്രിസ്മസിന് മുമ്പു





رمضان كريم
Ramadan Kareem
MRF TYRES
WORLD-CLASS RANGE OF CAR AND SUV TYRES
MRF WANDERER A/T
MRF WANDERER Sport
MRF ZTX
MRF ZVTV
MRF ZV2K
MRF ZVTS
MRF
FOR OFF-THE-ROAD APPLICATIONS
MRF
TRUCK AND BUS RADIAL TYRES
Continental Salmabad - 32300357
TC Arad – 32300358
TC Salmabad – 32300103
TC Sitra – 66396222
TC Budaiya – 32234525
TC Sehla – 32234524
YK
since 1940
Y. K. ALMOAYYED & SONS
شركة يوسف خليل المؤيد وأولاده

ള്ള നോമ്പുകൾ മുടങ്ങാതെയെടുക്കുന്ന ക്ലീറ്റസ് കൂടെയുള്ളവരോടൊപ്പം റമദാനിലും നോമ്പെടുക്കുക പതിവാണ്. ഇഫ്താറിനാവശ്യമായ മിക്കവാറും വിഭവങ്ങളും ഉണ്ടാക്കുന്നതും ക്ലീറ്റസും കൂട്ടുകാരും തന്നെയാണ്. എട്ടും പൊട്ടും തിരിയാത്ത യൗവനത്തിളപ്പിൽ പ്രവാസലോകത്ത് ഭാഗ്യമന്വേഷിച്ചിറങ്ങിയ ആയിരക്കണക്കിന് മലയാളികളുടെ പ്രതിനിധിയാണ് താനെന്നും എന്നാൽ വർഷങ്ങൾക്കിപ്പുറം തിരിഞ്ഞുനോക്കുമ്പോൾ കുടുംബത്തിന് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങളൊരുക്കാനും മക്കളെ നല്ല നിലയിൽ പഠിപ്പിക്കാനും സാധിച്ചതിനു നന്ദി പറയുന്നതായിരുന്നു ക്ലീറ്റസിൻെറ സംസാരം. ആദ്യമായി റിയാദിൽ വന്നിറങ്ങിയ സമയത്ത് അനുഭവിച്ച ഒറ്റപ്പെടലും സൗദി രീതികളോട് ഇണങ്ങാൻ സമയമെടുത്തതും ഓർത്തെടുത്തു. മനുഷ്യസ്നേഹിയായ സ്പോൺസറുടെ സഹായങ്ങളും അടുത്ത സ്ഥലങ്ങളിൽ ജോലി നോക്കുന്ന വിവിധ ദേശക്കാരും ഭാഷക്കാരുമായുള്ള സൗഹൃദവും ഒരേ സ്ഥലത്ത് തന്നെ പിടിച്ചുനിർത്തിയെന്ന് ക്ലീറ്റസ് കരുതുന്നു. ആദ്യകാലങ്ങളിൽ മലയാളികളെ കാണാൻ വെള്ളിയാഴ്ചകളിൽ ബത്ഹയിൽ പോകുന്നതും കുടുംബത്തെ വിളിക്കാൻ ചില്ലറയുമായി ബൂത്തുകളിൽ വരിനിന്നതും ഓർത്തെടുക്കുന്നുണ്ടായിരുന്നു.

പ്രദേശത്തുകാരായ മലയാളികളുടെ സ്വന്തം ക്ലീറ്റസ് ചേട്ടൻ ഏതാവശ്യത്തിനും ആദ്യം സമീപിക്കാവുന്ന വ്യക്തിയാണെന്ന് കൂടെയുള്ളവരും സാക്ഷ്യപ്പെടുത്തുന്നു. ജോലിസമയം കഴിഞ്ഞാൽ ആവശ്യക്കാരുടെ സഹായത്തിനായി തയാറായിനിൽക്കുന്ന ക്ലീറ്റസ് നിരവധി തവണ ഹൈവേ റോഡിൽ പരിക്ക് പറ്റിക്കിടന്നവരെ സഹായിച്ച സന്ദർഭങ്ങളും വിവരിച്ചു.

പകൽ മുഴുവൻ പട്ടിണി കിടക്കുന്ന സഹോദരങ്ങൾക്ക് തന്നെക്കൊണ്ടാകുംവിധം വിരുന്നൂട്ടുകയാണ് വർഷങ്ങളായി ക്ലീറ്റസ്. നിങ്ങൾക്കെന്താണ് ഇതുകൊണ്ട് ഗുണം എന്ന ഞങ്ങളുടെ ചോദ്യം ഇഷ്ടപ്പെട്ടില്ലെങ്കിലും വിശക്കുന്നവന് അന്നം നൽകുന്നതിലും വലിയ സന്തോഷമെന്താണെന്ന മറുചോദ്യത്തിലാണ് ഞങ്ങളുടെ സംസാരം അവസാനിപ്പിച്ച് യാത്ര പറഞ്ഞിറങ്ങിയത്.

പൈതൃക നോമ്പ്



കാസർകോട് തളങ്കര മാലിക് ദീനാർ ജുമാമസ്ജിദിനു മുന്നിൽ ഖതീബ് അബ്ദുൽ മജീദ് ബാഖവി

# ചരിത്രത്തെ ചേർത്തുപിടിച്ച്

• മട്ടന്നൂർ സുരേന്ദ്രൻ

കേരളത്തിലെ ചരിത്രപ്രധാനമായ മുസ്‍ലിം പള്ളികളിലൊന്നാണ് കാസർകോട് ജില്ലയിലെ മാലിക് ദീനാർ ജുമാ മസ്ജിദ്. ഹിജ്റ വർഷം 22 റജബ് 13ന് (എ.ഡി 642) ആണ് മാലിക് ദീനാർ വലിയ ജുമാമസ്ജിദ് നിർമിച്ചതെന്ന് പള്ളിക്കുള്ളിൽ കൊത്തിവെക്കപ്പെട്ട നിലയിൽ കാണുന്നുണ്ട്. രണ്ടാം ഖലീഫയായ ഉമറുൽ ഫാറൂഖിന്റെ ഭരണകാലത്താണ് മാലിക് ദീനാറും അനുയായികളും ഇസ്‍ലാമിക പ്രബോധനവുമായി കേരളത്തിലെത്തുന്നത്. മാലിക് ശറഫുബ്നു മാലിക്, മാലിക്ബ്നു മാലിക് തുടങ്ങിയ 22 അംഗങ്ങളാണ് സംഘത്തിൽ ഉണ്ടായിരുന്നത്. ജില്ലയിലെ ആകർഷകവും മനോഹരവുമായ ആരാധനാലയം കൂടിയാണിത്.

ചെറുപ്പക്കാരുടെ കൂട്ടായ്മയാണ് മാലിക് ദീനാർ ജുമാ മസ്ജിദിൽ റമദാൻ കാലത്തെ പ്രവർത്തനങ്ങൾക്ക് സജീവത വരുത്തുന്നതെന്ന് ഖതീബ് അബ്ദുൽ മജീദ് ബാഖവി പറഞ്ഞു.

നോമ്പുതുറക്ക് വിപുലമായ സംവിധാനങ്ങളാണ് പള്ളിക്കമ്മിറ്റി ഒരുക്കുന്നത്. നമസ്കാരത്തിനും നോമ്പുതുറക്കുമായി നൂറുകണക്കിന് വിശ്വാസികളെത്തും. പ്രാഥമിക നോമ്പുതുറക്ക് ആവശ്യമായ വെള്ളം, ജ്യൂസ്, ഫ്രൂട്സ്, ഈത്തപ്പഴം, സമൂസ തുടങ്ങിയവയെല്ലാം ഒരുക്കാറുണ്ട്. മറ്റിടങ്ങളിൽ നിന്ന് പള്ളിയിൽ എത്തി താമസിക്കുന്നവർക്ക് അത്താഴവും നൽകാറുണ്ട്.

നോമ്പ് ഒന്നു മുതൽ 30വരെ തറാവീഹ് നമസ്കാരത്തിൽ ഖുർആൻ പൂർണമായി ഓതിത്തീർക്കുന്നതും (ഖത്മുൽ ഖുർആൻ) ഇവിടെ പതിവാണ്. അവസാന പത്തിലെ ഇഅ്തികാഫിന് പ്രത്യേകം സൗകര്യമൊരുക്കാറുണ്ടെന്ന് ഖതീബ് അബ്ദുൽ മജീദ് ബാഖവി പറഞ്ഞു. നോമ്പുതുറയും അത്താഴവുമടക്കം പ്രത്യേക സൗകര്യം അവർക്കായി ഒരുക്കും.


LuLu International Exchange
لولو العالمية للصرافة
റമദാൻ ആശംസകൾ
വിശുദ്ധ റമദാന്റെ ചൈതന്യം നിങ്ങളിൽ ഐക്യവും സ്നേഹവും ഉണർത്തട്ടെ.
LuLuExchangeBH www.luluexchange.com

# മനോഹരമായ യാത്രയാണ് എന്റെ നോമ്പുകാലം

**അതൊരു തിരിഞ്ഞുനോട്ടം കൂടിയാണെന്ന് പറയാം. ആ പഴയ വൈശാഖിൽ നിന്നും പുതിയൊരു വൈശാഖിലേക്കുള്ള യാത്ര**

**ആർ.ജെ. വൈശാഖ്**

'അസ്സലാമു അലൈക്കും, ഗുഡ് മോർണിങ്, നമസ്കാരം... ഞാൻ വൈശാഖ്. നിങ്ങൾ കേട്ടുകൊണ്ടിരിക്കുന്നു Gold 101.3 FM'

-കഴിഞ്ഞ 13 വർഷത്തോളമായി ഓരോ ദിവസവും ഇങ്ങനെ പറഞ്ഞുകൊണ്ടാണ് ഞാൻ റേഡിയോ പരിപാടി ആരംഭിക്കുന്നത്. എന്നും ഇത് പറയാൻ സന്തോഷം ഉണ്ടെങ്കിലും ആ പറച്ചിലിന് ഒരു പ്രത്യേകത വന്നിട്ട് 10 വർഷമായി. നിങ്ങൾക്ക് സമാധാനം ഉണ്ടാകട്ടെ... സമാധാനം... അതാണല്ലോ എല്ലാവർക്കും വേണ്ടത്.



സമാധാനത്തിലേക്കുള്ള വഴി ഏതെന്നറിയാതിരുന്ന ഒരു കാലം ഉണ്ടായിരുന്നു എനിക്ക്. ഏകദേശം 10 വർഷം മുമ്പ് ആ വഴി എന്തെന്ന് ഞാൻ കണ്ടെത്തി. എല്ലാ വർഷവും ഒരു മാസക്കാലം ആ വഴിയിലൂടെയാണ് ഞാൻ നടക്കുന്നത്. ആദ്യമൊക്കെ ആ വഴി കുറച്ചു കഷ്ടതകൾ നിറഞ്ഞതായിരുന്നു. പിന്നീടത് ജീവിതത്തിന്റെ ഭാഗമായി. ആ ഒരു മാസക്കാലം നൽകുന്ന സുഖം എന്തെന്ന് തിരിച്ചറിഞ്ഞുകൊണ്ടുള്ള ഒരു മനോഹരമായ യാത്രയാണ് എന്റെ നോമ്പുകാലം.

നമ്മൾ ഗൾഫ് പ്രവാസികളുടെ ഭാഗ്യമാണ് അഞ്ചു നേരവും പള്ളികളിൽ നിന്നും ബാങ്ക് വിളി കേട്ടുകൊണ്ടുള്ള ജീവിതം. ഒരുപക്ഷേ നമ്മളിൽ പലരും ഉണരുന്നതുതന്നെ സുബഹി ബാങ്ക് കേട്ടുകൊണ്ടായിരിക്കും. അതുകൊണ്ട് തന്നെ ഓരോ ഗൾഫ് പ്രവാസിയുടെയും ജീവിതത്തിൽ പള്ളികൾക്കും റമദാൻ മാസത്തിനും വലിയ പ്രാധാന്യമുണ്ട്.

റമദാൻ മാസത്തിന്റെ പുണ്യം അടുത്തറിഞ്ഞത് 2010ൽ യു.എ.ഇയിൽ എത്തിയതിനു ശേഷമാണ്. അതുവരെ ജീവിച്ചത് ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിലും പിന്നീട് ജോലിയുമായി ബന്ധപ്പെട്ട് എറണാകുളത്തുമാണ്. ആ സമയം റമദാനെ കുറിച്ച് അറിഞ്ഞിരുന്നത് പത്രങ്ങളിലൂടെയും ടി.വി ചാനലുകളുടെ ഗൾഫ് പരിപാടികളിലൂടെയുമാണ്. അന്ന് ടി.വിയിൽ കണ്ടിരുന്ന നോമ്പുതുറയും റമദാൻ സന്ദേശങ്ങളുമൊക്കെ എന്നെ ഓർമകളിലേക്കായിരുന്നു കൊണ്ടുപോയിരുന്നത്; എന്റെ ഓർമകളിലെ ആദ്യ നോമ്പ് കാലത്തേക്ക്. എട്ടാം ക്ലാസിൽ പഠിക്കുമ്പോഴാണ് നോമ്പെടുക്കുന്ന കുടുംബത്തിനൊപ്പം കുറച്ചു ദിവസം താമസിക്കേണ്ടിവന്നത്. സ്കൂൾ കലോത്സവമായിരുന്നു കാരണം. കലോത്സവത്തിൽ മാപ്പിളപ്പാട്ട് പഠിക്കാനാണ് ആലപ്പുഴയിലെ ചുനക്കര എന്ന സ്ഥലത്ത് പോയിരുന്നത്. അവിടെയുള്ളൊരു ചെറിയ കുടുംബം. ഉപ്പയും ഉമ്മയും മൂന്ന് സഹോദരങ്ങളുമുണ്ട്. ഉമ്മയും ഷറീന ചേച്ചിയും പാട്ട് പഠിപ്പിക്കും, രാത്രികാലങ്ങളിൽ കൂട്ടിനായി ഷനീസ് ഇക്കയും ഷഫീക്ക് ഇക്കയും.

നോമ്പുകാലത്ത് അവിടെ പോയിനിൽക്കാൻ പ്രത്യേക രസമാണ്. എനിക്ക് നോമ്പുണ്ടാകില്ല. പക്ഷേ, ഞാനും ഉണ്ടാകും നോമ്പ് തുറക്കാൻ. ഒരു ചെറിയ നോമ്പുതുറ. പിന്നീട് എപ്പോഴോ എനിക്കും ആഗ്രഹമായി നോമ്പെടുക്കാൻ. ഷഫീക്ക് ഇക്കയും ഉമ്മയും ആയിരുന്നു പ്രചോദനം. ഉള്ളത് പറയണമല്ലോ, ഇടയത്താഴം കഴിച്ച് നോമ്പ് പിടിച്ചു. പക്ഷേ, എന്തു ചെയ്യാൻ. രാവിലെ തന്നെ വിശപ്പായി, നോമ്പ് മുറിച്ചു. അന്ന് പലരും കളിയാക്കിയെങ്കിലും ഇപ്പോൾ ഞാൻ അഭിമാനത്തോടെ പറയും; ഇന്ന് ഞാൻ നോമ്പെടുക്കുന്നെങ്കിൽ അതിനുള്ള തുടക്കം ആ ചെറിയ കുടുംബത്തിൽ നിന്നാണെന്ന്.

പിന്നീട് വർഷങ്ങൾക്കിപ്പുറം യു.എ.ഇയിൽ എത്തിയതിനുശേഷം റേഡിയോയിലൂടെ നോമ്പുകാലത്ത് പലരുമായും സംസാരിച്ചു. മരുഭൂ




For more details, contact us
**CALL : 17226616** 66688801

Or get it from online store:
**OrderMAZA.com**

മിയിലും ജോലി ത്തിരക്കുകളിലും ചൂടിലുമൊക്കെ മണിക്കൂറുകളോളം വെള്ളവും ഭക്ഷണവും ഉപേക്ഷിച്ച് നല്ല മനസ്സോടെ സർവശക്തനോടടുത്ത് നോമ്പെടുത്ത് ജീവിക്കുന്ന അനേകരെ പരിചയപ്പെട്ടു. അപ്പോഴെല്ലാം പലരും ചോദിക്കുമായിരുന്നു, നോമ്പെടുത്തു കൂടേ എന്ന്.

ചില കാര്യങ്ങൾക്ക് അതിന്റേതായ സമയം ഉണ്ടെന്ന് പറയുമ്പോലെ 2014ൽ ഞാനും തീരുമാനിച്ചു നോമ്പെടുക്കാൻ. എന്റെ ആദ്യത്തെ യഥാർഥ നോമ്പുകാലം. ജീവിതത്തിൽ ആദ്യമായി പുണ്യമാസത്തിന്റെ നന്മ മനസ്സിലാക്കാൻ കഴിഞ്ഞ ദിവസങ്ങൾ. ഓരോ ദിവസവും ഓരോ മികച്ച അനുഭവങ്ങളും ഓർമകളും തന്ന ദിവസങ്ങൾ. വിശപ്പിന്റെ വില മനസ്സിലാക്കിയ ദിവസങ്ങൾ. ഭക്ഷണവും വെള്ളവും ഇല്ലാതെ കഴിയേണ്ടിവരുന്ന ഓരോ മനുഷ്യനെയും ഓർത്തുപോയ 30 ദിനങ്ങൾ. ആദ്യ പല ദിവസങ്ങളിലും നോമ്പ് പിടിച്ച് റേഡിയോയിൽ സംസാരിക്കുമ്പോൾ തൊണ്ട ഇടറി. നമ്മളെ കേൾക്കുന്ന നമ്മുടെ പ്രിയപ്പെട്ട ശ്രോതാക്കൾ കൂടെനിന്നു, പലരും ഇഫ്താറിന് ക്ഷണിച്ചു, സ്റ്റുഡിയോയിലേക്ക് ഇഫ്താറിനുള്ള വിഭവങ്ങളുമായി എത്തിയവർ പോലും ഉണ്ടായിരുന്നു ആ കൂട്ടത്തിൽ.

നന്മയും സൗഹൃദവും കരുതലും എന്തെന്ന് അറിഞ്ഞ ദിവസങ്ങൾ. ജീവിതത്തിലെ ആദ്യ നോമ്പുകാലം ഏറ്റവും മികച്ചതായതുകൊണ്ടാണ് പിന്നീടുള്ള ഓരോ വർഷവും എനിക്ക് നോമ്പെടുക്കാനുള്ള പ്രചോദനമായത്. യു.എ.ഇയിൽ ഞാൻ ഏറ്റവും ഇഷ്ടപ്പെടുന്ന കാലം നോമ്പുകാലമാണെന്ന് പലരോടും പറയാറുണ്ട്. ഉള്ളവനും ഇല്ലാത്തവനും ഒരുപോലെ മനസ്സറിഞ്ഞ് പ്രാർഥിക്കുന്ന, സർവ്വശക്തനോട് ചേർന്നുനിൽക്കുന്ന കാലം. ഒരുമിച്ചിരുന്ന് നോമ്പ് തുറക്കുമ്പോൾ കിട്ടുന്ന സന്തോഷം മറ്റൊന്നിനും നൽകാൻ കഴിയില്ല എന്ന് തോന്നിപ്പോകുന്ന കാലം.

ഓരോ റമദാൻ കഴിയുമ്പോഴും നോമ്പുകാലം എന്നെ എന്ത് പഠിപ്പിച്ചു എന്ന് പലരും ചോദിക്കാറുണ്ട്. ആ ചോദ്യം ഞാൻ എന്നോട് ചോദിക്കാറുണ്ട്. അതൊരു തിരിഞ്ഞുനോട്ടം കൂടിയാണെന്ന് പറയാം. ആ പഴയ വൈശാഖിൽ നിന്നും പുതിയൊരു വൈശാഖിലേക്കുള്ള യാത്ര, അത് അത്ര എളുപ്പമല്ലായിരുന്നു എന്നുതന്നെ പറയേണ്ടിവരും. എന്നിലുണ്ടായ മാറ്റങ്ങൾ, എന്റെ ചുറ്റിനുമുണ്ടായ മാറ്റങ്ങൾ. ഏതോ അദൃശ്യ ശക്തി എഴുതിവെച്ചതുപോലെയുള്ള ചില നല്ല മാറ്റങ്ങൾ. ഞാൻ എന്നെത്തന്നെ തിരിച്ചറിഞ്ഞ, ഓരോ ദിനവും നല്ല മനുഷ്യനാവുക എന്ന് എന്നോടുതന്നെ പറയാൻ പഠിപ്പിച്ച മാസം. മറ്റുള്ളവർക്ക് ഒരു പുഞ്ചിരി നൽകാനും തെറ്റ് പറ്റിയെങ്കിൽ ക്ഷമ ചോദിക്കാനും മറ്റുള്ളവരെ വേദനിപ്പിക്കാതിരിക്കാനും ചുറ്റുമുള്ളവർക്ക് നന്മകൾ നൽകാനും ഏതൊരു വ്യക്തിക്കും കഴിയും എന്ന് പഠിപ്പിച്ച ദിവസങ്ങൾ . ഒരുപക്ഷേ, നോമ്പ് കഴിഞ്ഞാലും അതെന്നിൽ ഉണ്ടാകണം എന്നൊരു പ്രാർഥന, അതാണെനിക്ക് ഓരോ നോമ്പുകാലവും സമ്മാനിക്കുന്നത്. എല്ലാവർക്കും നന്മകൾ നേരുന്നു. സമാധാനം ഉണ്ടാകട്ടെ. നല്ലൊരു നോമ്പുകാലം നേർന്നുകൊണ്ട്... നിങ്ങളുടെ സ്വന്തം ആർ.ജെ. വൈശാഖ്.

*(ആർ.ജെ. ഗോൾഡ് എഫ്.എം)*

# വെളുക്കെ ചിരിക്കുന്ന നാട്ടോർമകൾ

**● സിന്ധു കോറാട്ട്**



പുണ്യമാസമായ റമദാനെക്കുറിച്ച് ഗൾഫിൽ ജീവിക്കുന്ന ഒരാളെന്ന നിലയിൽ നിരവധിയോർമകളുണ്ട്. അതിലേറ്റവും മനോഹരം പാരിസ് മുട്ടായി എന്ന എന്റെ പുസ്തകത്തിന്റെ പ്രകാശന ചടങ്ങാണ്. സ്വന്തം നാട്ടുകാരുടെ സാന്നിധ്യത്തിൽ കാഞ്ഞിരമുക്കുകാരുടെ നോമ്പ് തുറയിലായിരുന്നു അതിന്റെ പ്രകാശനം. നാട്ടുകാരനും അയൽവാസിയുമായ ഷാഫി ആയിരുന്നു മുൻകൈ എടുത്തത്. മതസൗഹാർദത്തിന് പേരുകേട്ട നാടാണ് ഞങ്ങളുടേത്. അച്ഛനും അബുക്കയും മരക്കാരുമൊക്കെ ചായപ്പീടികയിലിരുന്ന് ചായ ഊതിക്കുടിച്ചിരുന്ന കാലം ഓർമയിലുണ്ട്.

നോമ്പും ഓണവും എല്ലാവർക്കും ഒരേപോലെ ആയിരുന്ന കാലം. നബീസുമ്മ നോമ്പ് തുറക്കാൻ അവരുടെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയതും ബീബാത്തുമ്മ അച്ഛമ്മക്ക് ഇടക്കിടക്ക് പത്തിരി ഉണ്ടാക്കി കൊണ്ടുവന്നു കൊടുക്കുന്നതും വെളുക്കെ ചിരിക്കുന്ന ഓർമകളാണ്. നാട്ടോർമയുടെ ആ പുസ്തകം അവരുടെ ഇടയിൽ വെച്ചല്ലാതെ മറ്റെവിടെ പ്രകാശനം ചെയ്യാനാണ്. നോമ്പുകാലം സഹനത്തിന്റെയും ആത്മനിയന്ത്രണത്തിന്റെയും കാലമാണ്.

ഇപ്പോഴത്തെ കാലത്തിന്റെ ഭാഷയിൽ പറഞ്ഞാൽ ഇന്റർ മീറ്റന്റ് ഫാസ്റ്റിങ് ആണ്. കുറെ നേരം ഭക്ഷിച്ചില്ലെങ്കിലും മനുഷ്യന് ഒന്നും സംഭവിക്കില്ല. മരുഭൂമിയിലും മറ്റു ബുദ്ധിമുട്ടുകളിലും എത്തിപ്പെടുമ്പോൾ ഈ രീതിയിൽ ജീവിതം സാധ്യമാകും. ഭക്ഷണത്തിന്റെ വിലയെ അത് ഓർമിപ്പിക്കുന്നു. ഇത്തരം ജീവിത രീതികൾ മനുഷ്യനെ നവീകരിക്കാൻ സഹായിക്കുന്നു. ഇവിടെ നോമ്പുകാലത്ത് ഹോട്ടലുകളിലും മറ്റും ജോലി ചെയ്യുന്ന ഡെലിവറി ബോയ്സിൽ പലരും നോമ്പെടുത്തിട്ടാകും ആഹാരസാധനങ്ങൾ മറ്റുള്ളവർക്ക് വിതരണം ചെയ്യാനെത്തുക. അവരുടെ അസാമാന്യമായ സഹനം എന്നെ ശരിക്കും അത്ഭുതപ്പെടുത്തിയിട്ടുണ്ട്.

നോമ്പിനെ കുറിച്ച് പലരീതിയിലുള്ള വീക്ഷണങ്ങളും വിമർശനങ്ങളും വായിച്ചിട്ടും കേട്ടിട്ടുമുണ്ടെങ്കിലും അതിന്റെ പിന്നിൽ മഹത്തായ ഒരു ഉദ്ദേശ്യവും സന്ദേശവും ഉണ്ടെന്നുതന്നെയാണ് എന്റെ അഭിപ്രായം. രാജ്യം മുഴുവൻ വലുപ്പച്ചെറുപ്പങ്ങളില്ലാതെ വൈകുന്നേരമാകുന്നതുവരെയുള്ള കാത്തിരിപ്പും പിന്നീടുള്ള ഒത്തുചേരലും പ്രാർഥനയും പങ്കുവെക്കലും ഒക്കെയാണ് റമദാന്റെ നന്മയായി എനിക്ക് തോന്നുന്നത്.

**Aster CLINIC**
We'll Treat You Well

ASTER DM HEALTHCARE SINCE 1987



# Pre-Ramadan Health Check Up,
## Ensuring a Safe and Healthy Fasting Month

- Complete Blood Count (21 Parameter)
- Thyroid Profile (3 Parameter)
- Renal Profile (6 Parameter)
- Liver Profile (11 Parameter)
- Lipid Profile (8 Parameter)
- Diabetes Screen (2 Parameter)
- Free GP Consultation
- Free Dental Consultation

@BHD 8




Valid till 30th April 2023

For Appointments Contact Us 17 711 811

**Aster Clinic, Gudaibiya**
Beside Gudaibiya Mosque
Kingdom of Bahrain
Scan the QR code for Location of the Clinic

**Aster Clinic, Sanad**
Buhair, Beside The New Indian School,
Kingdom of Bahrain
Scan the QR code for Location of the Clinic

www.aster.bh /asterclinicbahrain /asterdmhbahrain

CARE IS JUST AN Aster AWAY

# ‘ഉപ സമീപേ വസതി ഇതി ഉപവാസഃ’

● കെ.പി. പ്രസന്നൻ

റമദാനിലെ മുഴുവൻ നോമ്പും ആദ്യമായെടുത്തത് 24ാം വയസ്സിലോ അതോ ഇരുപത്തഞ്ചിലോ? അതിനു മുമ്പ് പരീക്ഷണാടിസ്ഥാനത്തിൽ ചില നോമ്പുകൾ നോറ്റിട്ടുണ്ടായിരുന്നു. പട്ടിണിയുടെ വിരസതയിൽനിന്ന് വ്രതത്തിന്റെ ആത്മീയതയിലേക്ക് ഉയരാൻ സഹായിക്കുന്ന റമദാനിന്റെ ഇരവുകളും പകലുകളും മറ്റൊരു അനുഭവമാണ് സമ്മാനിക്കുക. പണ്ടെപ്പോഴോ ഒരു ഫെബ്രുവരിയിൽ ആണെന്ന് തോന്നുന്നു, ആദ്യത്തെ റമദാൻ നോമ്പ് പൂർത്തിയാക്കിയത്. 33 വർഷം നോമ്പ് അനുഷ്ഠിക്കുന്ന ഒരാൾ വർഷത്തിലെ എല്ലാ ദിവസവും അതായത് എല്ലാ ഋതുക്കളിലൂടെയും കടന്നു പോയിട്ടുണ്ടാവും. സത്യം പറഞ്ഞാൽ ചാന്ദ്രമാസവും ഇത്തരത്തിലുള്ള കാല ദേശ പരിഗണനയില്ലാതെ മനുഷ്യരെ എന്തൊക്കെയോ പരിശീലിപ്പിക്കുന്നതിന്റെ പൊരുളും ഒക്കെ ആയിരുന്നു ആദ്യ വർഷങ്ങളിലെ കൗതുകങ്ങൾ. ഞാൻ എന്തിന് ഇത് ചെയ്യുന്നു എന്ന് സ്വയവും ചിലപ്പോഴൊക്കെ ചുറ്റുമുള്ളവരെയും ബോധ്യപ്പെടുത്തേണ്ടുന്ന നോമ്പുകാരനായിട്ടാണല്ലോ എന്നെപോലുള്ളവർ തുടങ്ങുക.

33 വർഷത്തിന്റെ ചക്രത്തിന് ഇനിയും വേണ്ടതുണ്ട് അഞ്ചെട്ടു വർഷങ്ങൾ. പക്ഷേ ഒന്നിൽനിന്ന് തുടങ്ങി 27 വർഷത്തെ റമദാൻ വ്രതത്തിലേക്കു തിരിഞ്ഞു നോക്കുമ്പോൾ ഓരോന്നും വ്യത്യസ്തമായി തോന്നുന്നു. സൗമ് എന്ന അറബി പദത്തിന് ഒരു വസ്തുവിനെ വെടിഞ്ഞ് നിൽക്കുക, ഒരു നിശ്ചിത സമയത്ത് അതിനെ ഉപേക്ഷിക്കുക എന്നൊക്കെയാണ് അർഥമാക്കുന്നതെങ്കിലും ഇസ്‌ലാമിക മാനത്തിൽ നോമ്പിനെ ഇനിയും ഒരുപാട് അറിയേണ്ടിയിരിക്കുന്നു. അനുഭവിക്കേണ്ടിയിരിക്കുന്നു. പുതുക്കിപ്പണിയേണ്ടിയിരിക്കുന്നു.

‘നോമ്പ് ഒരു പരിചയാണ്. അതിനാൽ നോമ്പുകാരൻ തെറ്റായ പ്രവൃത്തികൾ ചെയ്യാതിരിക്കുകയും വിഡ്ഢിത്തം പ്രകടിപ്പിക്കാതിരിക്കുയും ചെയ്യട്ടെ. വല്ലവനും അവനോട് ശണ്ഠ കൂടുകയോ അവനെ ശകാരിക്കുകയോ ചെയ്യെങ്കിൽ നോമ്പ്കാരനാണ് എന്ന് രണ്ടു പ്രാവശ്യം അവൻ പറയട്ടെ.’



ഇതൊന്നും കേൾക്കാത്ത നോമ്പുകാലം ഉണ്ടായിട്ടില്ല. പക്ഷേ, ആദ്യം കേൾക്കുന്ന കൗതുകത്തിലല്ല ഇപ്പോൾ കേൾക്കുന്നത്. പുതിയ വായനയിലേക്കും ചേർത്തുവെക്കലിലേക്കും നമ്മുടെ ധിഷണയെ പരിവർത്തിപ്പിക്കുന്നില്ലെങ്കിൽ ഇമാം ഗസ്സാലി പറഞ്ഞ യാന്ത്രികമായി നോമ്പ് നോൽക്കുന്നവരുടെ കൂട്ടത്തിൽ ആയിപ്പോകുമോ എന്ന പേടിയുമുണ്ട്. എത്രയെത്ര നോമ്പുകാർ , അവർക്ക് വിശപ്പും ദാഹവുമല്ലാതെ മറ്റൊന്നും കിട്ടുന്നില്ല എന്ന് പ്രവാചകനും ആശങ്കപ്പെട്ടുവല്ലോ?

കൂടെ ആയിരിക്കുകയെന്നത് അതിപ്രധാനമാണ്. കോവിഡ് പോലൊരു മഹാമാരിയെ അതിജീവിച്ച മനുഷ്യന് അത് എളുപ്പം മനസ്സിലാകേണ്ടതാണ്. കൂടെ ആവുമ്പോൾ, കൂട്ടിരിക്കുമ്പോൾ കിട്ടിയ സ്വാസ്ഥ്യം എത്ര വലുതായിരുന്നു്വെന്ന് അനുഭവിച്ചറിഞ്ഞവരാണ് നമ്മൾ.

നോമ്പ് അഥവാ ഉപവാസം എന്ന വാക്കിന് കൂടെയായിരിക്കുക, തൊട്ടടുത്തായിരിക്കുക എന്നൊക്കെ അർഥമുണ്ട്. (ഉപ സമീപേ വസതി ഇതി ഉപവാസഃ). എന്തിനോ ഒന്നിനടുത്തായിരിക്കലാണത്. പരമയാഥാർഥ്യത്തെ അറിഞ്ഞ് പരമമായ ആനന്ദമനുഭവിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമം ഒക്കെയായി വ്യാഖ്യാനിക്കാനും സാധിക്കും. പടച്ചവനോടൊപ്പം ആയിരിക്കാനുള്ള മാസമാണ് റമദാൻ. ലോകത്തിന്റെയും ജീവിതത്തിന്റെയും പൊരുളും ലക്ഷ്യവുമായ അല്ലാഹുവിനെ തിരിച്ചറിഞ്ഞുകൊണ്ട് അവനോടൊപ്പമാകാൻ ശ്രമിക്കുന്നതിനേക്കാൾ സന്തോഷം വേറെയെന്തുണ്ട്?

ഒപ്പമാകേണ്ടതുണ്ടെങ്കിൽ അവന്റെ വർണങ്ങൾ പലതും സ്വാംശീകരിക്കേണ്ടിവരുമെന്നും അവർക്കറിയാം. അവരുടെ പ്രവാചകൻ റമദാനായാൽ വീശിയടിക്കുന്ന കാറ്റിനെപോലെ ഉദാരനായിക്കൊണ്ട് അവർക്കതിനു മാതൃക കാട്ടിയിട്ടുണ്ടുതാനും. അല്ലാഹുവിന്റെ നീതി, ദയ, സഹാനുഭൂതി എന്നിങ്ങനെയുള്ള പല വർണങ്ങളും മുസ്‌ലിംകൾ ബോധപൂർവം എടുത്തണിയേണ്ട മാസം. മനുഷ്യരുടെ ജീവിതത്തിന്


زيوت بيو فريش ذ.م.م
BIOFRESH OILS W.L.L
Bahrain's Fresh Oil Mill
BD 3.300
(1 liter Coconut Oil)
BD 2.700
(1 liter Coconut Oil)
BD 5.200
(2 liter Coconut Oil)
BD 3.500
(100 ml Black Seed Oil)
BD 6.000
(500 ml Virgin Coconut Oil)
BD 3.500
(250 ml Virgin Coconut Oil)
ORGANIC
ISO
GMP
HACCP
Booking & Delivery
+973 34391919
info@biofreshoils.com www.biofreshoils.com

സത്യാസത്യവിവേചകമായി, അവരുടെ ജീവിതം എളുപ്പമാക്കാനുദ്ദേശിച്ചുള്ള പ്രമാണമായ വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസം കൂടിയായതിനാൽ വിശ്വാസികൾ ഖുർആനോടൊപ്പം കൂടിയായിരിക്കും ഈ മാസം. അതിലുള്ള വാക്കുകളും ആയത്തുകളും മനനം ചെയ്തുകൊണ്ട് നടത്തുന്ന മിഅ്റാജുകൾ (യാത്രകൾ). ഓരോ വായനയും പുതുജീവിതം നയിക്കാനുള്ള ആശയും പ്രേരണയുമാകേണ്ടതാണ്.

ഉപവാസത്തോടൊപ്പം ചേർന്ന് വരുന്ന മറ്റൊരംഗമാണ് ജാഗരണം. ഉണർന്നിരിക്കൽ എന്നാണ് സാമാന്യമായ അർഥം. പകലിൽ ഭക്ഷണം ഉപേക്ഷിച്ചുകൊണ്ട് കണ്ണിനും കാതിനും ചിന്തകൾക്കുമൊക്കെ പരിധി നിശ്ചയിച്ചുകൊണ്ട് ഉപവാസവുമായി മുന്നോട്ടുപോകുമ്പോൾ ആലസ്യ കൂടിയാണ് ജാഗരണം. രാത്രികളിൽ ഉറക്കമിളച്ച് നടത്തുന്ന ദീർഘ നമസ്കാരങ്ങളിൽ പടച്ചവനുമായി നടത്തുന്ന രഹസ്യഭാഷണങ്ങളിലാണ് (മുനാജാത്ത്) അവർ അതിനുള്ള ഊർജം വീണ്ടെടുക്കുക.

ഇസ്‌ലാമിക ചരിതത്തിലെ ഏറ്റവും സുപ്രധാനമായ ബദർ പോരാട്ടം അടയാളപ്പെടുത്തിയ മാസം കൂടിയാണ് റമദാൻ. സാമൂഹിക നീതിയുള്ള ജീവിതം അപകടപ്പെടുത്തുന്ന ദുരധികാരികളാണ് നമ്മുടെയൊക്കെ രാജ്യം കൈയാളുന്നതെന്നിരിക്കെ പ്രാർഥനകളോടൊപ്പം പോരാടാനും കൂടിയുള്ള ഊർജം സംഭരിക്കാനും കൂടി ഈ മാസം സാക്ഷിയാവേണ്ടതുണ്ട്. നീതി ഇസ്‌ലാമിന്റെ ഏറ്റവും വലിയ ആധാരമാണ്. കഴുത്തുകളെ (നുകങ്ങളിൽ നിന്നും ചങ്ങലകളിൽ നിന്നും) മുക്തരാക്കുകയെന്നത് ദൈവസാക്ഷാത്കാരത്തിലേക്കുള്ള മാർഗങ്ങളിൽ ഒന്നാമത്തെതാണെന്ന് സൂറഃ അൽബലദിൽ ആഹ്വാനം ചെയ്യുന്നതും കാണുക. പ്രവാചക നിയോഗം തന്നെ ഭാരങ്ങളിറക്കിവെക്കാനും ചങ്ങലകൾ അറുത്തെറിയാനുമാണെന്നും പ്രഖ്യാപിക്കുന്നുമുണ്ട് (അൽ അഅ്റാഫ് 157). ദീൻ എന്നാൽ മനുഷ്യരോടുള്ള പ്രതിബദ്ധതയാണ്, മനുഷ്യ സ്വാതന്ത്ര്യത്തോടും സാമൂഹിക നീതിയോടുമുള്ള അഭിനിവേശവുമാണ്. ഇത് തിരിച്ചറിയാൻകൂടിയുള്ള മാസമാണ് റമദാൻ.

കൂടെയായിക്കൊണ്ട്, പ്രണയപൂർവം രഹസ്യഭാഷണം നടത്തുന്നതിന്റെ പാരമ്യത്തിലായി ഒടുവിലത്തെ പത്തു ദിവസങ്ങളിൽ പള്ളികളിൽതന്നെ കഴിയാനും പ്രവാചകന്റെ ചര്യയിലുണ്ട്. ഇഅ്തികാഫ് എന്ന ആ ഭജനമിരിക്കലോടെ പടച്ചതമ്പുരാനുമായി നേടിയെടുക്കുന്ന ബന്ധം എന്തിനുവേണ്ടിയാണെന്നു കൂടി തിരിച്ചറിയുമ്പോഴാണ് വിശ്വാസവും കർമവും ശുദ്ധീകരിച്ച് നേടിയെടുക്കുന്ന അവബോധം പ്രവാചകന്റെ പ്രിയ ശിഷ്യൻ അബ്ദുല്ലാഹിബ്നു ഉമർ ഇങ്ങിനെ നിവേദനം ചെയ്യുന്നു.

'എന്റെ സഹോദരന്റെ ആവശ്യനിർവഹണത്തിനായി പുറപ്പെടലാണ് മദീനാ പള്ളിയിൽ ഒരു മാസം ഇഅ്തികാഫ്(ഭജനം) ഇരിക്കുന്നതിനേക്കാൾ ഞാൻ ഇഷ്ടപ്പെടുന്നത്'.

നന്മ-തിന്മകൾ തമ്മിലുള്ള സംഘർഷത്തിന്റെ ആഖ്യാനമാണ് ഖുർആന്റെ കാഴ്ചപ്പാടിൽ ചരിത്രം. എന്നാൽ ഈ സംഘർഷത്തിന്റെ മറ്റൊരു രൂപം അരങ്ങേറുന്നത് നമ്മുടെ മനസ്സിൽത്തന്നെയാണ്. ഇതിൽ തിന്മയോടുള്ള പ്രലോഭനത്തെ സാത്താൻ എന്ന് വിളിക്കാം. അകമേ തന്നെ സജീവമായിരിക്കുന്ന ചെകുത്താനെ ഇപ്രകാരം മനസ്സിലാക്കിയെങ്കിൽ മാത്രമേ, പുറത്തുള്ള ചെകുത്താനെതിരായി പോരാടാൻ സാധിക്കൂ.



**പണ്ടെപ്പോഴോ ഒരു ഫെബ്രുവരിയിൽ ആണെന്ന് തോന്നുന്നു, ആദ്യത്തെ റമദാൻ നോമ്പ് പൂർത്തിയാക്കിയത്**

## 'വ്രതം ഒരു പരിചയാകുന്നു'

നാക്ക് പുറത്തിട്ടോടുന്ന നായ വിശുദ്ധ ഖുർആൻ ഉപയോഗിക്കുന്ന ഒരു രൂപകമാണ്. ആർത്തിയുടെ ലോകത്തെ ഇതിനേക്കാൾ നന്നായി ചിത്രീകരിക്കുന്നതെങ്ങനെ? ഇമാം ഗസ്സാലി മനുഷ്യനിലെ മൃഗീയാവസ്ഥകളെപ്പറ്റി 'കിലാബുൽ ഖുലൂബ്' എന്ന് പ്രയോഗിച്ചിട്ടുണ്ട്. 'ഹൃദയത്തിലെ പട്ടികൾ' എന്നർഥം. ലൗകികജീവിതത്തോടുള്ള അമിതപ്രേമം, കോപം, അസൂയ, പരദൂഷണം ഇത്യാദി അവസ്ഥകളുമായി മണ്ണോടമർന്നുപോകുന്ന മനുഷ്യരുടെ ജീവിതത്തിലേക്ക് മാലാഖമാർ നിരന്തരം ഇടപെടുന്ന വ്രതകാലത്ത് ഭയത്തോടെയും പ്രതീക്ഷയോടെയും പടച്ചവന്റെ കാരുണ്യത്തിലേക്കും പാപമോചനത്തിലേക്കും അവന്റെ നിത്യ സമാധാനത്തിലേക്കും പ്രവേശിക്കാൻ സാധ്യമാകുന്ന നീതിയിൽ ഉപവാസം അനുഷ്ഠിക്കാൻ തയാറെടുക്കുക എന്നല്ലാതെ മറ്റെന്താണ് ഒരുവന് ചെയ്യാനുള്ളത്?

# നിലാവിൽ നെയ്തെടുക്കുന്ന മാധുര്യം

● അനൂപ് കീച്ചേരി

ഒരിക്കൽ നോമ്പിന്റെ രുചിയറിഞ്ഞയാൾ പിന്നെ അതുപേക്ഷിക്കില്ല. കാരണം, കേവലം മതവിശ്വാസത്തിലുപരി അതെല്ലാവരെയും നവീകരിക്കുന്ന ഒന്നാണ്. പുതിയ മനുഷ്യനിലേക്കുള്ള യാത്ര പലരും സാധ്യമാക്കുന്നത് വ്രതാനുഷ്ഠാനത്തിലൂടെയാണ്. പതിനൊന്ന് മാസത്തെ എല്ലാ പാപങ്ങളും കഴുകിക്കളയാനുള്ള മാസം. മുപ്പത് നോമ്പ് കഴിയുന്നതോടെ അടുത്ത ഒരു വർഷം ജീവിക്കാനുള്ള മനക്കരുത്തും, ശാരീരിക പുഷ്ടിയും ആണ് സാധ്യമാകുന്നത്. അതുകൊണ്ടുതന്നെ അതൊരു മരുന്ന് കൂടിയാണ്. ശാസ്ത്രീയമായി ഏറ്റവും അത്യാവശ്യം ഉള്ള ഒന്ന്. അതിനുമപ്പുറം ഇഷ്ടംപോലെ ആഹാരം കിട്ടുന്നവന് വിശപ്പിന്റെ തീവ്രത നേരിട്ട് അനുഭവിക്കാനുള്ള അവസരം. വിശന്നിരിക്കുന്നവന്റെ മുന്നിൽ ഭക്ഷണം എത്തുമ്പോഴുണ്ടാകുന്ന ആശ്വാസം തിരിച്ചറിയാനുള്ള സമയം. അങ്ങനെ നോമ്പുകാലം മാനവരാശിയെ പഠിപ്പിക്കുന്ന നിരവധി പാഠങ്ങൾ ഉണ്ട്.





നാട്ടിലേതിനേക്കാൾ സുഖമാണ് ഗൾഫിലെ നോമ്പുകാലം എന്ന് പലരും പറയാറുണ്ട്.സമൂഹനോമ്പുതുറയുടെ പ്രാധാന്യം തന്നെയാണ് അതിനു പ്രധാന കാരണം. നോമ്പുതുറ എന്നാൽ ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കുക മാത്രമല്ല, പരസ്പരം പരിചയപ്പെടാനും സൗഹൃദം പുതുക്കാനും വിശേഷങ്ങൾ കൈമാറാനും ലഭിക്കുന്ന അപൂർവാവസരം കൂടിയാണത്. മാനവികതയുടെ പുതിയ തലങ്ങൾ അവിടെ സംഭവിക്കുന്നു.

വ്യക്തിപരമായി പറഞ്ഞാൽ നോമ്പുകാലത്തിന്റെ മാധുര്യം അറിയുന്നത് പ്രവാസം ജീവിതത്തിന്റെ ഭാഗമായ ശേഷമാണ്. കഴിഞ്ഞ പത്ത് വർഷത്തിലേറെ ആ മാധുര്യം ആവുവോളം നുകരുന്നുണ്ട്. നോമ്പ് കാലം ഏറ്റവും കൂടുതൽ ഭക്ഷണം ലഭിക്കുക മാത്രമല്ല ഭക്ഷ്യവിപണയിൽ വിലക്കയറ്റത്തിന്റെ ലാഞ്ഛന പോലും ഇല്ലാതിരിക്കാൻ ഭരണകൂടവും നിതാന്ത ജാഗ്രതയിൽ ആകുന്ന കാലം. ചുറ്റിലുമുള്ള എല്ലാവർക്കും ആഹാരം കിട്ടിയെന്ന് ഉറപ്പിച്ചശേഷം മാത്രം നോമ്പ് തുറക്കുന്ന മനുഷ്യസ്നേഹികളായവരും സംഘടനകളും സജീവമാകുന്ന കാലം. അങ്ങനെ നോമ്പുകാല കാഴ്ച നിരവധിയാണ്.

എല്ലാ പ്രവാസികളെയും പോലെ പ്രതിസന്ധി നിറഞ്ഞ ഏതാനും മാസങ്ങൾ പ്രവാസ ജീവിതത്തിലുണ്ടായിരുന്നു. ഭക്ഷണം പോലും കഴിക്കാൻ കൈയിൽ ആവശ്യത്തിന് കാശില്ലാതിരുന്ന കാലം. അതൊരു നോമ്പുകാലമായിരുന്നു. നോമ്പ് എടുത്ത് പള്ളിയിൽനിന്ന് നോമ്പ് തുറന്ന കാലം.അങ്ങനെ ഒരുപാട് ഓർമകൾ സമ്മാനിക്കുന്നതാണ് നോമ്പുകാലം. ബാച്ചിലർ മുറികളിൽ ഒരുമിച്ച് ഉണ്ടിറങ്ങുന്ന വിവിധ മതസ്ഥർ ഒരേ മനസ്സോടെ നോമ്പ് നോറ്റിരിക്കുന്ന സമയം. മരുഭൂമികളിൽ എത്തി ഇഫ്താർ കിറ്റുകൾ വിതരണം ചെയ്യും പാവപ്പെട്ടവരെ അകമഴിഞ്ഞ് സഹായിക്കുകയും ചെയ്യുന്ന ദിനരാത്രങ്ങൾ. എങ്ങും എവിടെയും കരുതലിന്റെ സ്പർശമേവുന്ന കാഴ്ചയാണ് ദൃശ്യമാകുന്നത്. ●

*മാധ്യമപ്രവർത്തകൻ*
*(റേഡിയോ ഏഷ്യ ന്യൂസ് എഡിറ്റർ )*


madhyamam.com
ചിലർ കളിപ്പാവകളാകും
ഞങ്ങൾ
തുറന്നുപറയും
നിലപാടുകളിൽ ഉറച്ച് ധീരതയോടെ
ഗൾഫ്
മാധ്യമം
THE FIRST INTERNATIONAL INDIAN NEWSPAPER
NO.1 IN THE MIDDLE EAST
CAPIO INTERACTIVE

# പരിപൂർണ സൗഖ്യം ശ്രീസൗഖ്യയിലൂടെ....












## srisoukya
AYURVEDIC CENTRE

ആയുർവേദത്തിന്റെ തനതായ പഞ്ചകർമ്മ ചികിത്സകളും കേരളത്തിന്റെ തനിമയാർന്ന പരമ്പരാഗത ചികിത്സാരീതികളും ഒത്തിണക്കി കൊണ്ട് എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടി ഏറ്റവും നവീനമായ ശ്രീസൗഖ്യ ആയുർവേദിക് സെന്റർ ബഹ്റൈനിലെ മാഹൂസിൽ തുറന്നു പ്രവർത്തനമാരംഭിച്ചിരിച്ചിക്കുന്നു.

എല്ലാത്തരം രോഗങ്ങൾക്കുള്ള ചികിത്സകൾക്ക് പുറമെ നട്ടെല്ലിനും കശേരുക്കൾക്കും നാഡീവ്യൂഹങ്ങൾക്കും വിവിധ സന്ധികൾക്കും സംഭവിക്കുന്ന തകരാറുകൾക്കും സ്ത്രീ രോഗങ്ങൾക്കും അമിതവണ്ണം കൊണ്ടുണ്ടാകുന്ന രോഗങ്ങൾക്കും നടുവേദന, കഴുത്തുവേദന, മൈഗ്രെയിൻ , മർമ്മസംബന്ധമായ പ്രശ്നങ്ങൾ, സ്പോർട്സ് ഇഞ്ചുറികൾ എന്നിവയ്ക്കും പ്രത്യേകം വിദഗ്ധമായ ചികിത്സകൾ ശ്രീസൗഖ്യയിൽ ചെയ്തു വരുന്നു.

## Medical Services:

- ✓ Pharmacy
- ✓ Classical Panchakarma treatments
- ✓ Kerala special massage therapies
- ✓ Outpatient consultation
- ✓ Walk-in treatments

## Doctors :



Dr. Ravikumar Kavungal
Senior Physician



Dr. Smitha Baby
Alternative Medicine Practitioner



Dr. Abdul Shukoor
Alternative Medicine Practitioner

(+973) 1310 0151 | 7799 2100 (+973) 3362 2005 info@srisoukya.com
House 1005, Road 3320, Block 333, Mahooz, Manama, Kingdom of Bahrain
srisoukyabh f srisoukya www.srisoukya.com

നോമ്പ് ജീവിതം

# റിനൂസിൻെറ പാനൂസ്

**● ലിനീഷ് ചെഞ്ചേരി**



മുഹമ്മദ് റിനൂസ്. അതായിരുന്നു അവന്റെ പേര്. ശ്രീലങ്കൻ സ്വദേശി. കറുത്തുനീണ്ട മെലിഞ്ഞ ദേഹം പോലെതന്നെയായിരുന്നു അവന്റെ മുഖവും. നീണ്ടമുടി പുറകിലോട്ട് ചീന്തിവച്ച്, മുഖത്തെ ഉന്തിയ പല്ലുകൾ മുഴുവനും പുറത്തുകാട്ടി പരിചിതരോടും അപരിചിതരോടും വെറുതെ ചിരിച്ചുകൊണ്ട് അവൻ നടന്നു.അവനെ ഒരിക്കൽ നേരിൽ കണ്ടപ്പോൾ ഞാൻ പറഞ്ഞു: 'റിനൂസേ, നീ റിനൂസല്ല പാനൂസാണ്. നിന്റെ ചിരി പാനൂസിന്റെ വെളിച്ചം പോലെയാണ്...'

'പാനൂസോ, അതെന്താ...?'ഞാൻ മലയാളം കലർന്ന തമിഴിൽ വിശദീകരിച്ചു:

'ഞങ്ങളുടെ പൊന്നാനിയിൽ കാണുന്ന ഒരുതരം സ്നേഹവിളക്കാണത്. ഞങ്ങൾ പൊന്നാനിക്കാരുടെ സ്വകാര്യ അഹങ്കാരം'.

'അപ്പടിയാ...' ചിരി വീണ്ടും ഉച്ചത്തിലായി...

ഞങ്ങളുടെ ഹനുമാൻ സ്വാമിയുടെ വാലിൽ പന്തം കൊളുത്തിയവരാണ് നിങ്ങളുടെ നാട്ടുകാർ എന്നു പറഞ്ഞ് സതീഷും കബീറും ഞാനും ചേർന്നവനെ വെറുതെയാണെങ്കിലും പലപ്പോഴും പീഡിപ്പിക്കുമായിരുന്നു. അപ്പോഴെല്ലാം രാമായണകഥ മുഴുവനും അവനെന്നെകൊണ്ട് പറയിപ്പിക്കും. തിളങ്ങുന്ന കണ്ണുകളുമായി അവനിലെ ശ്രോതാവ് ചെവിക്കൂർപ്പിച്ചിരിക്കുന്നത് കഥപറച്ചിലിൽ എന്നെ ഉന്മത്തനാക്കിയിരുന്നു. കഥ തീരുമ്പോൾ, അശോകവനത്തിലകപ്പെട്ട സീതയെപ്പോലെ കണ്ണുകളിൽ എരിയുന്ന ലങ്കയുമായി അവൻ ഇരിക്കും.



രണ്ടായിരത്തിപത്തിലെ നോമ്പുകാലത്തായിരുന്നു അത്. സമയം വെട്ടിക്കുറച്ചിട്ടും അധികജോലി ഉള്ളതിനാൽ അമുസ്‌ലീം ആയ ഞങ്ങൾ ക്ലോക്ക് നോക്കാതെ ജോലിചെയ്യാൻ നിർബന്ധിതമായ സമയം. മരുഭൂമിയിലെ മണൽത്തരികളിലും പ്രവാസത്തിന്റെ പ്രയാസങ്ങളിലും അതിജീവനത്തിന്റെ പുത്തനധ്യായങ്ങൾ എഴുതിച്ചേർക്കുന്ന സമയം.

ബാങ്ക് വിളിക്കുന്നതിന് കുറച്ചു സമയം മുമ്പ് ജോലി അവസാനിപ്പിച്ച് ആറുനിലക്കെട്ടിടത്തിൽ നിന്നും താഴെയിറങ്ങിയപ്പോൾ, കയ്യിൽ കുപ്പി വെള്ളവുമായി പോക്കുവെയിൽ പോയ വീഥികളിലേക്ക് നോക്കി ലോബിയുടെ മൂലയിൽ ചാരിയിരിക്കുന്ന റിനൂസിനെയാണ് കണ്ടത്.

അടുത്ത് ചെന്ന് കാര്യമന്വേഷിച്ചപ്പോൾ ഓഫിസിൽ നിന്നും എന്നേക്കാൾ മുന്നേ ഇറങ്ങിയെന്നും, ലേബർക്യാമ്പിൽ പോകാനുള്ള ബ്ലോക്കിൽപ്പെട്ട വണ്ടിയെ കാത്തിരിക്കുകയാണെന്നും അറിഞ്ഞു.

'വണ്ടി ഇനി ഇവിടെ എത്തുമ്പോഴേക്കും നോമ്പ് തുറക്കാനുള്ള ബാങ്ക് വിളിക്കുമല്ലോ, നിന്റെ കയ്യിൽ എന്തേലുമുണ്ടോ നോമ്പ് തു

റക്കാൻ?'

കയ്യിലിരിക്കുന്ന കുപ്പി കാണിച്ചവൻ പറഞ്ഞു : 'എന്റെ കയ്യിൽ ഓഫിസിൽ നിന്നുമെടുത്ത വെള്ളമുണ്ട്. ദൂരെയുള്ള ഗ്രോസറിയിൽ പോയി എന്തേലും വാങ്ങുന്നേരം വണ്ടി പോയാൽ പിന്നെ ഞാൻ ടാക്സി വിളിച്ചു പോകേണ്ടിവരും. അതുകൊണ്ട് ഇനി ക്യാമ്പിൽ പോയി നോമ്പ് തുറക്കാം എന്ന് കരുതി.'

എന്റെ ചോദിക്കാനുള്ള ചോദ്യങ്ങളുടെ ഉത്തരവും കയ്യിൽ പൈസ ഇല്ലാത്തതിന്റെ നിശ്ശബ്ദ സങ്കടം പറയാതെ പറഞ്ഞതും എനിക്കവനിൽ ബഹുമാനമുളവാക്കി.

കാര്യങ്ങളെ വളരെ നിസ്സാരവൽക്കരിച്ചായിരുന്നു അവനിത്രയും പറഞ്ഞത്. പക്ഷേ, അവന്റെ ചിരിയിലെ ചന്ദ്രക്കലയുടെ ഒളി പതുക്കെ മങ്ങിതുടങ്ങിയിരുന്നു. എന്നെ നോക്കാതെ, അടുത്ത ഫ്ലാറ്റിലെ ബാൽക്കണിയിൽ കലപില കൂട്ടുന്ന പ്രാവിൻ കൂട്ടങ്ങളിലേക്ക് അവൻ നോട്ടമെറിഞ്ഞു.

റിനൂസിനെ അങ്ങനെ ഒറ്റയ്ക്ക് വിടെ വിട്ട് വരാൻ മനസ്സുവന്നില്ല. ഗ്രോസറിയിലേക്കോടി. അത് അടച്ചിട്ടിരിക്കുന്നു. തിരിച്ചു വന്ന് ഓഫിസിലേക്ക് തിരിച്ചു കയറി. എല്ലായിടവും പരതിനോക്കിയപ്പോൾ മാക് വിറ്റീന്റെ ഡൈജസ്റ്റീവ് ബിസ്കറ്റിന്റെ പൊട്ടിക്കാത്ത പാക്കറ്റ് കിട്ടി. നോമ്പ് തുറക്കാൻ സമയത്ത് കഴിക്കാൻ പറ്റുമോ എന്നറിയില്ലെങ്കിലും അതെടുത്തവനു കൊടുത്തു.

ഈന്തപ്പഴമില്ലാതെ എങ്ങിനെ നോമ്പുമുറിക്കും. ഓഫിസിനടുത്തുള്ള അൽ മിനാ റോഡിലേക്ക് വച്ചുപിടിച്ചു. ഈന്തപ്പനയിലേക്ക് കയ്യെത്താനുള്ള ഉയരമില്ല. ചില നേരങ്ങളിൽ ഉയരമില്ലായ്മ പ്രശ്നം തന്നെയാണ്. അടുത്ത് കണ്ട പാക്കിസ്ഥാനിക്ക് പത്തു ദിർഹം നൽകി ഈന്തപ്പഴം പറിപ്പിച്ചു. കിട്ടിയതിൽ പാതി അയാൾക്കും ബാക്കി റിനൂസിനും കൊടുത്തു.

എനിക്കുവേണ്ടി കാത്തു നിന്നപോലെ, നാലുഭാഗങ്ങളിൽ നിന്നും ബാങ്കിന്റെ അലയൊലികൾ ഞങ്ങളെ പൊതിഞ്ഞു. അവന്റെ ചിരിയിലെ വെളിച്ചം അവനു തന്നെ തിരിച്ചു നൽകി.

തലകുനിക്കാത്ത കാരണത്താലായിരിക്കാം റിനൂസിന് ജോലി പെട്ടെന്ന് നഷ്ടമായത്. പിരിഞ്ഞു പോകാനുള്ള അറിയിപ്പ് കത്തുമായി ഒരു ദിവസം അവൻ എന്റടുത്തു വന്നു പറഞ്ഞു: 'നിങ്ങൾ എപ്പോഴും പറയാറുള്ള പാനൂസ് എനിക്കൊരെണ്ണം ഒപ്പിച്ചു തരാമോ? നാട്ടിൽ കൊണ്ടുപോകാനാണ്.'

പാനൂസെന്നാൽ വെറും ഒരു റാന്തലല്ലെന്ന് പറഞ്ഞ് അവനെ അതിൽ നിന്നും പിന്തിരിപ്പിക്കാമായിരുന്നു എനിക്ക്. അവന്റെ മുഖത്തെ ചിരിയുടെ മഹാസമ്മേളനത്തിലേക്ക് കദനത്തിന്റെ കരിന്തിരിയെറിയാൻ താൽപര്യമില്ലാത്തതിനാൽ പാനൂസൊപ്പിച്ചു തരാമെന്നു ഞാൻ വാക്ക് കൊടുത്തു.

അടുത്തയാഴ്ച്ച നാട്ടിൽ നിന്നും വരുന്ന പൊന്നാനിക്കാരൻ സുഹൃത്തുവഴി പാനൂസിനെപ്പോലെ തോന്നിക്കുന്നൊരു റാന്തൽ വിളക്ക് ഞാനവന് വേണ്ടി എത്തിച്ചു.

അടുത്തയാഴ്ച്ച യാത്ര പറയാൻ വന്ന റിനൂസിനെ ചേർത്തു പിടിച്ചുകൊണ്ട് ഞാൻ പറഞ്ഞു: 'ഭൂമി ഉരുണ്ടതാണെന്നല്ലേ റിനൂസ് പറയുന്നത്. നമ്മൾ എവിടെയെങ്കിലും വച്ച് വീണ്ടും കണ്ടുമുട്ടും. അപ്പോൾ ഒരുപക്ഷേ നീ നേരിനെ മുഖാമുഖം സന്ധിചെയ്യുകയാവാം. അപ്പോഴും നിന്റെ മുഖത്ത് ഈ ചിരിയുണ്ടാവണം. നല്ല മനസ്സുള്ളവർക്ക് മാത്രമേ ഇങ്ങനെ ഹൃദയം തുറന്ന് ചിരിക്കാൻ കഴിയുകയുള്ളൂ..'



ഈ അടുത്ത് ടി.വിയിൽ കണ്ട ശ്രീലങ്കൻ തെരുവിലെ പ്രക്ഷോഭങ്ങൾക്കിടയിൽ റിനൂസെന്ന് തോന്നിപ്പിക്കുന്നൊരു മുഖം കണ്ടു. അത് റിനൂസ് തന്നെയാവണം. കാരണം, തണുത്തുറയാത്ത രക്തവും അസ്വസ്ഥമായി ചിന്തിക്കുന്ന മസ്തിഷ്കങ്ങളെ തച്ചുടക്കാനുള്ള കെൽപ് സ്വന്തമായുള്ളൊരാളുമായിരുന്നു അയാൾ.

ഞാൻ കൊടുത്ത പാനൂസ് വിളക്ക് ഈ റമദാൻ കാലത്ത് റിനൂസ് തീർച്ചയായും തെളിയിച്ചു കാണണം. അപ്പോഴും അയാൾ എനിക്ക് വേണ്ടി ഒരു ചിരി മുഖത്തു മാറ്റിവച്ചു കാണും. ഒരു അമ്പിളിവെട്ടം ശ്രീലങ്കയിലെ അയാളെയും, ഇങ്ങ് ദുബായിലെ എന്നേയും പാളിനോക്കുന്നുണ്ടാവണം.

പക്ഷേ റിനൂസ്, നിന്റെ ചിരിയേക്കാൾ വെളിച്ചമുള്ളൊരു വിളക്ക് ഞാനിന്നും അന്വേഷിച്ചു പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണ്..!

നോമ്പനുഭവം

# പ്രകാശം പരത്തിയ നോമ്പുതുറ

**ആ റമദാൻ സന്ധ്യയിൽ ബിന്ദു ഒറ്റക്കായിരുന്നില്ല. അതിജീവനത്തിന്റെ പോരാട്ടത്തിൽ യു.എ.ഇയിലെയും നാട്ടിലെയും അക്ഷരസ്നേഹികൾ കൂടെയുണ്ടായിരുന്നു**

• **അസി**
(തിരക്കഥാകൃത്ത്, നോവലിസ്റ്റ്)



ഗൾഫിലെ പ്രശസ്തമായ സ്കൂൾ ഓഡിറ്റോറിയത്തിൽ ആയിരങ്ങൾ ഒരുങ്ങിനിൽക്കുന്നു. എല്ലാ മതവിഭാഗത്തിലുള്ളവരും വിവിധ സാമൂഹിക പശ്ചാത്തലത്തിലുള്ളവരും മാധ്യമപ്രവർത്തകരും പങ്കെടുക്കുന്ന ചടങ്ങ് ഒരു അത്ഭുതത്തിന് സാക്ഷ്യം വഹിക്കുകയാണ്.

ഓഡിറ്റോറിയത്തിന്റെ സ്റ്റേജിൽ, ഉയിർത്തെഴുന്നേൽപിന്റെയും പോരാട്ട വീര്യങ്ങളുടെയും പ്രതീകമായി ഒരു സ്ത്രീ; ബിന്ദു സന്തോഷ് എന്ന കവയിത്രി! മാനവികതയുടെ പൂർണ പ്രതീക്ഷകളുമായി ഒരു പുരുഷാരം അവർക്ക് മുന്നിൽ നിൽക്കുന്നു. 19ാം വയസ്സിൽ കാഴ്ച നഷ്ടപ്പെട്ട ബിന്ദു സന്തോഷ് എഴുതിയ കഥകളുടെയും കവിതകളുടെയും സമാഹാരമാണ് ഇവിടെ പ്രകാശനം ചെയ്യുന്നത്. അകക്കണ്ണിലൂടെ ലോകം കാണുന്ന ബിന്ദുവിനു വേണ്ടി കണ്ണ് തുറക്കുന്ന സഹൃദയക്കൂട്ടായ്മയുടെ മനോഹര കാഴ്ച..!

പത്തൊമ്പത് വയസ്സുള്ളപ്പോൾ ബിന്ദു സന്തോഷിന്റെ സ്വപ്നങ്ങൾക്ക് കരിനിറം നൽകിയത് ഡോക്ടറുടെ അശ്രദ്ധയാണ്. ബിന്ദു ആദ്യ കുഞ്ഞിനെ ഉദരത്തിൽ വഹിക്കുമ്പോഴാണ് ചികിത്സിക്കുന്ന ഡോക്ടർ മരുന്ന് മാറി കുത്തിവെച്ചത് രണ്ട് കണ്ണിന്റെയും കാഴ്ചശക്തി നഷ്ടപ്പെടാനിടയാക്കിയത്. അന്ധയായിത്തീർന്ന ബിന്ദു, സന്തോഷ് എന്ന വെളിച്ചത്തിന്റെ സഹായത്തോടെ വിധിയെ ധീരതയോടെ നേരിട്ടു. ഒരു കുഞ്ഞിനു ജന്മം നൽകി വളർത്തി. അന്ധയാണെന്ന കുറവുകൾ വകവെക്കാതെ അവർ സാധാരണ ജീവിതം നയിച്ചു. ചൈനയിലെ വൻമതിൽ സന്ദർശിച്ചതടക്കം ഭർത്താവൊന്നിച്ച് അനേകം യാത്രകൾ നടത്തി. പാരാസൈലിംഗ് പോലെയുള്ള സാഹസികത പോലും ചെയ്തു.

കാഴ്ച നഷ്ടപ്പെട്ടതിൽ ബിന്ദുവിന് ഏറ്റവും ദുഃഖമുണ്ടായിരുന്നത് രണ്ട് കാര്യങ്ങൾക്കായിരുന്നു. നൊന്തു പ്രസവിച്ച മകന്റെ മുഖം കാണാൻ കഴിയാത്തതിലും പിന്നെ ചെറുപ്പം തൊട്ടേ ലഹരിയായിരുന്ന വായന ഇല്ലാതായതിലും.

ഇവിടെ ദുബൈയിൽ ബിന്ദുവിന്റെ കഥയറിഞ്ഞ രമേശ് പെരുമ്പിലാവ് എന്ന അക്ഷരസ്നേഹി, ആനുകാലികങ്ങളിൽ വരുന്ന കഥകളും കവിതകളും അവർക്ക് വായിച്ചുകൊടുത്തു. ഒന്നും രണ്ടും വർഷം അല്ല, പത്തിലധികം വർഷങ്ങൾ..!

ബിന്ദു പതിയെ എഴുത്തിന്റെ ലോകത്തെത്തി. രമേശ് പെരുമ്പിലാവ്, ബിന്ദുവിന്റെ കഥകളും കവിതകളും പകർത്തിയെഴുതി. 'വാക്ക്സ്ഥലി' എന്ന അവരുടെ ബ്ലോഗിൽ നിറഞ്ഞ 85 കഥകളും 45 കവിതകളും മനുഷ്യന്റെ അടങ്ങാത്ത അതിജീവനത്തിന്റെ പ്രതിരൂപങ്ങളായി നമ്മുടെ മുന്നിൽ തിളങ്ങുന്നു.

ബിന്ദുവിന്റെ മുന്നിൽ വിധി വീണ്ടും തന്റെ ചതുരംഗം വെച്ചിരിക്കുകയാണ്. ഇപ്രാവശ്യം വൃക്കകൾ വലുപ്പം മാറുക എന്ന അപൂർവ അസുഖമാണ് അവരെ ബാധിച്ചിരിക്കുന്നത്. രണ്ടു വൃക്കകളും വളർന്ന് വാരിയെല്ലിൽ മുട്ടുന്നു, ദേഹം അനങ്ങുമ്പോൾ പോലും കഠിനമായ വേദന. ഓട്ടോ ഇമ്യൂൺ അസുഖമുള്ളതുകൊണ്ട് വേദന സംഹാരികളും എടുക്കാനാകില്ല; കൂടാതെ ശ്വാസ തടസ്സവും.

പക്ഷേ, ആ റമദാൻ സന്ധ്യയിൽ ബിന്ദു ഒറ്റക്കായിരുന്നില്ല. അതിജീവനത്തിന്റെ പോരാട്ടത്തിൽ യു.എ.ഇയിലെയും നാട്ടിലെയും അക്ഷരസ്നേഹികൾ കൂടെയുണ്ട്. യു.എ.ഇയിലെ സാഹിത്യക്കൂട്ടായ്മയായ 'അക്ഷരക്കൂട്ടം' ബിന്ദുവിന്റെ രചനകൾ 'വാക്ക്സ്ഥലി' എന്ന പേരിൽ പുസ്തകമായി പ്രസിദ്ധീകരിക്കുകയാണ്.

എഴുത്തുകാരിയുടെ ജീവിതം തിരിച്ചുപിടിക്കാൻ ശ്രമിക്കുന്ന 'വാക്ക്സ്ഥലി' എന്ന അതിജീവനത്തിന്റെ പുസ്തകം അന്ന് വിറ്റഴിഞ്ഞത് മുപ്പതു ലക്ഷം രൂപക്കാണ്. യു.എ.ഇയിലെ റേഡിയോ, ടി.വി, പത്ര സുഹൃത്തുക്കൾ, എഴുത്തുകാർ, വാഗ്മികൾ, നിരവധി സംഘടനകളിൽ പ്രവർത്തിക്കുന്നവർ.. ഇങ്ങനെ നിരവധി പേർ നയിച്ച ഈ ഉദ്യമത്തിൽ സാധാരണക്കാരും ബിസിനസുകാരും അടങ്ങുന്ന മനുഷ്യസ്നേഹികൾ ഒന്നിച്ചപ്പോൾ അത്ഭുതമാണ് സംഭവിച്ചത്. പള്ളി റിപ്പയർ ചെയ്യാൻവേണ്ടി മാറ്റിവെച്ച പണവും സകാത്തിന്റെ പണവുമൊക്കെ ഈ നല്ല കാര്യത്തിനു വേണ്ടി ചെലവഴിച്ചു. മനുഷ്യരൊന്നായ ഈ റമദാൻ കൂടുതൽ ചൈതന്യം നിറഞ്ഞതായിരുന്നു. ബിന്ദു സന്തോഷിന്റെ പുസ്തകപ്രകാശനവുമായി നടത്തിയ നോമ്പു തുറയാണ് എന്റെ ജീവിതത്തിലെ ഏറ്റവും പ്രകാശം നിറഞ്ഞ നോമ്പുതുറ.




വ്രതശുദ്ധിയുടെയും ആത്മസമർപ്പണത്തിന്റെയും
പുണ്യദിനങ്ങൾ വന്നെത്തി..
എവർക്കും ദാർ അൽ ഷിഫയുടെ
ആരോഗ്യപൂർണമായ

# റമദാൻ

ആശംസകൾ..




HIDD HOORA
16 16 16 16

DAR AL SHIFA
MEDICAL CENTRE




foodworldgroup.com | Foodworld WII | foodworldbh

| | | | | | | | |
|---|---|---|---|---|---|---|---|
| MANAMA | 17583111 | ARAD | 17536111 | BUSAITHEEN | 13688688 | SANABIS | 33607111 |
| MALKIYA | 17296000 | JUFFAIR | 17729002 | SEEF | 17260111 | SALMAN CITY | 33614111 |
| GALALI | 35097111 | ADLIYA | 17483111 | SALMABAD | 33108282 | SAAR | 33608111 |
| HAMAD TOWN | 17420400 | RIFFA | 17006111 | KING HAMAD HOSPITAL | 38000190 | SAADA | 38389932 |
| | | | | | | AWALI | 33626111 |

Opening Soon : Al-Saya Petrol Station | Ma'ameer Petrol Station.!

FOOD WORLD — Any Time for you


alreef panasia restaurant
BAHRAIN - INDIA
Ramadan Kareem
alreefpanasiabh
+973 17721600 | +973 38000169
Iftar Box
alreef panasia restaurant

# കരുതലിൻെറ നോമ്പൊരുക്കുന്നവർ

● **ഉമ്മു ഹബീബ എ.കെ.**

കിടഞ്ഞിക്കുന്നിന്റെ താഴ്വരയിൽ പ്രകൃതി അനുഗ്രഹിച്ചു നൽകിയ വിസ്തൃതമായ കായൽപരപ്പാണ് അകലാപ്പുഴ. ഓളങ്ങളില്ലാതെ, അടിയൊഴുക്കില്ലാതെ ശാന്തമായി ഒഴുകുന്ന വൃത്തിയും വെടിപ്പുള്ളതുമായ ജലാശയം. ഇതിനോട് അരികുപറ്റിയാണ് പുറക്കാട് ശാന്തിതീരമെന്ന സദാ കളിയും ചിരിയും നിറഞ്ഞ മനോഹരമായ ഇടവും.. പ്രവാസികളുടെയും നാട്ടുകാരുടെയും കരുതലിൽ സേവന സന്നദ്ധരായ ഒരു പറ്റം മനുഷ്യരുടെ ജീവിതവും നോമ്പും പെരുന്നാളും ഇതിനോട് ചുറ്റിപ്പറ്റിയാണ്...

ശ്രദ്ധയും കരുതലും ഏറെ ആവശ്യമുള്ള, ഭിന്നശേഷിക്കാരെന്നോ ബുദ്ധിമാന്ദ്യം ബാധിച്ചവരെന്നോ വിളിച്ച് ലാഘവത്തോടെ സമൂഹം മാറ്റിനിർത്തുകയോ നാലുചുവരുകൾക്കുള്ളിൽ തളച്ചിടുകയോ ചെയ്യപ്പെട്ട ഒരു വിഭാഗത്തെ ഇവർ കണ്ണിലെ കൃഷ്ണമണിപോലെ ചേർത്തുപിടിക്കുകയാണ്...

ഇതൊരു ലോകമാണ്. ഇവിടെ ഇടക്ക് വയലന്റാവുന്നവരുണ്ട്, പൊട്ടിച്ചിരിക്കുന്നവരുണ്ട്, കരയുന്നവരുണ്ട്, ചാടിയും ഓടിയും കളിക്കുന്നവരുണ്ട്, ഒന്നും മിണ്ടാതെ ഏകാന്തതയിലേക്ക് കണ്ണും നട്ട് ഇരിക്കുന്നവരുണ്ട്, കിടന്നകിടപ്പിൽ നിന്നെഴുന്നേൽക്കാനാവാത്തവരും നടക്കാനാവാത്തതും കാഴ്ചയില്ലാത്തതും സംസാരിക്കാൻ കഴിയാത്തവരുമുണ്ട്. പ്രായം കൊണ്ട് മുതിർന്നവരാണെങ്കിലും മനസ്സിന് ചെറുപ്പം ബാധിച്ചവരാണ് പലരും... ഇവിടെ എത്ര കുറുമ്പ് കാട്ടിയാലും അടിയോ ശിക്ഷയോ ഇല്ല. ശാസനയോ കുറ്റപ്പെടുത്തലോ ഇല്ല. മറിച്ച് സ്വാന്തനവും സ്നേഹസ്പർശവും മാത്രം...

നീണ്ട ഒമ്പതു വർഷത്തെ കാത്തിരിപ്പിനൊടുവിലാണ് പുറക്കാട് കിടഞ്ഞിക്കുന്നിലെ ഹബീബ് മസൂദ്- സറീന മസൂദ് ദമ്പതികൾക്ക് ആൺകുഞ്ഞ് പിറക്കുന്നത്. കുഞ്ഞിന് ഓട്ടിസമാണെന്ന് ഡോക്ടർമാർ വിധിയെഴുതിയപ്പോൾ ആദ്യം പകച്ചെങ്കിലും മനക്കരുത്തോടെ നേരിട്ടു. മകനെപോലുള്ളവർക്ക് ആശ്വാസവും പരിശീലനവും പുനരധിവാസവും സാധ്യമാക്കുന്ന ഒരു ഭിന്നശേഷി വിദ്യാലയം സ്ഥാപിക്കുകയാണ് അവർ ചെയ്തത്.

മൂന്നു കുട്ടികളുമായി 2010 ഡിസംബർ 23നാണ് പുറക്കാട് ശാന്തിസദനം ആരംഭിച്ചത്. സെറിബ്രൽ പാൾസി, ഓട്ടിസം, ഡൗൺ സിൻഡ്രോം, മൾട്ടിപ്പ്ൾ ഡിസെബിലിറ്റി, ലേണിങ് ഡിസെബിലിറ്റി തുടങ്ങി വിവിധ പേരുകളുള്ള നോവുകളനുഭവിക്കുന്നവരുൾപ്പെടെ 180 ഓളം കുട്ടികളുണ്ട് ഇന്നിവിടെ. ആറു വയസ്സു മുതൽ 49 വയസ്സുള്ളവരുണ്ട് കൂട്ടത്തിൽ. 104 പേരോളം 18 വയസ്സിന് താഴെയുള്ളവരാണ്. പ്രത്യേക പരിശീലനം നേടിയ 12 ടീച്ചർമാരുൾപ്പെടെ 39 ഓളം സ്റ്റാഫുകളുടെ കീഴിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. സ്റ്റാഫുകളിൽ നാലു പേർ സ്ഥാപനത്തിൽ പഠിച്ചവരാണ്.

ചെയർമാൻ ഹബീബ് മസൂദ്, മാനേജർ അബ്ദുൽ സലാം ഹാജി, പ്രിൻസിപ്പൽ എസ്. മാ





പുറക്കാട് ശാന്തി സദനം വിദ്യാർഥികൾ

യ, സറീന മസൂദ് തുടങ്ങിയവരാണ് ശാന്തിസദനത്തിന്റെ അമരക്കാർ 2018ൽ അക്കാദമിക രംഗത്ത് ഏറ്റവും മികച്ച സ്കൂളിനുള്ള സംസ്ഥാന ബാലാവകാശ കമീഷന്റെ പുരസ്കാരത്തിന് ശാന്തി സദനം അർഹമായിരുന്നു.

**ശ്രദ്ധയും കരുതലും ഏറെ ആവശ്യമുള്ള, ഭിന്നശേഷിക്കാരെന്നോ ബുദ്ധിമാന്ദ്യം ബാധിച്ചവരെന്നോ വിളിച്ച് ലാഘവത്തോടെ സമൂഹം മാറ്റിനിർത്തുകയോ നാലുചുവരുകൾക്കുള്ളിൽ തളച്ചിടുകയോ ചെയ്യപ്പെട്ട ഒരു വിഭാഗത്തെ ഇവർ കണ്ണിലെ കൃഷ്ണമണിപോലെ ചേർത്തുപിടിക്കുകയാണ്**

## ഇവിടം സ്വർഗമാണ്

70 ശതമാനം കുട്ടികളും ഏതെങ്കിലും തരത്തിലുള്ള തെറപ്പികൾ ആവശ്യമുള്ളവരാണ്. ഒപ്പം കുട്ടികളുടെ ബുദ്ധിപരമായ വെല്ലുവിളികളെ തിരിച്ചറിഞ്ഞ് വൈവിധ്യമാർന്ന പഠന നിർമാണ പ്രവർത്തനങ്ങളും അവരുടെ മാനസികോല്ലാസത്തിനുപകരിക്കുന്ന യാത്രകളും ശിൽപശാലകളും കലാകായിക പരിശീലനങ്ങളും വളരെയധികം ചിട്ടയോടെ വിദഗ്ധരുടെ നേതൃത്വത്തിൽ നടന്നു വരുന്നുണ്ട്. മാസം 10 ലക്ഷത്തോളം പ്രവർത്തന ചെലവുള്ള ശാന്തിസദനം സുമനസ്സുകളുടെ കാരുണ്യത്തിലും സ്പോൺസർഷിപ്പിലുമാണ് മുന്നോട്ട് പോവുന്നത്. ഭക്ഷണം, വസ്ത്രം, മരുന്ന്, പഠനോപകരണം, തെറപ്പി, യാത്ര, മറ്റു സർവിസുകൾ തുടങ്ങി എല്ലാം ഇവിടെ സൗജന്യമാണ്. യാത്രകളും കളിയും മാത്രമല്ല, ഇവരുടെ ബൗദ്ധികക്ഷമത വർധിപ്പിക്കുന്നതിനായി സംഗീതം, എയറോബിക്സ്, മാസ്ഡ്രിൽ, യോഗ, ധ്യാനം തുടങ്ങിയവ പരിശീലിപ്പിക്കുന്നുണ്ട്. അനുബന്ധമായി പ്രവർത്തിക്കുന്ന വൊക്കേഷനൽ ട്രെയിനിങ്ങിനു കീഴിൽ കുട്ടികൾക്ക് വിവിധ നിർമാണ പരിശീലനവും നടക്കുന്നുണ്ട്. കാർപെറ്റ്, ചൂൽ, പൂക്കൾ, ആഭരണങ്ങൾ, ഫിനൈൽ, ഡിഷ് വാഷ്, പേപ്പർ ബാഗ് പോലുള്ളവയാണ് നിർമിക്കുന്നത്. ചെറുകൃഷിയും അനുബന്ധമായി നടക്കുന്നുണ്ട്. കുട്ടികളിൽ ഭൂരിഭാഗവും സാധാരണക്കാരുടെ മക്കളാണ്.
വിൽപനയിലൂടെ ലഭിക്കുന്ന പണത്തിന്റെ ഒരു പങ്കും ഇവർക്ക് ലഭിക്കുന്നത് വഴി വരുമാനം ഉറപ്പുവരുത്തുന്നു.

## കൈപിടിച്ച് ഉയരത്തിലേക്ക്...

ഏറെ താലോലിച്ചോമനിച്ച് വളർത്തി വലുതാക്കുന്ന മക്കൾ വളർച്ചയുടെ ഏതെങ്കിലും ഘട്ടത്തിൽ നിസ്സാരമായതോ വെല്ലുവിളികൾ നിറഞ്ഞതോ ആയ അസുഖങ്ങൾ, പ്രതിസന്ധികൾ, അസാധാരണമായ ജീവിതാവസ്ഥകൾ എന്നിവയിലേതെങ്കിലുമൊന്ന് നേരിടേണ്ടിവന്നാൽ അത്തരം സന്ദർഭങ്ങളിൽ അടിപതറാതെ അവരെ ചേർത്തുപിടിച്ച് മുന്നോട്ടുപോവാനുള്ള പ്രായോഗിക പാഠങ്ങൾ ശാന്തി സദനത്തിന്റെ നേതൃത്വത്തിൽ പകർന്നുകൊണ്ടേയിരിക്കുകയാണ്. ബന്ധുക്കളിൽനിന്നും സമൂഹത്തിൽനിന്നും സ്കൂളുകളിൽനിന്നും മക്കൾക്കോ രക്ഷിതാക്കൾക്കോ ഇനിയൊരു വേദനയോ അവഗണനയോ ഉണ്ടാവരുതെന്ന് നിർബന്ധമുണ്ട് ഇവർക്ക്..

പഠന പരിശീലനത്തിലും ഭൗതിക സൗകര്യങ്ങളിലും അന്താരാഷ്ട്ര നിലവാരം കൈവരിക്കാൻ സാധിക്കുകയും അതിന്റെ പൂർണ പ്രയോജനം ഇവിടെയുള്ള എല്ലാകുട്ടികൾക്കും ലഭ്യമാക്കുകയും ലക്ഷ്യമിട്ട് ശാന്തിസദനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിഹാബിലിറ്റേഷൻ ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ് (സിറാസ്) വിവിധ കർമപദ്ധതിയുമായി കുതിക്കുകയാണ്. ●

നോമ്പനുഭവം

# നസ്റിനും സൗമിയും പഠിപ്പിച്ചു തന്ന നോമ്പുപ്രാർഥന

● **രമ്യ സുരേഷ്**

നഴ്സിങ്ങിന് പഠിക്കുന്ന കാലത്താണ് ആദ്യമായും അവസാനമായും നോമ്പെടുക്കുന്നത്. നസ്റിനും സൗമിയുമായിരുന്നു അന്നത്തെ ഉറ്റ സുഹൃത്തുക്കൾ. അവർ നോമ്പെടുക്കുന്നതിനൊപ്പം ഞാനും ചേരും. അഞ്ച് നോമ്പാണ് അന്നെടുത്തത്. നോമ്പിന് മുമ്പും ശേഷവുമുള്ള ദുആയെല്ലാം (പ്രാർഥന) അവർ പറഞ്ഞുതരും. ഞാൻ അതേറ്റു ചൊല്ലും. ഹോസ്റ്റൽ കാലമായിരുന്നു അത്. അതുകൊണ്ടുതന്നെ കൃത്യസമയത്ത് ഭക്ഷണമൊന്നും കിട്ടില്ല. അതോടെയാണ് നോമ്പെടുക്കൽ നിർത്തിയത്. സമയത്ത് ഭക്ഷണം കഴിച്ചില്ലെങ്കിൽ ചില ആരോഗ്യ പ്രശ്നങ്ങളുണ്ടായിരുന്നു. വെള്ളം കുടിക്കാതിരിക്കാൻ കഴിയില്ല. മുസ്‌ലിം സുഹൃത്തുക്കളാണ് കൂടുതലും. നോമ്പും പെരുന്നാളുമെല്ലാം അവരോടൊത്താണ് ആഘോഷം.

ഗൾഫിലെത്തിയത് മുതൽ ചേട്ടായി (ഭർത്താവ് സുരേഷ്) നോമ്പെടുക്കാറുണ്ട്. ആരോഗ്യം ശ്രദ്ധിക്കുന്നയാളാണ്. ഡയറ്റിന്റെ ഭാഗം കൂടിയാണ് നോമ്പെടുക്കൽ. സാധാരണ നോമ്പുകാരെ പോലെ പുലർച്ച എഴുന്നേറ്റ് അത്താഴം കഴിക്കും. എല്ലാവരും നോമ്പുതുറക്കുന്ന സമയത്താണ് പിന്നീട് ഭക്ഷണം കഴിക്കുക. ജീരകക്കഞ്ഞിയാണ് ഇഷ്ട വിഭവം. നോമ്പുതുറ വിഭവങ്ങൾ തന്നെയായിരിക്കും ഇടയത്താഴത്തിനും കഴിക്കുക. നോമ്പുകാലത്ത് വൈകുന്നേരം വ്യത്യസ്തമായ പലഹാരങ്ങളുമായാണ് ചേട്ടായിയുടെ വരവ്. ഇതിനായി ഞാൻ കാത്തിരിക്കും. നോമ്പുകാലം കഴിയുമ്പോൾ ചേട്ടായിയുടെ തടി കുറയും, എന്റെ തടി കൂടും. അതാണ് പതിവ്. ചേട്ടായി ഒരിക്കൽ വെറുതെ നോമ്പെടുത്ത് നോക്കിയതാണ്. പിന്നീടത് തുടരുകയായിരുന്നു. മകൻ നവനീതും നോമ്പെടുക്കണമെന്ന് വാശി പിടിക്കാറുണ്ട്. പലപ്പോഴും പരീക്ഷക്കാലമായതിനാൽ സമ്മതിക്കാറില്ല. എന്നിട്ടും അവൻ നോമ്പെടുത്തിട്ടുണ്ട്. ദുബൈയിലായിരിക്കുമ്പോൾ മിക്ക ദിവസങ്ങളിലും ഇഫ്താർ വിരുന്നുകളുണ്ടാകും. എല്ലാവർഷവും വീട്ടിലും ഇഫ്താർ നടത്താറുണ്ട്. പെരുന്നാൾ ദിവസം സുഹൃത്തുക്കളുടെ വീട്ടിലായിരിക്കും ആഘോഷം.



2009ലാണ് ദുബൈയിൽ എത്തുന്നത്. ഒരു വർഷം നഴ്സായി ജോലി ചെയ്തു. പിന്നീട് ആ ഫീൽഡ് വിട്ടു. അപ്പോഴും സിനിമ മനസ്സിലുണ്ടായിരുന്നു. അപ്രതീക്ഷിതമായാണ് പല അവസരങ്ങളും ലഭിച്ചത്. സിനിമയുമായി യാതൊരു ബന്ധവുമില്ലാത്ത ചുറ്റുപാടിലാണ് ജനിച്ച് വളർന്നത്. 'കുട്ടൻ പിള്ളയുടെ ശിവരാത്രി' എന്ന സിനിമയുടെ ഓഡിഷൻ കോളിന് അപേക്ഷിച്ചതോടെയാണ് ജീവിതത്തിൽ വഴിത്തിരിവായത്. ഭാഗ്യത്തിന് സെലക്ഷൻ കിട്ടി.

സത്യൻ അന്തിക്കാടിന്റെ 'ഞാൻ പ്രകാശനാ'യിരുന്നു അടുത്ത ചിത്രം. പടം ഹിറ്റായതോടെ ഞാനും ഹിറ്റായി. ഇതോടെയാണ് നാട്ടിൽ സെറ്റിലാകുന്നതിനെ കുറിച്ച് ആലോചിച്ചുതുടങ്ങിയത്. 15ഓളം ചിത്രങ്ങളിൽ അഭിനയിച്ചു. മമ്മൂട്ടി ഉൾപ്പെടെയുള്ള വലിയ നടൻമാർക്കൊപ്പം അഭിനയിക്കാൻ ഭാഗ്യം ലഭിച്ചു. പപ്പൻ നമ്പ്യാർ സംവിധാനം ചെയ്യുന്ന 'വയസ്സെത്രയായി മൂപ്പത്തീ' എന്ന സിനിമയിലാണ് ഇപ്പോൾ അഭിനയിക്കുന്നത്. മക്കളായ നവനീതും നിവേദ്യയും ഇപ്പോൾ നാട്ടിലാണ്. ●

തയാറാക്കിയത്:
**ഷിഹാബ് അബ്ദുൽ കരീം**


Ramadan
Kareem
WHOLESALE | ALL KIND OF CHOCOLATE | CHIPS | MINU | BEVERAGES | CANDEES | GIFT ITEMS
MARASEEL
Live the Sweet life
مراسيل للتجارة د م م
MARASEEL TRADING W.L.L
OUR BRANCHES
RIFFA: 17760017 | HAMAD TOWN: 17415203 | MANAMA: 17300035 | MUHARRAQ: 17344267

നോമ്പനുഭവം

# പകരം ചോദിക്കാത്ത സ്നേഹാനുഭവം

● **സവാദ് റഹ്മാൻ**

ഈത്തപ്പഴം കടിച്ചും വെള്ളം കുടിച്ചുമാണ് നിത്യവും നോമ്പുതുറക്കുന്നതെങ്കിലും ഓരോ ദിവസത്തെ ഇഫ്താറിനും പല പല രുചിയാണ്. നോമ്പിന്റെ പകലിലോ അതല്ലെങ്കിൽ ബാങ്ക്നേരത്തിന്റെ അരികിലോ നമ്മൾ കണ്ട കാഴ്ചയോ, നമ്മെ സ്പർശിച്ച അനുഭവമോ ആവാം രുചിയുടെ ആ വൈവിധ്യത്തിൽ കൊണ്ടെത്തിക്കുന്നത്. ഒട്ടേറെ നഗരങ്ങളിലും ഗ്രാമങ്ങളിലും സിഖ് ഗുരുദ്വാരയിലുൾപ്പെടെ തികച്ചും വ്യത്യസ്തമായ ഇടങ്ങളിലുമിരുന്ന് നോമ്പ് തുറക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. അക്കൂട്ടത്തിലെ വിസ്മയകരമായ നോമ്പുതുറയെക്കുറിച്ച് ഇവിടെയെഴുതാം.

വർഷങ്ങൾക്കു മുമ്പ് ഡൽഹിയിൽ ജോലി ചെയ്യുമ്പോഴാണത്. ഫീച്ചറിന് പടമെടുക്കാൻ പോയി തിരിച്ചുവരുമ്പോൾ നോമ്പുതുറ സമയം അടുത്തതുകണ്ട് ജോർബാഗ് മെട്രോ സ്റ്റേഷനിൽ ഇറങ്ങി. അൽപമൊന്നു നടന്നാൽ പള്ളി കാണാമെന്ന് സ്റ്റേഷനിലെ ഓട്ടോക്കാരാണ് പറഞ്ഞുതന്നത്. അവിടെ ചെന്നുകയറുമ്പോൾ മൂലക്കിരുന്ന് കുറച്ചു പേർ പഴങ്ങൾ നുറുക്കുന്നു, പാത്രങ്ങൾ നിറക്കുന്നു. പഴഞ്ചൻ ചുമരുള്ള പള്ളി, ഷീറ്റുകൊണ്ട് വലിച്ചുകെട്ടിയ മേലാപ്പ്. വെറും മണ്ണിൽ പായ വിരിച്ചിരിക്കുന്നു. ഏതോ പ്രകൃതി പഠന ക്യാമ്പിൽ എത്തിയതുപോലെ. അംഗശുദ്ധി വരുത്തി ഒരു കോണിൽ ചെന്നിരുന്നു. വരുന്നവർ വരുന്നവർ അവിടെ വെച്ചിരിക്കുന്ന പെട്ടിയിൽ നിന്ന് എന്തോ പെറുക്കിയെടുക്കുന്നു. ചെന്നു നോക്കുമ്പോൾ ഉറുപ്പിക വട്ടത്തിലും സമചതുരത്തിലുമുള്ള മിനുസപ്പെടുത്തിയ മരക്കഷ്ണങ്ങളാണ്. മുമ്പൊരു പള്ളിയിലും കണ്ടിട്ടില്ല അങ്ങനെ. ഒരു ചെറുപ്പക്കാരനോടന്വേഷിച്ചു. "അതിലാണു ഞങ്ങൾ ശിയാക്കൾ സുജൂദിൽ (നമസ്കാരത്തിലെ സ്രാഷ്ടാംഗം) നെറ്റി വെക്കുക."

പ്രശ്നമൊന്നുമില്ല, നിങ്ങൾ എങ്ങനെയാണോ ചെയ്യാറ്, അതുപോലെ ചെയ്താൽ മതി. ശിയാ സമൂഹത്തിന്റെ പള്ളിയാണതെന്ന് അപ്പോഴാണറിയുന്നത്. മദ്രാസിലെ ആയിരം വിളക്കു പള്ളിയിൽ കൗതുകം കാണാൻ പോയിട്ടുണ്ടെന്നല്ലാതെ പ്രാർഥന സമയം ആദ്യമായാണ് ഒരു ശിയാ മസ്ജിദിൽ എത്തുന്നത്.



എവിടെ നിന്നാ? കേരളത്തിൽ നിന്ന്- ഇപ്പോൾ ഇവിടടുത്താണ് ജോലി. അതിനിടയിൽ മറ്റു ചിലരും ചുറ്റും കൂടി, ഇറാനി നേതാക്കളുടെതു പോലുള്ള തലപ്പാവും നേരിയ കറുത്ത തുണികൊണ്ടുള്ള മേലങ്കിയുമിട്ട പള്ളി ഇമാം ചിരപരിചിതനെപ്പോലെ ചിരിച്ച് ഹസ്തദാനം ചെയ്തു.

ആദ്യം കണ്ട ചെറുപ്പക്കാരൻ വന്നു തിരക്കി -എപ്പോഴാണ് നിങ്ങളുടെ നോമ്പുതുറ സമയം? 7.25 എന്നാൽ സമയമായി, നോമ്പു തുറന്നോളൂ... ഞങ്ങൾക്ക് അൽപം താമസമുണ്ട്.

പഴങ്ങളും പലഹാരങ്ങളും നിറച്ചുവെച്ച പാത്രങ്ങൾ ഇരിക്കുന്ന ഭാഗം ചൂണ്ടി അദ്ദേഹം പറഞ്ഞു. ശിയാ മുസ്‌ലിംകൾ പിന്തിച്ചാണ് നോമ്പുതുറക്കുക എന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. ശിയാ ആശയക്കാരനല്ലെന്നു മനസ്സിലാക്കിയ മറ്റു ചിലരും നോമ്പു തുറക്കാൻ നിർബന്ധിച്ചു. ഞങ്ങൾക്ക് നമസ്കാരം കഴിഞ്ഞാണ് നോമ്പുതുറ. നിങ്ങൾ കഴിക്കൂ...

ബാഗിൽ കരുതിയിരുന്ന കുപ്പിയിൽനിന്ന് വെള്ളം കുടിച്ച് നോമ്പു തുറന്നു. നമസ്കാര ശേഷം നോമ്പുതുറന്ന അവർക്കൊപ്പം ലഘുഭക്ഷണത്തിൽ പങ്കുകൊണ്ടു. അതിഥികൾ ഉണ്ടാകുന്നത് എപ്പോഴും സന്തോഷമാണ്. ഇന്ന് ഞങ്ങൾക്ക് ഒരു പാട് ദൂരെനിന്ന് അപരിചിതനായ അതിഥി എത്തിയതിൽ ഏറെ സന്തോഷമുണ്ടെന്നു പറഞ്ഞാണ് അവർ യാത്രയാക്കിയത്. പകരം ചോദിക്കാത്ത സ്നേഹവുമായിരുന്നു ആ നോമ്പുതുറയുടെ രുചി. അവിടെനിന്ന് മടങ്ങവെ മൊട്ടിട്ട പുഞ്ചിരി ഈ കുറിപ്പ് എഴുതുമ്പോൾ വീണ്ടും വിരിയുന്നുണ്ട് മനസ്സിൽ.



RealBev.
We Pursue Excellence
Richness in every Cup
LET THIS RAMADAN FULFILL WITH REALBEV FLAVORS.
Ramadan Kareem
+973 3310 0244
sales@realbevme.com
www.realbevme.com

# ആ പ്രാർഥന തഴുകിത്തലോടുന്നതായി തോന്നാറുണ്ട്

● **അനിൽകുമാർ സി.പി**

ജോലി ചെയ്യുന്നത് ആരോഗ്യമേഖലയിൽ ആയതിനാൽത്തന്നെ,നോമ്പുതുറ മിക്കപ്പോഴും ഓഫിസിൽ സഹപ്രവർത്തകർക്കും കീഴ്ജീവനക്കാർക്കുമൊപ്പമാണ്. വലിയ ഇഫ്താർ വിരുന്നുകളിൽ ലഭിക്കുന്ന അത്യാഡംബര ഭക്ഷണങ്ങളോ വൈവിധ്യമോ ഓഫിസ് നോമ്പുതുറകളിൽ ഉണ്ടാകാറില്ല. പക്ഷേ, പല ദേശങ്ങളിൽനിന്നു വന്ന, പല ആചാരങ്ങളിൽ വിശ്വസിക്കുന്ന കുറെപ്പേർ ചേർന്ന്, നോമ്പെടുത്തു തളർന്ന സഹപ്രവർത്തകർക്കൊപ്പം പ്രാർഥനയിലും പുണ്യത്തിലും ഒപ്പം ചേരുന്നു. അവർ പരസ്പരം ആലിംഗനം ചെയ്ത് കൈ കൊടുത്ത്, ബാങ്കുവിളിക്കുശേഷം ഒന്നിച്ച് കാരക്കയും വെള്ളവും കൊണ്ട് നോമ്പുമുറിക്കുമ്പോൾ ഉള്ളിൽ നിറയുന്ന സന്തോഷത്തിനു പകരംവെക്കാൻ മറ്റൊന്നുമുണ്ടാകില്ല. ഒപ്പം, സഹപ്രവർത്തകർ അവരുടെ വീടുകളിലേക്കു വിളിച്ച് അവിടത്തെ വിശേഷങ്ങൾ കേട്ടുകൊണ്ട്, കുഞ്ഞുങ്ങളുടെ കൊഞ്ചലിനു മറുപടി പറഞ്ഞും കൂട്ടുകാരെ പരിചയപ്പെടുത്തിയും കുറെ സന്തോഷ നിമിഷങ്ങൾ.



വലിയ ഇഫ്താർ വിരുന്നുകളും പെരുന്നാൾ ആഘോഷങ്ങളും ഒഴിവാക്കി കീഴ്ജീവനക്കാരോടൊപ്പം അവരുടെ സന്തോഷങ്ങളിൽ പങ്കുചേരുമ്പോൾ, വ്രതാനുഷ്ഠാനങ്ങളിലൂടെ ആത്മശുദ്ധീകരണം വരുത്തിയ അവരുടെ പ്രാർഥനകൾ എന്നെയും തഴുകിത്തലോടുന്നതായി തോന്നാറുണ്ട്.

കഴിഞ്ഞവർഷം സാമ്പത്തികമായി തകർന്നുപോയ ഒരു രാജ്യത്തുനിന്നെത്തിയ ചില മനുഷ്യരുടെ ഉള്ളു കത്തുന്ന വേദനക്ക് എനിക്കു സാക്ഷ്യം വഹിക്കേണ്ടിവന്നു. കാശ് കൊടുത്താലും ഭക്ഷണം കിട്ടാനില്ലാത്ത ഭീകരാവസ്ഥയിലൂടെ മരതക ദ്വീപ്, ശ്രീലങ്ക കടന്നുപോയപ്പോൾ അവിടത്തെ മനുഷ്യരുടെ ദുരിതങ്ങൾ ഞാനുൾപ്പെടെയുള്ളവർ നേരിട്ടറിഞ്ഞതാണ്.

ഇക്കുറി വീണ്ടും നോമ്പ് വരുമ്പോൾ ഞാൻ ഓർക്കുന്നതു മറ്റു ചിലതാണ്. ഇവിടെ ആശുപത്രിജോലിയിൽ വ്രതമാണെന്നു കരുതി എന്തെങ്കിലും തരത്തിൽ ജോലിയിൽ ഇളവ് നൽകാൻ സാധിക്കില്ല. ഫോൺ ഉപയോഗവും വിലക്കിയിട്ടുണ്ട്. മറ്റു മേഖലകളിൽ കിട്ടുന്നതരം ഇളവുകൾ നൽകാൻ പറ്റുന്ന മേഖലയുമല്ല ഇത്. സ്വാഭാവികമായും ഏതൊരു സാധാരണ ദിനം പോലെയും അവർ നോമ്പെടുത്തുകൊണ്ട് ജോലി ചെയ്യണം. നാട്ടിൽ ഉറ്റവരെ ഏൽപ്പിച്ചുവന്ന കുഞ്ഞുങ്ങൾ നോമ്പു മുറിക്കുന്ന നേരത്ത് മാതാപിതാക്കളെ വിളിക്കും.

ജോലിക്കിടയിൽ കുട്ടികളെ ഒന്നു വിളിച്ചോട്ടേ എന്ന അനുവാദത്തിനായി അവർ കാത്തു

നോമ്പ് വിശേഷം

# റമദാനിലെ ഉണർത്തുപാട്ട്

**ഖാദർ മൊയ്തീൻ**
(മുസ്‌ലിം ലീഗ് ദേശീയ പ്രസിഡന്റ്)

കൗമാരകാലത്താണ് ഞങ്ങൾ സേവനമേഖലകളിൽ ഇടപെടാൻ തുടങ്ങിയത്. ധനികരായ ആളുകളിൽ നിന്നും പണം പിരിച്ചെടുത്ത് പാവപ്പെട്ട വിധവകളായ സ്ത്രീകൾക്ക് ഭക്ഷണവും വസ്ത്രവുമെത്തിച്ചു നൽകലായിരുന്നു പ്രധാന സേവനം. പിന്നീട് ഈ പ്രവർത്തനങ്ങളെ വിപുലമാക്കാൻ ടിച്ചി കേന്ദ്രമാക്കി 'സാലിഹീൻ സൊസൈറ്റി' എന്ന സംഘടന രൂപവത്കരിച്ചു.



റമദാൻ മാസപ്പിറവി കണ്ടാൽ ഞങ്ങൾക്ക് വലിയ സന്തോഷമായിരുന്നു. റമദാൻ രാവുകളിൽ പ്രദേശത്തെ ആളുകളെ മുട്ടി വിളിക്കലായിരുന്നു പ്രധാന പണി. ഞങ്ങൾ ഒരുകൂട്ടം യുവാക്കൾ ചേർന്ന് പ്രത്യേകം പാട്ടുപാടിയാണ് മുട്ടിവിളിക്കുന്നത്. ഞങ്ങളുടെ പാട്ടുകേട്ടാണ് ഓരോ വീടും അത്താഴത്തിന് ഉണർന്നിരുന്നത്. ആ പാട്ടുകളൊക്കെ തയാറാക്കിയിരുന്നത് ഞാനായിരുന്നു. പക്ഷേ, നിർഭാഗ്യമെന്നു പറയട്ടെ അതൊന്നും ഞാൻ സൂക്ഷിച്ചില്ല. നൂറിലധികം കവിതകൾ അക്കാലത്ത് എഴുതിയിരുന്നു. വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്ന മദ്റസകളോ ഓത്തുപള്ളികളോ ഇല്ലാതിരുന്ന അക്കാലത്ത് ദീനീ കാര്യങ്ങൾ പഠിച്ചത് മാതാപിതാക്കളിൽനിന്നും രക്ഷിതാക്കളിൽ നിന്നുമാണ്.

തയാറാക്കിയത്:
**ജസ്‌ല മുഹമ്മദ്**

നിൽക്കുമ്പോൾ എനിക്ക് കടുംപിടിത്തക്കാരനായ മാനേജരുടെ മുഖംമൂടി അഴിച്ചുവെക്കാതെ നിവൃത്തിയില്ല. ഇവർ ആർക്കു വേണ്ടിയാണോ ജോലിചെയ്യുന്നത് അവരാണ് ഒരു വിളികാത്ത് ദൂരദേശത്തു കാത്തിരിക്കുന്നത്, ഒന്നു കണ്ണടച്ചുകൊടുക്കുകയാണ് യഥാർഥ നീതി എന്നു ചിന്തിക്കും അപ്പോൾ. ഒന്നു വിളിച്ചു കഴിഞ്ഞാൽ അവരുടെ മുഖം കാണണം, വിശപ്പിന്റെ, ജോലിയുടെ തളർച്ച അവർ മറന്നിരിക്കും, അവരുടെ കൺകോണുകളിൽ കണ്ണീർ നിറഞ്ഞു ചിതറാൻ വെമ്പി നിൽപുണ്ടാകും.

പിന്നീട്, അവരോടൊപ്പം ചെറിയതോതിൽ ഒരുക്കിയ നോമ്പുതുറ വിഭവങ്ങളിൽനിന്ന് ഒരു പങ്ക് ഞാനും കഴിക്കുമ്പോൾ എന്റെയും ഉള്ളം നിറയും.

വിശന്നിരിക്കുന്നവരുടെ തീവ്രദുഃഖം തിരിച്ചറിയുവാൻ നോമ്പും, ദാരിദ്ര്യത്തിന്റെ പരകോടിയിൽ നിൽക്കുന്ന മനുഷ്യരുടെ അല്ലലിന് അൽപം അയവുനൽകാൻ സക്കാത്തും നൽകി വിശ്വാസികൾ റംസാനിന്റെ പുണ്യം തേടുമ്പോൾ അൽപം കൂടുതൽ മനുഷ്യത്വമുള്ളവരാകാൻ പഠിക്കാം നമുക്ക് എന്നേ പറയാനുള്ളൂ. നോമ്പുതുറ വേളയിൽ അത്തരം മനുഷ്യരെ നമുക്ക് ഓർക്കാനാകണം. ആവശ്യത്തിലേറെ ഭക്ഷണം പാത്രത്തിലേക്ക് എടുക്കുമ്പോൾ ഓർക്കണം, പണം ഉണ്ടായാൽ പോലും ഭക്ഷണം കിട്ടണമെന്നില്ല എന്ന്. പണമുണ്ടാകുമ്പോൾ നമുക്കു പ്രിയപ്പെട്ടവർ ചുറ്റുമുണ്ടാകണമെന്നില്ല എന്ന്...

ത്യാഗമെന്തെന്നു പഠിപ്പിക്കുന്ന, വിശപ്പിന്റെ വില മനസ്സിലാക്കിത്തരുന്ന, പ്രാർഥനയുടെ ഗുണം പറയുന്ന വിശുദ്ധ റമദാൻ മാസത്തിലൂടെ കടന്നു പോകുമ്പോൾ, നിറഞ്ഞ പ്രാർഥനയോടെ ഏവർക്കും റമദാൻ ആശംസകൾ.

# ഗബാലയിലെ വ്രതരാവിൽ

നൗഫൽ പാലക്കാടൻ



റമദാൻ 29ന് ശവ്വാൽ മാസപ്പിറവിയുണ്ടാകുമെന്ന സാധ്യതയിലാണ് അസർബൈജാനിലേക്ക് പെരുന്നാൾ അവധി ആഘോഷിക്കാൻ റിയാദിൽനിന്ന് ഞങ്ങളുടെ ചെറുസംഘം വിമാനം കയറിയത്. ഇരുണ്ടു മൂടിയ ആകാശത്ത് ശവ്വാലിൻെറ പൊന്നമ്പിളി അന്ന് തെളിഞ്ഞില്ല. പെരുന്നാൾ ആഘോഷിക്കാൻ ഒരു ദിനം കൂടി കഴിയേണ്ടതുണ്ട്. അസർബൈജാൻെറ തലസ്ഥാന നഗരമായ ബാക്കുവിൽ നിന്ന് ആ രാത്രി ഞങ്ങൾ ഗബാല എന്ന നഗരത്തിലേക്ക് യാത്ര തിരിച്ചു.

ഗബാലയിലെ റമദാൻ രാവ് പല കാരണങ്ങളാൽ അവിസ്മരണീയമാണ്. തണുത്ത കാറ്റേറ്റ് ഹോട്ടലിന് പുറത്ത് പടിക്കെട്ടിലിരിക്കുമ്പോൾ ഓർമയിൽ വന്ന് മറഞ്ഞുകൊണ്ടിരുന്നത് കഴിഞ്ഞുപോയ റമദാൻ ദിനങ്ങളും പെരുന്നാൾ രാവുകളുമായിരുന്നു. മഞ്ഞിൻ പത പൊതിഞ്ഞ മഴത്തുള്ളികളുടെ സ്പർശനം മുഖത്തേറ്റപ്പോഴാണ് ഓർമയിൽനിന്നുണർന്നത്. മഴ വരുന്നതിൻെറ സൂചനയാണത്. തിരിച്ചു ഹോട്ടലിലേക്ക് നടക്കാനൊരുങ്ങുമ്പോൾ കൈയിലൊരു പിടിവീണു.

സ്കൂൾ യൂനിഫോം പോലെ കറുപ്പുനിറത്തിലെ പാൻറ്സും വെള്ള ഷർട്ടും ധരിച്ച കൗമാരക്കാരൻ. ഒരു കൊട്ട നിറയെ ബെറിപ്പഴങ്ങളുണ്ട് അവന്റെ കൈയിൽ. അത് വാങ്ങാനാണ് അവൻ പിടിച്ചു നിർത്തിയത്. സോറി, ഇപ്പോൾ വേണ്ടന്ന് പറഞ്ഞു. അവനൊന്നും മിണ്ടിയില്ല. വല്ലാത്തൊരു നോട്ടം നോക്കി. ആ നോട്ടം അവന്റെ എല്ലാ ദൈന്യതകളും എന്നോട് വിളിച്ചു പറയുന്നുണ്ടായിരുന്നു. ആംഗ്യഭാഷയിൽ പൈസയില്ലെന്നും പിന്നെ വാങ്ങിക്കാമെന്നും ഒരടവ് പറഞ്ഞൊഴിഞ്ഞു. പിന്നീടൊന്നും പറഞ്ഞില്ല തലകുലുക്കി, അവൻ പടികളിറങ്ങി.

പക്ഷേ മുന്നോട്ട് നടക്കാൻ അവന്റെ മുഖം എന്നെ അനുവദിച്ചില്ല. പുണ്യമാക്കപ്പെട്ട രാത്രിയാണ്, അവനെ തിരിച്ചയക്കരുത്, മനസ്സ് മന്ത്രിച്ചു. നിരാശയുടെ നിരത്തോരം ചേർന്ന് ന

Ramadan Kareem

Oris

DAILY FRESH

# Healthy Food
# Healthy Family


**100% Natural**
**No preservatives**

just heat 'n serve

**No added flavour**
**Product of Bahrain**

**Contact: 33115200**

Email: orisfood@gmail.com www.Orisfoodbahrain.com



Tortilla



Atta Chappathi



Rice Roti



Malabar Parotta



Wheat Poori



Wheat Parotta



Malabar Palappam



Idiyappam

ടന്ന അവനെ തിരിച്ചു വിളിച്ചു. അവൻ തിരിഞ്ഞ് പ്രതീക്ഷയുടെ ചുവടുകൾ വെച്ചു. അടുത്തെത്തിയപ്പോൾ അവനെയും വിളിച്ച് ഹോട്ടൽ പടികളിലിരുന്നു. ഗൂഗിൾ ട്രാൻസ്ലേറ്ററിൻെറ സഹായത്തോടെ അസരി ഭാഷയിൽ അവനോട് പേര് ചോദിച്ചു. 'സിനാൻ' എന്ന് അവൻ മറുപടി പറഞ്ഞു.

'ഏത് ക്ലാസിലാണ് പഠിക്കുന്നത്?'

'ഇല്ല' എന്ന് ആംഗ്യഭാഷയിൽ മറുപടി.

ഭക്ഷണവും ഡ്രസും ഒന്നും ഇല്ലെന്നും വീട്ടിലുള്ളവരൊക്കെ അസുഖ ബാധിതരാണെന്നുമാണ് അവൻ പറയുന്നതെന്ന് എനിക്ക് മനസ്സിലായി. പെരുന്നാളിന് പുതിയ വസ്ത്രങ്ങൾ ഒന്നുമില്ലേ എന്ന് ചോദിച്ചു. കുപ്പായത്തിനകത്തണിഞ്ഞ കട്ടിയുള്ള ഒരു പച്ച ബനിയൻ ഉയർത്തി ഇത് പുതിയതാണെന്ന് അവൻ പറഞ്ഞു. വീട്ടിലുള്ളവർക്ക് മരുന്നും ഭക്ഷണവും വാങ്ങാനാണ് ഈ അർധരാത്രിയും തെരുവിൽ അലയുന്നതെന്ന് അവന്റെ മുഖത്തുനിന്ന് വായിച്ചെടുത്തു.

വിമാനത്താവളത്തിൽ നിന്ന് മാറ്റിയെടുത്ത കുറച്ച് അസർബൈജാൻ കറൻസിയായ 'മനാത്ത്' പോക്കറ്റിലുണ്ടായിരുന്നു. അതെടുത്ത് കൊടുത്ത് ബെറിപ്പഴങ്ങൾ വാങ്ങി. അതവന് തന്നെ സമ്മാനമായി കൊടുക്കുകയും ചെയ്തു. ആ സമയത്ത് മുഖത്ത് തെളിഞ്ഞ വെളിച്ചം ശവ്വാൽ അമ്പിളിയെക്കാൾ മനോഹരമായിരുന്നു. നാളെ വീണ്ടും വരണം ഞങ്ങളുടെ സംഘത്തിലെ എല്ലാവരെയും പരിചയപ്പെടുത്താമെന്നും ഞങ്ങൾ നിൻെറ വീട്ടിൽ സന്ദർശിക്കാമെന്നും അവനോട്



സിനാൻ നൗഫലിന്റെ കൂടെ

പറഞ്ഞ് പിരിഞ്ഞു.

തൊട്ടടുത്ത കടയിൽ നിന്ന് ചില സാധനങ്ങൾ വാങ്ങാൻ ടാക്സിയിലേക്ക് കയറുമ്പോൾ ദേഹമാകെ മഞ്ഞു വീണിട്ടുണ്ടായിരുന്നു. അവൻെറ ചൂടേറിയ ജീവിതാനുഭവങ്ങൾ കേൾക്കുന്നതിനിടെ മഞ്ഞു പതഞ്ഞു വീണതറിഞ്ഞില്ല. ആ രാത്രി മുഴുവനും ആ കൗമാരക്കാരൻെറ ജീവിതാനുഭവങ്ങൾ മനസ്സിനെ മഥിച്ചുകൊണ്ടിരുന്നു. ആ പ്രായത്തിൽ അവൻ കടന്നു പോകുന്ന അവസ്ഥ അസ്വസ്ഥപ്പെടുത്തി. കൊടും തണുപ്പിലും എരിഞ്ഞമരാത്ത തീനാളങ്ങൾ ആളുന്ന അഗ്നിമലകളുള്ള നാടാണ് അസർബൈജാൻ. പാറ പൊള്ളിക്കുന്ന ആ തീയേക്കാൾ ചൂടുള്ള ജീവിതാനുഭവങ്ങളിൽ പൊള്ളുന്ന മനുഷ്യരുമുണ്ടിവിടെ എന്ന് സിനാൻ ഓർമപ്പെടുത്തുകയായിരുന്നു.

പിറ്റേ ദിവസവും ഫിത്ർ സക്കാത്തിൻെറ അരി കൊടുക്കേണ്ടതുണ്ട്. മുപ്പതോളം യാത്രികരുള്ള സംഘമാണ് ഞങ്ങളുടേത്. ഭൂരിപക്ഷവും ഫിത്ർ സക്കാത്ത് നൽകാൻ ബാധ്യതയുള്ള വിശ്വാസികളാണ്. സിനാനെ പരിഗണിക്കണമെന്ന് ഞാൻ അവരോട് ആവശ്യപ്പെട്ടു. എല്ലാവരും സന്നദ്ധത അറിയിച്ചു. പക്ഷേ അവന്റെ പേരല്ലാതെ മറ്റൊന്നും കൈയിലുണ്ടായിരുന്നില്ല.

'സേൻ സിനാൻ ഗോറുസ്ടുൻ' മൊബൈലിലെ ചിത്രം കാണിച്ചു കൊടുത്ത് സിനാനെ അന്വേഷിക്കാൻ ടാക്സി ഡ്രൈവർ ഹസ്സൻ പഠിപ്പിച്ച അസറി ഭാഷയിലെ പ്രയോഗമാണിത്. 'നിങ്ങൾ ഈ ചിത്രത്തിൽ കാണുന്ന സിനാനെ കണ്ടിരുന്നോ' എന്നാണ് അതിനർഥം. ഈ അസരി ചോദ്യവുമായി ഞാൻ സിനാനെ പലയിടത്തും അന്വേഷിച്ചു. അവനെ കുറിച്ച് ആർക്കും ഒരറിവുമില്ല. 'ബിസ് ബിൽമിരിക്' (ഞങ്ങൾക്കറിയില്ല) എന്ന മറുപടിയാണ് അന്വേഷിച്ചവരിൽ നിന്നെല്ലാം കിട്ടിയത്.

അന്ന് രാത്രി ഫിത്ർ സക്കാത്തിൻെറ ധാന്യപ്പൊതികൾ ഗബാലയിലെ ഒരു ഗ്രാമത്തിൽ സുഹൃത്ത് ഷകീബിൻെറ നേതൃത്വത്തിൽ വിതരണം ചെയ്തു. പോയ ഇടങ്ങളിലെല്ലാം സിനാനെ അന്വേഷിച്ചെങ്കിലും കണ്ടെത്തിയില്ല.

ഇപ്പോഴും പുകയുന്ന ഒരു കനൽ തരിയായി അവൻെറ ദൈന്യമുഖം മനസ്സിലുണ്ട്.

RAMOJI GROUP

priya®
THE JOY OF GOOD TASTE

AWAKEN YOUR TASTEBUDS WITH THE FLAVOURS OF INDIA!




Priya Foods is synonymous with pickles that treat palates around the world with the traditional taste of India. Handpicked ingredients, legacy recipes and time-honoured preparation processes continue to make pickles from Priya the most loved condiments, by people of all ages.

Ramadan KAREEM

rbcworldwide.com

www.priyafoods.com

FOLLOW US ON

VMB
شركة و.م. واخوانه ذ.م.م.
V.M. & BROS. CO. W.L.L.

هـاتف: ١٧٧٣٢٤١١ ٩٧٣+ فاكس: ١٧٧٣٢٤١٥ ٩٧٣+
Tel. : +973 17 732411 - Fax : +973 17 732415
email: info@vmbros.com

നോമ്പ് വിശേഷം



കാരന്തൂർ മർക്കസിലെ ഇതര സംസ്ഥാന വിദ്യാർഥികൾ

# വൈവിധ്യങ്ങളുടെ സ്നേഹക്കൂടാരം തീർക്കുന്നവർ

**കോഴിക്കോട് കാരന്തൂർ മർകസിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള വിദ്യാർഥികളുടെ നോമ്പ് വർത്തമാനം**

## സൗഹൃദം വിളമ്പുന്ന സമൂഹതുറകൾ

● **സാബിർ മുംബൈ**

മുംബൈയിലെ ബാധ്ര ഗ്രാമമാണ് എന്റെ നാട്. സിഖ്, ഹിന്ദു ക്രിസ്ത്യൻ മുസ്‌ലിം സഹോദരങ്ങൾ ഒരുമിച്ച് ജീവിക്കുന്ന നാട്. കേരളത്തേക്കാൾ സജീവമാണ് മുംബൈയിലെ സമൂഹ നോമ്പുതുറകൾ. റമദാൻ മാസത്തിൽ എല്ലാ വെള്ളിയാഴ്ചകളിലുമാണ് ഗ്രാമങ്ങളിൽ സമൂഹ നോമ്പുതുറകൾ ഒരുക്കാറുള്ളത്. സഹോദര മതസ്ഥരും ചേർന്നുള്ളതാണ് സമൂഹ നോമ്പുതുറകൾ. ഗ്രാമങ്ങളിലെ പള്ളികൾ റമദാനിൽ ഏറെ സജീവമാകും. ഒരു പള്ളിയിൽ അഞ്ച് ദിവസംകൊണ്ട് ഖത്തം തീർത്ത് പിന്നീട് സംഘമായി തൊട്ടടുത്ത പള്ളിയിൽ പോയി അവിടെയും തറാവീഹ് നമസ്കാരവും ഖുർആൻ പാരായണവും നടത്തും. പള്ളികൾ കൂടുതൽ ഉണ്ടെങ്കിലും കേരളത്തിലെ പോലെ എല്ലാ പള്ളികളിലും ആരാധനക്ക് വേണ്ടത്ര ആളുകൾ ഇല്ലാത്തതുകൊണ്ടാണ് ഇങ്ങനെയൊരു രീതി തുടരുന്നത്. ഓരോ ഖത്തം തീരുമ്പോഴും പള്ളികളിൽ മധുര വിതരണം നടത്തും.

കേരളത്തിലെ പോലെ സമൃദ്ധമായ ഭക്ഷണവും റമദാൻ കാലത്ത് മുംബൈയിലെ ഗ്രാമങ്ങളിൽ ഒരുക്കാറുണ്ട്. റൂ അഫ്സ എന്ന പേരിൽ അറിയപ്പെടുന്ന പാനീയം നോമ്പുതുറ വിഭവങ്ങളിൽ പ്രധാനമാണ്. ബിരിയാണിയും നെയ്ച്ചോറും പത്തിരിയുമെല്ലാം സാധാരണമാണ്.

അവസാനത്തെ പത്തിൽ ഗ്രാമങ്ങളിലെ പാവപ്പെട്ട കുടുംബങ്ങൾക്ക് വസ്ത്രങ്ങളും മറ്റും സൗജന്യമായി എത്തിക്കാൻ ആളുകൾ സജീവമായി രംഗത്തിറങ്ങും. ഇരുപത്തിയേഴാം രാവിൽ മലബാറിൽ ചക്കര ചോറ് ഉണ്ടാക്കുന്ന ശീലമുണ്ട്. അതുപോലെത്തന്നെ മുംബൈയിലെ മുസ്‌ലിം വീടുകളിൽ മഞ്ഞച്ചോറ്, ഓറഞ്ച് ചോറ് തുടങ്ങി നിരവധി വിഭവങ്ങൾ ഉണ്ടാവാറുണ്ട്. നോമ്പും പെരുന്നാളുമെല്ലാം മുംബൈയിലെ ജനങ്ങൾക്കും ഏറെ ആത്മീയാവേശം പകരും. വിദ്യാർഥികൾക്കിടയിൽ നല്ല സൗഹൃദമാണ് നിലനിൽക്കുന്നത്.

# ജമ്മുവിൻെറ സൗന്ദര്യം റമദാനിനുമുണ്ട്



**• മുഹമ്മദ് ആസിഫ്**

ജമ്മുവിലെ പൂഞ്ച് ജില്ലയിലെ ലോറൻ ഗ്രാമമാണ് എന്റെ നാട്. പൂഞ്ചിൽ നിന്ന് ഏകദേശം 35 കി.മീ ദൂരമാണ് ലോറൻ ഗ്രാമത്തിലേക്കുള്ളത്. പൂഞ്ച് ജില്ലയിൽ കാര്യമായി സ്കൂളുകളോ മറ്റോ ഇല്ല. പിണക്കങ്ങൾ എല്ലാം അകറ്റിനിർത്തി ഹസ്തദാനം ചെയ്ത് നോമ്പിനെ വരവേൽക്കുമെന്നതാണ് ഇവിടത്തെ ആദ്യത്തെ പ്രത്യേകത. കുടുംബപരമായും ഗ്രാമങ്ങളിലും ചെറിയ പ്രശ്നങ്ങൾ സാധാരണമാണ്. ഇതിനെയെല്ലാം അകറ്റി നിർത്തുന്നതാണ് ജമ്മുവിന്റെ റമദാൻ സൗന്ദര്യം. ഇതിനായി റമദാനിന് മുന്നോടിയായി ആത്മീയപ്രഭാഷണങ്ങൾ സംഘടിപ്പിക്കും. കേരളത്തിൽ നനച്ചുകുളി എന്ന് പറയുന്നതുപോലെ പള്ളികളും വീടുകളും വൃത്തിയാക്കുന്ന രീതി ജമ്മുവിലുമുണ്ട്. പള്ളികളിൽ പല നിറത്തിലുള്ള എൽ.ഇ.ഡി ലൈറ്റുകൾ തൂക്കിയും റമദാനിന്റെ വരവേൽപ് അറിയിക്കും.

ജമ്മുവിലെ ഗ്രാമങ്ങളിലെ മുഴുവൻ ആളുകളും പള്ളികളിൽ നിന്നാണ് നോമ്പ് തുറക്കാറുള്ളത്. ഓരോ ദിവസവും ഓരോ വീട്ടുകാരാവും ഇഫ്താറിനുള്ള വിഭവങ്ങൾ വീട്ടിലെത്തിക്കുക. ഇരുപത്തിയേഴാം രാവിന് പള്ളികളിൽ ഇഅ്തികാഫിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതും സജീവമാണ്. ഇഅ്തികാഫ് ഇരിക്കുന്നവർക്കുള്ള അത്താഴം സമയമാകുമ്പോൾ വീടുകളിൽ നിന്ന് പള്ളിയിലേക്ക് എത്തിക്കും. പെരുന്നാളിനുള്ള മാസം കണ്ടാൽ പിന്നെ ഗ്രാമങ്ങളിലുള്ളവരൊന്നും ഉറങ്ങാറില്ല. വീട്ടിലേക്കുള്ള സാധനങ്ങൾ വാങ്ങലും ഇറച്ചിക്കടകൾ സജ്ജീകരിക്കലുമായി എല്ലാവരും തിരക്കോട് തിരക്കിലായിരിക്കും. പാവപ്പെട്ട കുടുംബങ്ങളിലെ ആളുകൾക്ക് വസ്ത്രങ്ങളും മറ്റു സംവിധാനങ്ങളും എല്ലാം അവരവരുടെ വീടുകളിൽ എത്തിക്കാനും ഗ്രാമത്തിലുള്ളവർ മറക്കാറില്ല.

കാശ്മീരിലെ നിരവധി വിദ്യാർഥികൾ മർകസിൽ പഠിക്കുന്നുണ്ട്.അതോടൊപ്പം കാന്തപുരം എ.പി. അബൂബക്കർ മുസ്‌ലിയാരുടെ നേതൃത്വത്തിൽ നിരവധി വിദ്യഭ്യാസ സ്ഥാപനങ്ങൾ കാശമീരിൽ സ്ഥാപിക്കപ്പെട്ടതും സന്തോഷ കാഴ്ചകളാണ്.

# ബെരിയ ഗ്രാമത്തിൻെറ നോമ്പുകാലം

**• ശൈഖ് മഹ്സൂം**

നേപ്പാൾ

ഉമ്മയും ഉപ്പയും നാലു സഹോദരങ്ങളും രണ്ട് സഹോദരിമാരും അടങ്ങുന്നതാണ് നേപ്പാളിലെ ബെരിയ ഗ്രാമത്തിലുള്ള എന്റെ കുടുംബം. ഹിന്ദു ഭൂരിപക്ഷ ഗ്രാമങ്ങളാണ് നേപ്പാളിൽ ഉള്ളതെങ്കിലും ബെരിയ മുസ്‌ലിം ഭൂരിപക്ഷ പ്രദേശമാണ്. 1600 പേരാണ് ഈ ഗ്രാമത്തിലുള്ളത്. ഏഴു പള്ളികളും മൂന്ന് മദ്റസകളുമുണ്ട്. റമദാനായാൽ ഖത്തം തീർക്കാനായി പള്ളികളിലേക്ക് ഇമാമുമാരെ കൊണ്ടുവരാറാണ് പതിവ്. ഗ്രാമത്തിലുള്ളവർ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരായതിനാൽ ഇമാമിന് കൊടുക്കാനുള്ള ശമ്പള പിരിവ് ഗ്രാമത്തിൽനിന്ന് സാധ്യമല്ല.

മുംബൈയിലും ഡൽഹിയിലും ചെന്ന് പിരിവെടുത്ത് ശമ്പളം നൽകുന്നതാണ് പതിവ്. ഇമാമിന് വസ്ത്രം എടുത്തു നൽകുന്നതും ഗ്രാമത്തിലുള്ളവർക്ക് സന്തോഷമാണ്. ഇവിടത്തെ പള്ളികളിൽ ഇഫ്താർ സൗകര്യങ്ങൾ ഒരുക്കാറില്ല. അപൂർവമായി ചില ദിവസങ്ങളിൽ ഉണ്ടാകുമ്പോൾ ഗ്രാമത്തിലുള്ളവരെ പ്രത്യേകമായി അറിയിക്കുന്നതാണ് രീതി. ഇഫ്താർ സംഘടിപ്പിക്കാനുള്ള സാമ്പത്തികശേഷി ഇല്ലാത്തതാണ് കാരണം. അത്ര സജീവമല്ലാത്ത അങ്ങാടിയാണ് ബെരിയ ഗ്രാമത്തിന്റേത്. റമദാൻ ആയിക്കഴിഞ്ഞാൽ മറ്റു ഗ്രാമങ്ങളിൽനിന്നുള്ള കച്ചവടക്കാരാണ് ബെരിയ ഗ്രാമത്തെ കുറച്ചെങ്കിലും സജീവമാക്കുന്നത്.

പൊതുവെ നേപ്പാളിന്റെ നോമ്പുകാലം ഇന്ത്യയിലെപോലെ അത്ര സജീവമല്ല. സാമ്പത്തിക ബുദ്ധിമുട്ട് അവരുടെ പ്രധാന പ്രശ്നമാണ്. മറ്റെല്ലാ വൈവിധ്യങ്ങളെയും പോലെ റമദാനിനും വ്യത്യസ്ത വിശേഷങ്ങളാണ് വിവിധ സംസ്ഥാനങ്ങളിലും രാജ്യങ്ങളിലുമുള്ളത്.

• തയാറാക്കിയത്:
**ഇംതിയാസ് കരീം**

# രണ്ടു മനോഹര പാത്രങ്ങൾ

● ഗീതാ സൂര്യൻ



സ്കൂൾ കാലത്ത് അച്ഛനും അമ്മയും കോഴിക്കോട് വീടുവെച്ച് സ്ഥിരതാമസമാക്കിയ കാലത്താണ് നോമ്പിന്റെ വരവ് ഞാൻ കൗതുക പൂർവം കാണുന്നത്. ഒരു ദിവസമെങ്കിലും വ്രതമെടുക്കണമെന്ന്ഒരാശ ഉണ്ടായിരുന്നു. നോമ്പെടുത്താൽ വൈകുന്നേരം ഈന്തപ്പഴമോ പഴച്ചാറോ കൂട്ടുകാരികൾക്കുകിട്ടുന്നതുപോലെ വീട്ടിൽ നിന്നു എനിക്കു കിട്ടാനിടയില്ല. ആരും അറിയാതെ എടുക്കുന്ന വ്രതമാണല്ലോ. ഒടുവിൽ വീട്ടിലെ സ്റ്റോർ മുറിയിൽ തൂക്കിയിരുന്ന വാഴക്കുല എന്റെ നോമ്പുതുറക്കുള്ള വിഭവമായി.

വീട്ടിനടുത്തുള്ള കുടുംബം ഒരിക്കൽ നോമ്പ് തുറക്കാൻ വിളിച്ചു. ആ വീട്ടിലെ തീൻമേശ കണ്ട് ഞാൻ അന്തംവിട്ടു. ഇത്രയധികം വിഭവങ്ങൾ മേശപ്പുറത്ത് നിരന്നുകാണുന്നത് ആദ്യമായിരുന്നു. അന്നാണ് തരിക്കഞ്ഞിയുടെ സ്വാദ് അറിയുന്നത്. വീട്ടിൽ തിരിച്ചെത്തിയ ശേഷം ' അതൊക്കെ ഉണ്ടാക്കാൻ ഒന്ന് പഠിച്ചുകൂടേ' എന്ന് മുത്തശ്ശിയോട് ചോദിച്ചത് ഓർക്കുന്നു.

എന്തിനാണ് നോമ്പ് എടുക്കുന്നത് എന്ന സംശയത്തിന് കൂട്ടുകാരി റംല ഓരോ മാസവും ചെയ്യുന്ന പാപങ്ങൾക്കു പരിഹാരമായിട്ടാണ് എന്ന മറുപടി നൽകി. ഇത്രേം പാപങ്ങൾ എല്ലാ മാസവും ചെയ്യാതിരുന്നുകൂടേ എന്ന ചോദ്യത്തിന് അവൾ ഉറക്കെ ചിരിച്ചു. വീട്ടിൽ വന്ന് അച്ഛനോട് ചോദിച്ചപ്പോൾ ത്യാഗമാണ് അവർ അനുഷ്ഠിക്കുന്നത് എന്നു പറഞ്ഞു. സഹജീവികളുടെ ദുഃഖം അറിയുകയും അവരെ സഹായിക്കുകയും ചെയ്യുവാൻ ഈ വ്രതം ഉപകരിക്കുമെന്നും പറഞ്ഞു.



നാവിനെയും ഭക്ഷണത്തെയും നിയന്ത്രിക്കുവാനും മനസ്സിനെയും ശരീരത്തെയും ശുദ്ധീകരിക്കുവാനും റമദാൻ വ്രതം ഉപകരിക്കുമെന്ന് മുതിർന്നപ്പോൾ മനസ്സിലായി. ഫാറൂഖ് കോളജിലായിരുന്നു പ്രീഡിഗ്രീക്കാലം. അവിടെ ധാരാളം കൂട്ടുകാരെ കിട്ടിയിരുന്നു. നോമ്പുതുറ വിഭവങ്ങൾ കൂട്ടുകാരുടെ വീട്ടിൽ പോയി കഴിച്ചിട്ടുണ്ട്. വിവാഹം കഴിഞ്ഞ് ഖത്തറിൽ എത്തിയപ്പോഴാണ് റമദാൻ, പെരുന്നാൾക്കാലം എത്രമാത്രം ഭക്തിതീവ്രമായാണ് ഈ നാട്ടിൽ ആഘോഷിക്കുന്നത് എന്നു മനസ്സിലാകുന്നത്.

ഗൾഫിൽ നോമ്പു തുറയുടെ സമയത്ത് വാഹനത്തിരക്കിൽ പെട്ടുപോയാൽ വഴിയിൽ പഴച്ചാറും വിവിധ പഴങ്ങളും പലഹാരങ്ങളും അടങ്ങുന്ന പൊതി നമുക്ക് തരാനായി നിൽക്കുന്ന ചെറുപ്പക്കാരെ കാണാം.

ഒരിക്കൽ ഒരു പെരുന്നാളിന് വീടിന്റെ ഗെയ്റ്റിൽ അടുത്ത വീട്ടിലെ സഹായി വന്നു. കൈയിൽ രണ്ടു വലിയ മനോഹരമായ പാത്രങ്ങളിൽ ബിരിയാണിയും മധുര പലഹാരങ്ങളും. അവ എനിക്കു നൽകി. വിലയേറിയ ആ പാത്രങ്ങൾ തിരിച്ചു നൽകാമെന്ന് ഞാൻ പറഞ്ഞപ്പോൾ സ്നേഹപൂർവം നിരസിച്ചു. പാത്രങ്ങൾ എന്നോട് എടുത്തുകൊള്ളാൻ പറഞ്ഞു. അത് വലിയൊരു കൗതുകമായിരുന്നു. എല്ലാ പെരുന്നാളിനും ഇങ്ങനെ കിട്ടിയിരുന്നെങ്കിൽ എന്ന് എന്റെ ഉള്ളിലെ അത്യാഗ്രഹി മോഹിച്ചു. സ്വന്തമായ ചെറിയൊരു പാത്രം പോലും ഏതെങ്കിലും വീട്ടിൽ പെട്ടുപോയാൽ പരിഭ്രമിക്കുന്ന ഒരു സാധാരണ വീട്ടമ്മയുടെ സ്വഭാവമുള്ള എനിക്ക് ഇന്നും ആ പാത്രങ്ങൾ കാണുമ്പോൾഅത്കൊടുത്തയച്ച, എനിക്ക് അപരിചിതരായ ആ കുടുംബത്തെ ഓർമവരും.


ഗൾഫ് മാധ്യമം
THE FIRST INTERNATIONAL INDIAN NEWSPAPER
NO.1 IN THE MIDDLE EAST
കുടുംബത്തിന്
എന്നും കൂട്ട്
മാധ്യമം
കുടുംബം
...കൂടെയുണ്ട്
കോപ്പികൾക്കും വരിചേരാനും ബന്ധപ്പെടുക.
34443250
17342825
ഇ-കോപ്പിക്ക്
readwhere
epaper.madhyamam.com


# ഖുർആൻ പഠിച്ചും പകർത്തിയെഴുതിയും സുരേഷ് കുമാർ

**അസ്‌ലം കൊച്ചുകലുങ്ക്**

സൗദി അറേബ്യയിലെ ബുറൈദയിൽ ജോലിചെയ്യുകയാണ് തിരുവനന്തപുരം പാറശ്ശാല സ്വദേശി സുരേഷ് കുമാർ. ഖുർആൻ മനസ്സിലാക്കാൻ വേണ്ടി അറബിഭാഷ പഠിക്കുകയും ആ പഠനം ദൈവിക ഗ്രന്ഥത്തിൻെറ ആത്മാവ് കണ്ടെത്തുന്നിടം വരെ സുരേഷിനെ എത്തിക്കുകയുംചെയ്തു. അത് അദ്ദേഹത്തിൻെറ ജീവിതത്തിൽ വരുത്തിയ മാറ്റം ചെറുതല്ല. തന്നെ പൊതിഞ്ഞ ആധ്യാത്മിക വെളിച്ചത്തിൽ പരസഹായമേതുമില്ലാതെ വിശുദ്ധ വേദഗ്രന്ഥത്തിൻെറ മൂന്ന് സമ്പൂർണ കൈയെഴുത്ത് പ്രതികളാണ് അദ്ദേഹം ഇതിനകം പൂർത്തിയാക്കിയത്. ഇപ്പോൾ ഭാരതീയ വേദഗ്രന്ഥങ്ങളും ഖുർആനും തമ്മിലുള്ള താരതമ്യ പഠനത്തിലാണ് സുരേഷ്.

33 വർഷം മുമ്പ് 24ാം വയസ്സിലാണ് സുരേഷ് കുമാർ ജോലി തേടി സൗദി അറേബ്യയിലെ അൽഖസീം പ്രവിശ്യയിലെത്തുന്നത്. അതിനുമുമ്പുതന്നെ ഋഗ്വേദം, യജുർ വേദം, സാമ വേദം, അഥർവ വേദം എന്നിവ വായിച്ചു മനസ്സിലാക്കാൻ സാധിച്ചു. ഭഗവത്ഗീത, ശ്രീമദ് മഹാഭാഗവതം, ആധ്യാത്മ രാമായണം, ഉപനിഷത്തുകൾ, വിവേകാനന്ദ സാഹിത്യ സംഗ്രഹം, ശങ്കരാചാര്യ സ്വാമികളുടെ സർവ വേദാനുസാര സംഗ്രഹം, മനുസ്മൃതി, തിരുക്കുറൾ എന്നിവ കൂടാതെ ബൈബിൾ പുതിയ നിയമവും പഴയ നിയമവും പലയാവർത്തി വായിക്കുകയും വേദസാമ്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുകയും വൈരുധ്യങ്ങളുണ്ടോ എന്നന്വേഷിക്കുകയും ചെയ്തിരുന്നു.

സൗദി അറേബ്യയുടെ, വിശേഷിച്ച് താൻ വന്നെത്തിയ പ്രദേശത്തിൻെറ ആധ്യാത്മിക ചുറ്റുപാട് സുരേഷ് കുമാറിനെ ഖുർആനിലേക്ക് എത്തിച്ചത് യാദൃച്ഛികമായിട്ടായിരുന്നു. അതിൻെറ പരിഭാഷയിലൂടെ സഞ്ചരിച്ച സുരേഷിന് കാണാൻ കഴിഞ്ഞത് അത്ഭുതങ്ങൾ മാത്രമല്ല; നിരവധി ആധ്യാത്മിക സത്യങ്ങളുമാണ്. അതൊരു തുടക്കം മാത്രമായിരുന്നു. 'അവർ ഖുർആനെ സംബന്ധിച്ച് ചിന്തിക്കുന്നില്ലേ? അല്ലാഹു അല്ലാത്ത ആരിൽ നിന്നെങ്കിലുമായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുധ്യങ്ങൾ കണ്ടെത്തുമായിരുന്നു'



◀ സുരേഷ് കുമാർ തൻെറ ഖുർആൻ കൈയെഴുത്ത് പ്രതിയുമായി



▲ സുരേഷ് തയാറാക്കിയ ഖുർആൻ കൈയെഴുത്ത് പ്രതി

എന്ന നാലാം അധ്യായത്തിലെ 82ാമത്തെ വചനം സത്യമാണെന്ന് ബോധ്യപ്പെടാൻ തനിക്ക് ദീർഘകാല പഠനം വേണ്ടിവന്നില്ലെന്ന് അദ്ദേഹം പറയുന്നു. മൂന്നാം അധ്യായത്തിലെ നാലാമത് വചനത്തിൽ 'സത്യസന്ദേശവുമായി ഈ വേദം നിനക്ക് ഇറക്കിത്തന്നത് അവനാണ്. അത് മുൻവേദങ്ങളെ ശരിവെക്കുന്നു' എന്ന ഭാഗം ഇതര വേദങ്ങളിൽനിന്ന് തനിക്ക് ലഭിച്ച അറിവിൻെറ അടിസ്ഥാനത്തിൽ ബോധ്യപ്പെട്ടപ്പോൾ ഖുർആൻെറ ആഴങ്ങളിലേക്ക് ഊളിയിട്ടിറങ്ങാൻ പിന്നെ മടിച്ചുനിന്നില്ല. പലയാവർത്തി വായിച്ചപ്പോൾ ആകർഷിച്ച മറ്റൊരു കാര്യം ഖുർആൻെറ ശൈലിയാണെന്ന് സുരേഷ് പറയുന്നു. അവർണനീയമാണത്. അത് നൽകുന്ന ഉൾക്കാഴ്ച അനിർവചനീയവും. 'ഫുർഖാൻ' അഥവാ സത്യാസത്യ വിവേചകം എന്ന വിശുദ്ധ ഖുർആൻെറ സ്വയം പരിചയപ്പെടുത്തൽ എത്രത്തോളം യാഥാർഥ്യമാണെന്ന് തനിക്ക് മാത്രമല്ല മുൻവിധി കൂടാതെ അതിനെ സമീപിക്കുന്ന ആർക്കും ബോധ്യപ്പെടുമെന്നും അദ്ദേഹം വിലയിരുത്തുന്നു.

ശ്രീമദ് ഭഗവത്ഗീത 18 അധ്യായവും (700 ശ്ലോകം) അതിൻെറ മൂലഭാഷയായ സംസ്കൃതത്തിൽ ഒരു തവണ എഴുതിത്തീർക്കാൻ സാധിച്ച ധൈര്യത്തിലാണ് വിശുദ്ധ ഖുർആൻ പകർത്തിയെഴുതാനുള്ള ശ്രമം തുടങ്ങിയത്. അതിനായി അറബി അക്ഷരമാല പഠിച്ചു. തുടക്കം കുറച്ച് ദുഷ്കരമായിരുന്നെങ്കിലും വിവരണാതീതമായൊരു ആത്മീയ പ്രചോദനം അതിനു പിന്നിൽ പ്രവർത്തിക്കുന്നതായി ബോധ്യം വന്നപ്പോൾ സധൈര്യം മുന്നോട്ടുപോയി. അതാണ് മൂന്ന് കൈയെഴുത്ത് പ്രതികൾ പൂർത്തിയാക്കാൻ വഴിയൊരുക്കിയതെന്ന് സുരേഷ്കുമാർ പറഞ്ഞു. ഖുർആൻ പഠനത്തിന് മുതിർന്നപ്പോൾ അതിൽ കണ്ട ഇതര വേദസാമ്യങ്ങൾ അത്ഭുതകരമായിരുന്നുവെന്ന് സുരേഷ് അടിവരയിടുന്നു. ഏകദൈവ വിശ്വാസത്തിലേക്ക് ക്ഷണിച്ചുകൊണ്ട് മൂന്നാം അധ്യായമായ 'ആലു-ഇംറാനി'ലെ 64-ാം വചനത്തിൽ

**ശ്രീമദ് ഭഗവത്ഗീത 18 അധ്യായവും അതിൻെറ മൂലഭാഷയായ സംസ്കൃതത്തിൽ ഒരു തവണ എഴുതിത്തീർക്കാൻ സാധിച്ച ധൈര്യത്തിലാണ് വിശുദ്ധ ഖുർആൻ പകർത്തിയെഴുതാനുള്ള ശ്രമം തുടങ്ങിയത്**

വേദവിശ്വാസികളോട് പറയുന്നത് 'ഞങ്ങളും നിങ്ങളും ഒന്നുപോലെ അംഗീകരിക്കുന്ന തത്ത്വത്തിലേക്ക് വരിക' എന്നാണ്. മനുഷ്യൻെറ കർമ മണ്ഡലം ഏതാകട്ടെ, നാളിതുവരെ പിന്തുടർന്ന സംസ്കാരവും ദർശനവും ഏതുമാകട്ടെ, തൻെറ നിയോഗം പൂർണതയിലെത്തിക്കണമെന്ന് ആഗ്രഹിക്കുന്നവർക്കും ബ്രഹ്മ സാക്ഷാത്കാരം നേടാൻ കൊതിക്കുന്നവർക്കും ഖുർആൻ പകർന്നുനൽകുന്ന ഊർജവും വെളിച്ചവും അപാരമാണെന്നുതന്നെയാണ് സുരേഷ് പറയുന്നത്. ഖുർആൻ അറിവ് പകർന്നുതരിക മാത്രമല്ല, അറിവുകളിലേക്കുള്ള വഴി പറഞ്ഞുതരുകയും ചെയ്യുന്നതായി അദ്ദേഹം മനസ്സിലാക്കുന്നു.

ഖുർആനിൽ താൻ ദർശിച്ച മറ്റൊരു മേന്മ അത് പകർന്നുനൽകുന്ന പ്രതീക്ഷയാണെന്ന് സുരേഷ് പറഞ്ഞു. മനുഷ്യസഹജമായ തെറ്റുകളാലും മറ്റും നിരാശയുടെ പടുകുഴിയിൽ ആപതിച്ചുപോയ മർത്യനുമുന്നിൽ പാപമോചനത്തിൻെറയും പരലോക മോക്ഷത്തിൻെറയും വഴികൾ തുറന്നിടുകയാണ് ഗ്രന്ഥം. നമസ്കാരവും വ്രതാനുഷ്ഠാനവും ഹജ്ജും ഇതര സൽകർമങ്ങളും സ്വയം വിമലീകരിക്കാനുള്ള വഴികളായി ഖുർആൻ പഠിപ്പിക്കുന്നു. സത്യസാരങ്ങൾ കണ്ടെത്തിയും അനുഷ്ഠാനങ്ങൾ യഥാവിധി നിർവഹിച്ചും വിശുദ്ധി നേടാൻ സർവ വേദങ്ങളും ഉദ്ഘോഷിക്കുന്നു. പരസ്പരം പോരടിക്കുകയല്ല; ഗുണകാംക്ഷയോടെയും 'ഇഹ്സാൻ' എന്ന യജ്ഞഭാവത്തോടെയും യഥാർഥ വിശ്വാസികൾ പരസ്പരം സഹകരിച്ച് കഴിയണമെന്നാണ് സുരേഷിന് പറയാനുള്ളത്. എല്ലാവരും ഈശ്വര സൃഷ്ടികളാണ്. ഇഹലോക ജീവിതമാകട്ടെ നശ്വരവും. അതിൽ വെറുപ്പിനും വിദ്വേഷത്തിനും ഇടം കൊടുക്കരുതെന്നാണ് എല്ലാ മതവിശ്വാസികളോടുമുള്ള അദ്ദേഹത്തിൻെറ അഭ്യർഥന. ഭാര്യയും പി.ജി ഡോക്ടറായ മകളും അടങ്ങിയതാണ് സുരേഷിൻെറ കുടുംബം. ●

# പലഹാരങ്ങളുടെ മണം സ്നേഹമായിരുന്നു

● പ്രീതി രഞ്ജിത്ത്

കുട്ടിക്കാലത്തെ നോമ്പ് ദിനങ്ങളിലെ ഓർമകളിൽ ആദ്യം മനസ്സിലെത്തുന്നത് അയൽപക്കത്തെ ഉമ്മ നോമ്പുതുറക്ക് ഉണ്ടാക്കുന്നതിൽ നിന്നും സ്നേഹത്തോടെ പൊതിഞ്ഞു കൊണ്ടു തരുന്ന പലഹാരങ്ങളുടെ മണമാണ്.



കുറച്ചുകൂടി വലുതായപ്പോൾ, നോമ്പുകാലമായാൽ അടുത്ത കൂട്ടുകാരിയുടെ വീട്ടിലേക്ക് ഒന്നൊന്നര കിലോമീറ്ററോളം നടന്നുപോയി അവളുടെ ഉമ്മ ഉണ്ടാക്കുന്ന സ്വാദിഷ്ടമായ ഭക്ഷണം കഴിച്ച് തിരിച്ചുപോരുന്ന പതിവ് ഉണ്ടായിരുന്നു എനിക്കും രണ്ട് സുഹൃത്തുക്കൾക്കും. ഉമ്മ അത്യധികം സ്നേഹത്തോടെ വിളമ്പിത്തരുന്ന ഭക്ഷണം കഴിച്ച് തിരിച്ചു വീട്ടിലേക്കു നടക്കുന്ന ദിവസങ്ങളിൽ ഒന്നിലാണ് മറ്റൊരു സുഹൃത്ത് ഞങ്ങളെ കളിയാക്കുന്നത്; 'നോമ്പ് എടുക്കാതെ അവളുടെ വീട്ടിൽ പോയി ഭക്ഷണം കഴിക്കാൻ എങ്ങനെ പറ്റുന്നു. നോമ്പ് എടുത്ത് നോമ്പ് തുറക്കു കൂടണം"

അന്ന്, റമദാൻ മാസത്തെ കുറിച്ചും നോമ്പിനെ കുറിച്ചും കൂടുതൽ കാര്യങ്ങൾ ചോദിച്ച് മനസ്സിലാക്കി. ആ നിമിഷം മുതൽ നോമ്പ് എടുത്ത് മാത്രമേ ഇഫ്താറിൽ പങ്കെടുക്കൂ എന്നൊരു നിർബന്ധം പാലിച്ചു പോരുന്നു. കൂട്ടുകാരുടെ കൂടെക്കൂടി ആദ്യമായി നോമ്പ് എടുക്കാൻ തുടങ്ങിയതും അക്കാലങ്ങളിലാണ്.

ആത്മ സമർപ്പണത്തിന്റെയും പരസ്പര സഹായത്തിന്റെയും പങ്കുവെക്കലിന്റെയും മഹത്തായ ദിനങ്ങൾ കൂടിയാണ് റമദാൻ മാസം. ഇന്നിപ്പോൾ എനിക്കും, പല സംഘടനകളുടെയും ഭാഗമായി, റമദാൻ മാസത്തോടനുബന്ധിച്ചുള്ള പല പുണ്യ പ്രവൃത്തികളുടെയും ഭാഗമാകാൻ കഴിയുന്നു എന്നതിൽ ദൈവത്തോട് നന്ദി പറയുന്നു.

ഇന്ന്, നോമ്പ് എന്ന് പറയുമ്പോൾ മനസ്സും ശരീരവും ശുദ്ധിയോടെ നിലനിർത്തി, പുണ്യ പ്രവൃത്തികൾ ചെയ്ത് പ്രാർഥനാനിർഭരമായ ദിനങ്ങൾ ആണ് മനസ്സിലേക്കെത്തുന്നത്. നോമ്പ് മനുഷ്യരിൽ ക്ഷമാശീലവും പരസ്പരം സഹായ സന്നദ്ധതയും വർധിപ്പിക്കാനും വ്രതാനുഷ്ഠാനത്തിലൂടെ ആത്മാവിന്റെയും ശരീരത്തിന്റെയും ആരോഗ്യം ബലപ്പെടുത്താനും സഹായിക്കുന്നു. നന്മയുടെ റമദാൻ മാസത്തെ നമുക്ക് ബഹുമാനത്തോടെ വരവേൽക്കാം.



# Send Money with NEC Remit & Enjoy Loyalty Benefits




SPIN & WIN

NEC REMIT

Download our app now

App Store | Google Play | AppGallery

For more information contact :

1331 1221, 3602 2320

*Terms and conditions apply

travel SOUQ



Scan Here!

travelSOUQ.com Search

Lowest price guaranteed on flight booking

OUR SERVICES

FLIGHT TICKET | GROUP BOOKINGS | HOLIDAY PACKAGES | VISA
HOTEL BOOKING | TRAVEL INSURANCE | CORPORATE TRAVEL SERVICES

16 631 631, 33 66 9055

Budaiya & Manama

സേവന നോമ്പ്

# മലബാറിന്റെ മാലാഖമാർ

**നോമ്പു കാലത്ത് അതിർവരമ്പുകളില്ലാത്ത സേവനത്തിന്റെ മാതൃകയാണ് സി.എച്ച് സെന്റർ, കനിവ്, സഹായി, ഹെൽപ്പിങ് ഹാൻഡ്സ് എന്നിവരുടെത്**



സി.എച്ച് സെന്ററിലെ ഭക്ഷണവിതരണം

**ടി. മുംതാസ്**

നിനച്ചിരിക്കാതെ അപകടങ്ങളും അത്യാഹിതങ്ങളും സംഭവിച്ചവർ, രോഗത്തിന്റെ മൂർധന്യാവസ്ഥയിൽ ജീവിതത്തിനും മരണത്തിനുമിടയിൽ മനംപിടയുന്നവർ... നിസ്സഹായാവസ്ഥയിൽ അന്ധാളിച്ചുനിൽക്കുന്നവരായിരിക്കും ആതുരാലയങ്ങളിലേറെയും. ഇത്തരക്കാർക്കിടയിലേക്ക് കൂട്ടിരിപ്പുകാരായും മരുന്നായും ഭക്ഷണമായും പറന്നിറങ്ങുന്ന ഒരു പറ്റം മാലാഖമാരുണ്ട് കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിക്കു ചുറ്റും. റമാദാനിലെ പുണ്യദിനരാത്രങ്ങളിലും രാപ്പകലില്ലാതെ കർമനിരതരായിരിക്കും അവർ.

## ആശ്വാസത്തിന്റെ കൈത്താങ്ങ്

ആദ്യകാലത്ത് അൻസാർ ഹോട്ടലിലെ സൗജന്യ കഞ്ഞിവിതരണമായിരുന്നു മെഡിക്കൽ കോളജിലെത്തുന്ന പാവപ്പെട്ട രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും ഏക ആശ്രയം. പിന്നീടാണ് സന്നദ്ധ സംഘടകൾ സജീവമാകുന്നത്. ആരും പട്ടിണിയാവുന്നില്ലെന്ന് ഉറപ്പുവരുത്തിയാണ് നിലവിൽ സന്നദ്ധ സംഘടനകളുടെ പ്രവർത്തനം. നിത്യേന ആശുപത്രിയിൽ മൂന്നു നേരം ഭക്ഷണം വിതരണം ചെയ്യും.

നോമ്പു കാലത്ത് അതിർവരമ്പുകളില്ലാത്ത സേവനത്തിന്റെ മാതൃകയാണ് സി.എച്ച് സെന്റർ, കനിവ്, സഹായി എന്നിവരുടെത്. ആശുപത്രിയിലെത്തുന്ന കൂട്ടിരിപ്പുകാർക്ക് നോമ്പെടുക്കാനും തുറക്കാനും ഭക്ഷണമെത്തിക്കുന്നത് ദൗത്യമായി ഏറ്റെടുത്തിരിക്കുകയാണിവർ. റമദാനിലെ ഭക്ഷണ വിതരണത്തിനായി കൂടുതൽ വളന്റിയർമാരും വിപുലമായ സജ്ജീകരണങ്ങളും വേണം. രാവിലെ മുതൽ ആശുപത്രിയിൽ കയറിയിറങ്ങി ഭക്ഷണത്തിന് ടോക്കൺ വിതരണം ചെയ്യൽ, ഭക്ഷ്യസാധനങ്ങൾ ഒരുക്കൽ, പാചകം, വിതരണം, ക്ലീനിങ് എല്ലാറ്റിനും വേണം സേവനസന്നദ്ധരായവർ. സി.എച്ച് സെന്ററിനു മാത്രം ഇഫ്താർ, അത്താഴ സേവനത്തിനായി നൂറിലധികം വളന്റിയർമാർ വേണം.

ഒരേസമയം 500ലധികം പേർക്ക് ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള സൗകര്യമാണ് ഈ സംഘങ്ങൾ ഒരുക്കുന്നത്. വെകീട്ട് അഞ്ചോടെ കൂട്ടിരിപ്പുകാർക്ക് ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നതിനുള്ള ഭക്ഷണ -പാനീയങ്ങൾ വിതരണം തുടങ്ങും. കാരക്ക, തരിക്കഞ്ഞി, ജീരകക്കഞ്ഞി, ചായ, ഇറച്ചിക്കറി(കോഴി അല്ലെങ്കിൽ ബീഫ്), പത്തിരി, വെള്ളപ്പം, നൂൽപ്പുട്ട്, ചപ്പാത്തി(ഇവയിൽ രണ്ടെണ്ണം ഒരു ദിവസം) എന്നിങ്ങനെ നീളുന്നതാണ് ഇഫ്താർ വിഭവങ്ങൾ. ഇടക്ക് ബിരിയാണിയും മന്തിയും കബ്സയും ഉണ്ടാവും. ടോക്കണോ ആശുപത്രി പാസോ ആയി വരുന്നവർക്കെല്ലാം ഇത് നൽകും. ആശുപത്രിയിലേക്ക് വാങ്ങിക്കൊണ്ടുപോകുന്നവർക്ക് അത്താഴ വിതരണം തുടങ്ങുക രാത്രി എട്ടുമണി കഴിഞ്ഞാണ്. 12 വരെ തുടരും. 12 മുതൽ സുബ്ഹിയോട് അടുത്ത സമയം വരെ എത്തുന്നവർക്ക് അത്താഴം സെന്ററിൽ ഇരുന്ന് കഴിക്കാം. സഹായിയും സമാന രീതിയാണ് പിൻപറ്റുന്നത്.

## സമൂഹ നോമ്പുതുറ

ആശുപത്രിയിലും പരിസരത്തും എത്തിപ്പെടുന്നവർക്കായി കനിവിലും സി.എച്ച് സെന്ററിലും സഹായിയിലും വിപുലമായ നോമ്പുതുറ

# ഒറ്റപ്പെടുത്തലിലും പിന്തിരിയാതെ



കോവിഡ് വർഡിലേക്ക് സന്നദ്ധപ്രവർത്തകർ നൽകിയ മിക്സി റാഫിയ നഴ്സുമാർക്ക് കൈമാറുന്നു

ആശുപത്രിയിൽ സ്ഥിരം വനിതാ വളന്റിയറെ നിർത്തുന്നത് കനിവാണ്. കനിവിലെ റാഫിയക്ക് കോവിഡ് കാലം ഇന്നും കയ്പേറിയ അനുഭവമാണ്. പറഞ്ഞറിയിക്കാൻ പറ്റാത്തത്രയും പ്രതിസന്ധികൾ മറികടന്നായിരുന്നു അന്നത്തെ മെഡിക്കൽ കോളജ് സേവനം. സമൂഹത്തിൽനിന്നുള്ള ഒറ്റപ്പെടുത്തൽ കാരണം കരഞ്ഞുപോയ ഒരുപാട് സന്ദർഭങ്ങളുണ്ടായിട്ടുണ്ട് എന്ന് റാഫിയ പറയുന്നു. മെഡിക്കൽ കോളജിൽ പോകുന്ന തന്നെ കാണുന്നതുപോലും പലർക്കും ഭയമായിരുന്നു. രോഗഭീതി കാരണം വീട്ടിലേക്ക് വരാൻ എല്ലാരും മടിച്ചിരുന്ന കാലം. തന്നെ കാണുമ്പോൾ വീടിന്റെ ഗേറ്റ് അടച്ചവർ വരെയുണ്ട്.

കൈകാണിച്ചിട്ടും നിർത്താതെ പോയ ഓട്ടോറിക്ഷക്കാർ. ഒരിക്കൽ ബസിൽ സീറ്റിൽ തൊട്ടടുത്ത് ഇരുന്ന സ്ത്രീയെ പിറകിൽ ഇരുന്ന പുരുഷൻ 'അവർ മെഡിക്കൽ കോളജിൽനിന്ന് വരുന്നതാണ്, അടുത്ത് ഇരിക്കേണ്ട' എന്നുപറഞ്ഞ് മാറ്റിയിരുത്തി. മനസ്സ് വല്ലാതെ പിടഞ്ഞു. അങ്ങനെയൊക്കെ ആയിരുന്നെങ്കിലും വളന്റിയർ ഡ്യൂട്ടിക്ക് മുടങ്ങാതെ മെഡിക്കൽ കോളജിൽ എത്തി. കോവിഡ് വാർഡിൽ ഡോക്ടർമാർക്കും നഴ്സുമാർക്കും തങ്ങളുടെ സേവനം അത്യാവശ്യമായിരുന്നു. രോഗികൾക്ക് കുടിവെള്ളത്തിന്റെ ടാപ്പ് പോലും തൊടാൻ പറ്റില്ല. ബന്ധുക്കൾക്ക് അവരുടെ അടുത്തേക്ക് വരാനും കഴിയില്ല. അന്ന് കോവിഡ് വാർഡുകളിലേക്ക് കനിവ് വഴി കുടിവെള്ളമെത്തിച്ചത് മാത്രം മതി റാഫിയക്ക് ആത്മനിർവൃതിയടയാൻ.

പിന്നെ സമൂഹത്തിൽ നിന്നുള്ള അവഗണനകളൊക്കെ എന്ത്? നമ്മുടെ ഉദ്ദേശ്യം അല്ലാഹുവിൽ നിന്നുള്ള തൃപ്തി മാത്രമാണല്ലോ -റാഫിയ പറയുന്നു. നോമ്പുകാലം ആതുര സേവനമാർഗത്തിൽ കൂടുതൽ ഊർജം നൽകുമെന്ന് റാഫിയ സാക്ഷ്യപ്പെടുത്തുന്നു.

സൗകര്യമാണ് ഒരുക്കുന്നത്. സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം സൗകര്യങ്ങളുണ്ടാവും. രോഗികളുടെ കൂട്ടിരിപ്പുകാർ, ഡോക്ടർമാർ, നഴ്സുമാർ, മെഡിക്കൽ കോളജിലെ വിദ്യാർഥികൾ, കടകളിലേ ജീവനക്കാർ, ഓട്ടോ തൊഴിലാളികൾ, വഴിയാത്രക്കാർ എന്നിവർക്കെല്ലാം വലിയ ആശ്വാസമാണിത്. പഴങ്ങളും പാനീയങ്ങളും പലഹാരങ്ങളുമായി ആദ്യം നോമ്പ് തുറന്ന് പിന്നീട് നമസ്കാരത്തിന് ശേഷമാണ് ഭക്ഷണം കഴിക്കുക. സഹോദര സമുദായത്തിലെ നോമ്പനുഷ്ഠിക്കുന്നവരും നോമ്പനുഷ്ഠിക്കാത്തവരും ഇക്കൂട്ടിലുണ്ടാകും. ദിനംപ്രതി നൂറുകണക്കിന് പേരാണ് ഈ സമൂഹ നോമ്പുതുറയെ ആശ്രയിക്കുന്നത്. സി.എച്ച് സെന്ററിൽ കഴിഞ്ഞ തവണ ടോക്കൺ 1800നു മുകളിലെത്തിയിരുന്നു. അത്താഴത്തിനുമുണ്ടാവും ആയിരത്തിലധികം പേർ. മെഡിക്കൽ കോളജിൽ പഠിക്കുന്ന വിദ്യാർഥികളടക്കം അത്താഴത്തിന് സി.എച്ച് സെന്ററിനെയും സഹായിയെയുമാണ് ആശ്രയിക്കുന്നത്. ഇഫ്താർ കഴിഞ്ഞ് മടങ്ങുമ്പോൾ ചിലർ വളന്റിയർമാരെ നേരിൽക്കണ്ട് നന്ദി പറയും. യാത്രക്കാർ മഹത്തായ സംരംഭത്തിലേക്ക് തങ്ങളാലാകും വിധം സഹായം ചെയ്യും. സഹായിയുടെ റമദാൻ ഭക്ഷണ വിതരണത്തിലേക്ക് എസ്.വൈ.എസ് പ്രവർത്തകർ വിവിധ ക്ലസ്റ്ററുകളുടെ നേതൃത്വത്തിൽ ഭക്ഷണം സ്പോൺസർ ചെയ്ത് എത്തിക്കാറുണ്ടെന്ന് സെക്രട്ടറി നാസർ പറഞ്ഞു. വീടുകളിൽനിന്ന് ഉമ്മമാർ സംഭാവന ചെയ്യുന്ന കോഴിക്കോടൻ പലഹാരങ്ങളുമുണ്ടാകും. ഈദുൽ ഫിത്ർ ദിവസം പെരുന്നാൾസദ്യയോടുകൂടിയാണ് ഈ സംഘടനകൾ റമദാൻ വിഭവവിതരണത്തിന് സമാപനം കുറിക്കുക.



കെയർഹോമിലെ ഭിന്നശേഷി സൗഹൃദ ജിം കേന്ദ്രം

### മത്സരമില്ല, മനുഷ്യത്വം മാത്രം

സാധാരണ സംഘടനകൾക്കിടയിൽ കാണുന്ന മത്സരമൊന്നും ഇവിടെയില്ല. ആതുര സേവനം മാത്രമാണ് ലക്ഷ്യം. ഉച്ചഭക്ഷണം ഡി.വൈ. എഫ്ആണ് ഏറ്റെടുത്തിരിക്കുന്നത്. കനിവും സി.എച്ച് സെന്ററും ഹെൽപ്പിങ് ഡ്യും സ



സഹായി നോമ്പുതുറ




കനിവ് ഭക്ഷണ വിതരണം

ഹായിയും രാവിലെയും വൈകീട്ടുമുള്ള ഭക്ഷണവും വിതരണം ചെയ്യും. ആശുപത്രിയുടെ എല്ലാ ഭാഗങ്ങളിലും സഹായം എത്തിക്കാനുള്ള ഇവരുടെ പരസ്പര സഹകരണം മാതൃകയാണ്. റമദാനിൽ രോഗികളും ഇതര സമുദായത്തിൽനിന്നുള്ള സഹോദരങ്ങളും ഭക്ഷണം ലഭിക്കാതെ പ്രയാസപ്പെടുന്നത് ഒഴിവാക്കാൻ 'കനിവ്' സാധാരണ പോലെ റമദാനിലും രാവിലെയും വൈകീട്ടും ഭക്ഷണം വിതരണം ചെയ്യും.

## കനിവിന്റെ കിറ്റ്

ആതുരസേവനത്തിന് എത്തുന്ന വളന്റിയർമാരിൽ ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെടുന്ന നിരവധി പേരുണ്ട്. അനിനാൽതന്നത്ത കനിവിന്റെ നേതൃത്വത്തിൽ മറ്റു സംഘടനകളിലെയും അർഹതയുള്ള വളന്റിയർമാക്കും കടകളിലേയും ഓട്ടോ-ബസ് തൊഴിലാളികൾക്കും റമദാനിൽ കിറ്റ് നൽകും. മാത്രമല്ല, ഗൃഹനാഥൻ അപകടത്തിൽപ്പെട്ടും രോഗംവന്ന് ചികിത്സയിൽ കഴിയുന്നതുമായ നിർധന കുടുംബങ്ങൾക്ക് പ്രതിമാസ കിറ്റും വിതരണം ചെയ്യുന്നുണ്ട്. ആശുപത്രികളിൽനിന്ന് കണ്ടെത്തുന്ന നിരാലംബർക്ക് വീട് നിർമിച്ചുകൊടുക്കാനും കനിവ് മുൻകൈയെടുക്കാറുണ്ട്.

## അശരണരുടെ ആശ്രയം

ആലംബമറ്റ രോഗികൾക്ക് മരുന്ന്, സർജിക്കൽ ഉപകരണങ്ങൾ, വീൽച്ചെയറുകൾ, അപകടത്തിൽപ്പെട്ടും മറ്റും എത്തുന്നവർക്ക് മാറാനുള്ള വസ്ത്രം, ആംബുലൻസ് സർവീസ്, കൗൺസലിങ്, ആവശ്യക്കാർക്ക് വീടുകൾ തുടങ്ങി നിരവധി സഹായങ്ങളാണ് ഈ സന്നദ്ധ സംഘങ്ങൾ ലഭ്യമാക്കുന്നത്.

സി.എച്ച് സെന്ററിൽ ഡയാലിസിസ്, ലാബ് പരിശോധനകൾ, സി.ടി സ്കാൻ, അൾട്രാ സൗണ്ട് സ്കാൻ, സൗജന്യ മെഡിക്കൽ ഷോപ്പ്, 40-50 ശതമാനം ഡിസ്കൗണ്ടിൽ മരുന്ന് വിതരണം, ശസ്ത്രക്രിയകൾക്ക് ആവശ്യമായ കമ്പി, സ്ക്രൂ എന്നിവ പരിമിതമായി വിലയിൽ എത്തിക്കൽ, തീർത്തും നിർധനരാണെന്ന് ബോധ്യപ്പെട്ടാൽ ആശുപത്രിയിലും പുറത്ത് ലാബിലും ബിൽ അടക്കൽ തുടങ്ങിയ മറ്റ് സേവനങ്ങളും നൽകുന്നുണ്ട്.

വിദൂരങ്ങളിൽ നിന്നെത്തുന്നതും പുറത്തു വാടക്ക് റൂം എടുക്കാൻ കഴിവില്ലാത്തവർക്കും മറ്റും സുരക്ഷിത കവചമൊരുക്കുകയാണ് ഹെൽപ്പിങ് ഹാൻഡ്സിന്റെ 'കെയർ ഹോം'. കീമോ തെറാപ്പി കഴിഞ്ഞ കാൻസർ രോഗികൾ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയരായവർ, ലുക്കീമിയ ബാധിച്ചവർ, നട്ടെല്ലിന് ക്ഷതമേറ്റ് ചികിത്സ തേടുന്നവർ എന്നിവർക്ക് അണുബാധ ഏൽക്കാതെ താമസിക്കുന്നതിന് അത്യാധുനിക രീതിയിലുള്ള സുരക്ഷിതമായ താമസ സൗകര്യം സൗജന്യമായി ഇവിടെ ലഭിക്കും. മെഡിക്കൽ കോളജിന് തൊട്ടടുത്തായുള്ള കെയർഹോമിൽ 80 രോഗികൾക്ക് താമസിക്കാനുള്ള സൗകര്യമുണ്ട്.

നട്ടെല്ലിന് ക്ഷതമേറ്റർക്ക് സൗജന്യമായി ഡോക്ടറുടെയും തെറാപ്പിസ്റ്റുകളുടെയും സേവനമടക്കം മൂന്ന് മാസത്തെ പരിചരണവും ഇവിടെ ലഭ്യമാക്കുന്നുണ്ട്. ഓക്സിജൻ കോൺസൻട്രേറ്റർ, എൻ.ഐ.വി എന്നിവയും വിതരണം ചെയ്യും.

ഉദാരമതികളിൽ നിന്നു ലഭിക്കുന്ന സംഭാവനകളിൽനിന്നാണ് ഈ സംഘങ്ങൾ ഇതിനുള്ള ഫണ്ട് കണ്ടെത്തുന്നത്. ഏറെക്കുറെ റമദാൻ മാസത്തിലാണ് ഫണ്ടിന്റെ ഭൂരിഭാഗവും നേടിയെടുക്കുന്നതെന്ന് ഭാരവാഹികൾ പറഞ്ഞു. എങ്കിലെ സേവനം സുഖമമായി മുന്നോട്ടുകൊണ്ടു പോകാനാവൂ.

KOZHIKODE STAR RESTAURANT

# Iftar Special Kit

CUT FRUITS
DATES JUICE + WATER
2 TYPE SNACKS
CHICKEN BIRIYANI (SINGLE)
RAITHA & PICKLE

BHD **1.000**



CUT FRUITS & DATES JUICE + WATER, 3 TYPE SNACKS
3 PCS BREAD
2 PCS CHICKEN CURRY
CHICKEN BIRIYANI
VEGETABLE CURRY
THARI KANJI

BHD **2.000**

## Lunch
### Takeaway & Delivery

LEGHORN CHICKEN BIRIYANI
BROILER CHICKEN BIRIYANI
BEEF BIRIYANI
GHEE RICE WITH CHICKEN CURRY
GHEE RICE WITH BEEF CURRY

അത്താഴം
മുത്താഴം

## You can choose more than 25 Variety of Snacks everyday

| | |
|---|---|
| KUNJI PATHIRI | EGG PUFFS |
| SAMOSA | BREAD POCKET |
| CHATTI PATHIRI | THARI KANJI |
| CHEMMEEN KALAMAAS | KAPPA CURRY |
| IRACHI PATHIL | UMMACHI PATHIRI |
| PAZHAM NIRACHATHU | KUNJI KOZHI |
| PAKKUVADA | JEERAKA KANJI |
| KAYPOLA | NANNARI SARBATH |
| UNNAKKAI | BUCKET BIRIYANI |



## Special Kozhikode Bucket Biriyani

2KG CHICKEN BIRIYANI

BHD **3.200**

K GRILL | Salad Hub | kozhikodens Cafeteria & Minimart

**KOZHIKODE STAR RESTAURANT**

17260071 35419060

*VAT Exclusive

*Terms & Conditions Apply

നോമ്പോർമ

# കുഞ്ഞലീമയുടെ ഓർമക്ക്

● **ധർമരാജ് മടപ്പള്ളി**

കുഞ്ഞലീമ എന്റെ അയൽക്കാരിയും അമ്മൂമ്മയുടെ കൂട്ടുകാരിയുമായിരുന്നു. അതിലുപരി അവർ സഹപാഠിയും ഒരേ ആത്മാവിന്റെ ഇരുകരകളുമായിരുന്നു. 'ഒരിടത്തൊരിടത്തൊരു രാജാവുണ്ടായിരുന്നു' എന്ന് പറഞ്ഞുതുടങ്ങുന്ന കഥകളിലെന്നപോലെ 'ഉണ്ടായിരുന്നു' എന്ന വാക്കിനാൽ അവസാനിക്കുന്ന വരികളിലാണ് ഇന്ന് നന്മകൾ, ഭൂതകാലത്തിന്റെ കൂവനൂറുപോലെ ഊറിക്കിടക്കുന്നത്. 'വർത്തമാനം' ഇപ്പോൾ 'വർത്താനം'പറയാൻ കൊള്ളാത്തതായി.

നേർവഴി ഒഴിവാക്കി, കുഞ്ഞലീമയുടെ വീട്ടുമുറ്റത്തുകൂടി കയറിയിറങ്ങിപ്പോയാൽ കടയിലെത്താം. ആയതിനാൽ ഞങ്ങൾ ആ കുറുവഴിയാണ് എന്നും സ്വീകരിക്കാറുണ്ടായിരുന്നത്. അന്ന് അതൊരു കുറ്റമായിരുന്നില്ല. വീടുകൾക്കും മനസ്സുകൾക്കും മതിലുകൾ ഉണ്ടായിരുന്നില്ല. മതം മുരിക്കുപോലെ നമുക്കിടയിൽ വളർന്നിരുന്നില്ല.



അടുക്കളപ്പുറത്തെ കിണറ്റിൻകര പിന്നിട്ട് ഉമ്മറത്തെത്തുമ്പോൾ അവിടെ കസവുതട്ടത്തിൽ നരവീണ മുടി ഒതുക്കി, കാതിൽ അലിക്കത്തിന്റെ കുഞ്ഞു വള്ളികൾ കിലുക്കി, മുറുക്കിച്ചുവപ്പിച്ച്, ബഡാപ്പുറത്തെ കൈതോലപ്പായയിൽ കുഞ്ഞലീമ ഇരിപ്പുണ്ടാവും.

കാണുമ്പോളൊക്കെയും ചോദിക്കും

'മോനേ, ചായേന്റെ ബെള്ളം ബേണോ..?'

നമ്മൾ സുഖാണോ എന്നൊക്കെ ചോദിക്കുംപോലെ കുഞ്ഞലീമയുടെ സ്നേഹാന്വേഷണം അതാണ്. മുറ്റത്തിനപ്പുറത്തെ തൊടിയിൽ രാത്രിമഴ വീഴ്ത്തിയ നാട്ടുമാങ്ങകൾ ഉണ്ടാവും ചിലപ്പോൾ.

'മോനേ, മാങ്ങ ദാ ബീണിക്ക് കൊണ്ടോയി തിന്നോ...' എന്നാവും കുഞ്ഞലീമ എന്നിൽ അന്ന് അനുഭവപ്പെടുക.

'മോനേ കാവുറുപ്പ്യെന്റെ മീന് മ്മക്കും കൂടീങ്ങ് ബാങ്ങിപ്പോര് എന്നും കാൽ ഉറുപ്പിക നീട്ടി കുഞ്ഞലീമ ഒരു പാരസ്പര്യമാവും ചിലപ്പോൾ. രണ്ട് ആൺമക്കളും സൗദിയിലായിരുന്നെങ്കിലും പഞ്ഞം തന്നെയായിരുന്നു അവിടേയും വീട്ടുകാരണവർ.

വറുതിയുടെ അടുക്കള മുറ്റത്തുനിന്നും കുഞ്ഞലീമയുടെ മനസ്സിന്റെ മടിക്കുത്ത് എടുത്തു നീട്ടിയ കുപ്പായ ശീലകൾ... മടക്കുകുടകൾ... അത്തറിന്റെ കുപ്പികൾ... ഹീറോ പേനകൾ... പെരുന്നാൾ ദിനത്തിൽ ചുട്ടുമടക്കി തുണിയിൽ പൊതിഞ്ഞ് കൊണ്ടത്തരുന്ന കോഴിവടകൾ.. സ്നേഹപ്പത്തിരികൾ... .

അമ്മൂമ്മക്കും മുന്നേ കുഞ്ഞലീമ പോയി. അതൊരു ശൂന്യതയായിരുന്നു. അലക്കുകല്ലിൻചോട്ടിലെ നിത്യനനവിൽ വളർന്ന് പൊങ്ങിയ മഷിത്തണ്ടിൻ കൂട്ടങ്ങൾ ഉണങ്ങിപ്പോയതുപോലെ.. ബഡാപ്പുറത്തെ കൈതോലപ്പായയിൽ നിശ്ശബ്ദത മലർന്നു കിടന്നു.

കുഞ്ഞലീമയുടെ വീട്ടുവഴിയിൽ ഒരു സോപ്പ് കായയുടെ മരമുണ്ടായിരുന്നു. കുഞ്ഞുനെല്ലിക്ക പോലത്തെ കായ പറിച്ചെടുത്ത് വെള്ളം കൂട്ടി കൈയിലിട്ട് തിരുമ്മിയാൽ പതയുന്ന ഒന്ന്. അത്യാവശ്യം വസ്ത്രങ്ങൾ അലക്കാനും അന്നത് ഉപയോഗിച്ചിരുന്നു. അലക്കു കല്ലുകളും സോപ്പു മരങ്ങളും ഇപ്പോൾ ഇല്ല. ഒരു നെടുവീർപ്പുപോലുമില്ലാതെ യന്ത്രങ്ങൾ കഴുകി വൃത്തിയാക്കിത്തരികയാൽ, അഴുക്ക് നമുക്കിപ്പോൾ ഒരു ഭയമല്ല. ഉടുതുണിയിൽ ചളിയും പറ്റിച്ച് പള്ളിക്കൂടത്തിൽ നിന്നും മദിച്ചുവരുന്ന ഞാൻ വാങ്ങിയ ശകാരങ്ങൾ, മകൾ ഉമ്മുകുൽസുവിന് കിട്ടാറില്ല. അഴുക്കുപറ്റാൻ പാങ്ങുള്ള ഇടങ്ങൾ അവളുടെ പള്ളിക്കൂടം പരിസരങ്ങളിലില്ല. കളി നേരത്തും അവളുടെ മൈതാനത്ത് കറങ്ങി നടക്കുന്നുണ്ടാവും ചൂരലും വീശി, കൊമ്പൻ മീശക്കാരൻ വിമുക്തഭടൻ ഡിസിപ്ലിൻ മാഷ്!

പ്രിയപ്പെട്ട കുഞ്ഞലീമ,

ഈ പുലർകാലത്ത് എന്നെ വിളിച്ചുണർത്തി ഇത്രയും എഴുതിച്ചതെന്തിനാണാവോ.! വാക്കിനും എഴുത്തിനുമൊക്കെ വിലകെട്ട കാലത്താണ് ഞങ്ങളുടെ ജീവിതം. ഇന്ന് വിശുദ്ധ റമദാൻ തുടങ്ങുകയാണ്. സ്വർഗത്തിലും ജീവിതാ

നുഷ്ഠാനങ്ങൾ ഉണ്ടാവുമോ? ഭൂമിയുമായി ബന്ധപ്പെടാത്ത നിലനിൽപുകളെ ജീവിതം എന്ന് വിളിക്കാമോ? സ്വർഗത്തിലെ ജീവിതം എന്നത് ശരിയായ പ്രയോഗമാണോ?


പ്രിയരേ, നോമ്പ് എന്നതിന്റെ ദൃശ്യാവിഷ്കാരം നമുക്കിപ്പോൾ ഭക്ഷണസമൃദ്ധിയാണ്. ഉണ്ടതിന്റെ ഏമ്പക്കമാണ്. വിവിധ ഇനം ഭക്ഷണങ്ങളുടെ കച്ചവട മനസ്സുകൾ തന്ത്രപരമായി നിർമിച്ചെടുത്ത വിപണനോപായങ്ങളാവാം ഇത്. ഭക്ഷണം ഇന്നൊരു ഉൽപന്നമാണ്. കമ്യൂണിസ്റ്റ് ചൈനയാണ് പ്ലാസ്റ്റിക്ക് കൊണ്ടും അരി ഉണ്ടാക്കാം എന്ന് നമുക്കു പറഞ്ഞു തരുന്നത്. കൂടുതൽ ലാഭമുണ്ടാക്കുന്നവനാണ് കൂടുതൽ ബുദ്ധിമാൻ. നെല്ലുകൊയ്യുന്ന കർഷകനിൽ നിന്നും അരി ഉണ്ടാക്കാനുള്ള മിശ്രിത ചേർപ്പുകാരനിലേക്ക് നാം വളർന്നിരിക്കുന്നു. പെട്ടെന്ന്, കൂടുതൽ ലാഭമുണ്ടാക്കുന്നതെന്തും നമുക്ക് വളർച്ചയാണ്. അതുകൊണ്ടാണ് നോമ്പുനോൽപിന്റെ അടയാളമായി നോമ്പുതുറയുടെ ദ്രവ്യമായ ഈത്തപ്പഴം അഥവാ കാരക്ക നമ്മുടെ മനസ്സിലെത്തുന്നത്. വിശപ്പറിഞ്ഞവൻ നട്ടുവളർത്തിയ ഈ കനിമധുരങ്ങൾ പ്ലാസ്റ്റിക് മിശ്രിതങ്ങളാൽ നിർമിക്കപ്പെടുന്ന കാലം വിദൂരമല്ല. നോമ്പുകാലം എന്തുകൊണ്ടാണ് എണ്ണമറ്റ റസ്റ്റാറന്റുകളുടെ, ഉമിനീരൊലിക്കുന്ന പരസ്യങ്ങളാൽ വിഷം തീണ്ടുന്നത്? കൗതുകത്താൽ മണ്ണുതിന്നുന്ന കുട്ടികളെ മാത്രമേ നാം കണ്ടിട്ടുള്ളൂ... ഇന്നും മണ്ണുതിന്ന് വിശപ്പടക്കുന്ന മനുഷ്യനെ കാണാൻ ഈ വ്രതമാസം നമ്മുടെ കണ്ണു തുറപ്പിക്കട്ടെ. അന്യന്റെ വിശപ്പ് കാണുകയാണ് മുക്തിയിലേക്കുള്ള വിശുദ്ധ വഴി. ഖലീഫ ഉമർ അതല്ലേ നമ്മോടു പറഞ്ഞുകൊണ്ടേയിരുന്നത്..!

മായം തിരിച്ചറിയാനുള്ള കാലം കൂടിയാവട്ടെ നമുക്ക് വിശുദ്ധ റമദാൻ. അത് നമ്മുടെ ജീവിതത്തിലായാലും നാം നിർമിക്കുന്ന ഉൽപന്നങ്ങളിലായാലും. കുഞ്ഞലീമ, ഇത്രയും എഴുതിക്കാനായിരുന്നോ എന്നെ ഈ പാതിരാത്രിയിൽ വിളിച്ചുണർത്തിയത്? ആകാശത്ത് ഞാനിപ്പോൾ കാണുന്നു നിന്റെ കൈപ്പുണ്യത്തിന്റെ നറുനിലാപ്പത്തിരി. അനന്തകോടി നക്ഷത്രങ്ങളിൽ കസവുതട്ടമിട്ട ഇമ്മിണി വല്ല്യ ഒറ്റ നക്ഷത്രവും..!

നോമ്പനുഭവം

# ദൈവം അയച്ചുതന്നതാകും നൗഷിയെ

നളിനകുമാരി വിശ്വനാഥ്



ഒരിക്കൽ ദുബൈയിൽനിന്ന് നാട്ടിലെത്തിയപ്പോൾ വീട്ടിൽ ഞാൻ അസുഖമായിട്ട് കിടപ്പിലായി. കുറെയകലെയുള്ള സഹോദരന്റെ വീട്ടിലേക്ക് കൊണ്ടുപോകാനായി വണ്ടിയുമായി വന്ന സഹോദരനെ 'നിങ്ങൾ പൊയ്ക്കോളൂ, ഞങ്ങൾ ചേച്ചിയെ സ്വന്തം പോലെ നോക്കും. ഇപ്പോൾ ഇവിടെനിന്ന് കൊണ്ടുപോകേണ്ട' എന്നു പറഞ്ഞത് തൊട്ടടുത്ത വീട്ടിലെ നൗഷിയായിരുന്നു. രണ്ടുനാൾ കഴിഞ്ഞാണ് എന്റെ ഭർത്താവ് എത്തിയത്. അതുവരെ നൗഷി എന്നെ സംരക്ഷിച്ചു. ടോയ്‌ലറ്റിലേക്ക് പിടിച്ചുനടത്തിയും ദാഹിച്ചപ്പോൾ വെള്ളവും വിശന്നപ്പോൾ ഭക്ഷണവുമുണ്ടാക്കിത്തന്നും സ്വന്തം അനിയത്തിയെപ്പോലെ അവൾ ശുശ്രൂഷിച്ചു. അതൊരു നോമ്പുകാലമായിരുന്നു. അടുത്ത് ആരുമില്ലാതെ അവശയായിപ്പോയൊരാളെ ശുശ്രൂഷിച്ചതിന്റെ പുണ്യം അവൾക്ക് കൊടുക്കട്ടെയെന്നാണ് നന്ദിയോടെ എന്നും എന്റെ പ്രാർഥന. ജാതിയും മതവും നോക്കാതെ മനുഷ്യരെ സ്നേഹിക്കുന്ന എനിക്ക് ദൈവം അയച്ചുതന്നതാകും അന്നേരം നൗഷിയെ. ഇതെഴുതുന്നത് നോമ്പിനോട് അടുത്ത ദിവസങ്ങളിലൊന്നിലാണ്. കുറച്ചു ദിവസങ്ങൾക്കുള്ളിൽ റമദാൻ വരവായി. അല്ലാഹു മനുഷ്യർക്ക് നല്ല ജീവിതത്തിനായി പ്രവാചകന്മാരിലൂടെ നൽകിയ വേദഗ്രന്ഥങ്ങളിലെ അവസാനത്തെ ഗ്രന്ഥമായ ഖുർആൻ അവതരിച്ച മാസമാണ് റമദാൻ.

അബൂദബിയിലെ ഗ്രാൻഡ് മോസ്കിലും ദുബൈയിലെ പള്ളികളിലും മുപ്പതു ദിവസവും വലിയ പന്തലൊക്കെയിട്ട് ജാതിമത വ്യത്യാസമില്ലാതെ എല്ലാവർക്കും പങ്കെടുക്കാവുന്ന നോമ്പ്തുറയായിരിക്കും ഉണ്ടാവുക. ഒരുമിച്ചുകൂടി ഒരു നോമ്പുതുറ അവിടെവെച്ചു നടത്താൻ വേണ്ടി ചുറ്റുമുള്ളവർ കുടുംബവും കൂട്ടുകാരുമൊത്ത് അവിടെ ചെല്ലാറുണ്ട്. ചില പാർക്കുകളിലും ആളുകൾ നോമ്പുതുറ നടത്തും. അറബ് ഫാമിലികളിൽനിന്ന് വലിയ പാത്രങ്ങളിൽ ഭക്ഷണം നിറച്ച് വാഹനങ്ങളിൽവെച്ചും പാർക്കിൽ കൊണ്ടുവന്നും എല്ലാവരെയും നോമ്പുതുറയിൽ പങ്കെടുപ്പിക്കുന്നുണ്ട്. അന്യമതസ്ഥരുടെ വീടുകളിലേക്കും ഭക്ഷണം കൊടുത്തയക്കുന്ന പതിവ് അറബ് രാജ്യങ്ങളിൽ മാത്രമല്ല കേരളത്തിലുമുണ്ട്.

# പഴമയുടെ പെരുമ ചേർക്കുന്നവർ

റഫീഖ് പറമ്പത്ത്

പുണ്യങ്ങൾ പൂത്തുലയുന്ന റമദാന്റെ വരവറിയിച്ച് ശഅ്ബാൻ പിറകാണുന്നതോടെ വിശുദ്ധ മാസത്തെ വരവേൽക്കാനുള്ള ആരവങ്ങളിലേക്ക് ഒമാനി ജനത നടന്നുനീങ്ങും. പാരമ്പര്യവും പൈതൃകവും കൈമോശം വരാതെ കാത്തുസൂക്ഷിക്കുന്ന ജനതയാണ് ഒമാനികൾ.

നഗരങ്ങളിലും ഗ്രാമങ്ങളിലും ഒരുപോലെ റമദാൻ മാസത്തെ ഹൃദയങ്ങളിലേറ്റി അതിന്റെ തനത് സംസ്കാരം കൊണ്ട് ഇഴ ചേർത്ത് നിർത്തുന്ന സംസ്കൃതി പിന്തുടരുന്നു.

ആദ്യം വീടും പരിസരവും കഴുകി വൃത്തിയാക്കി തൊടിയും ആടുമാടുകളുടെ ആലകളും നല്ലവണ്ണം പരിപാലിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തും. പിന്നീട് അടുക്കളയിലെ പാത്രങ്ങൾ, കത്തി, ഖഹ്‌വ കപ്പ്, ഫ്ലാസ്ക്, അലൂമിനിയം, കാസറോൾ എന്നിങ്ങനെ വീട്ടിലേക്ക് ആവശ്യമായ ഉപകരണങ്ങളുടെ ലിസ്റ്റ് തയാറാക്കും. മുതിർന്നവർ നൽകുന്ന ലിസ്റ്റ് പ്രകാരമാണ് സാധനങ്ങൾ വാങ്ങിക്കുക. പായ, കിടക്ക, തലയിണ, ബെഡ് ഷീറ്റ്, കാർപെറ്റ്, സുഗന്ധദ്രവ്യങ്ങൾ, കുന്തിരിക്കം, അത്തർ, മടക്കിവെക്കാവുന്ന കസേരകൾ, വിരിക്കാനുള്ള സുപ്ര എന്നിങ്ങനെ റമദാൻ ലിസ്റ്റുകൾ നീണ്ടുപോകും. വീട്ടുപകരണങ്ങൾ ആവശ്യമുള്ളവ പുതിയത് വാങ്ങിക്കുകയാണ് സ്വദേശികൾ ചെയ്യാറുള്ളത്. റിപ്പയർ ചെയ്ത് ഉപയോഗിക്കുക എന്നത് പലരും പിന്തുടരാറില്ല. ഈ കാലയളവിൽ വീട്ടുപകരണങ്ങൾ വിൽക്കുന്ന കടകളിലും സൂപ്പർ മാർക്കറ്റ്, ഹൈപ്പർ മാർക്കറ്റ്, ധാന്യങ്ങൾ പൊടിക്കുന്ന മില്ലുകളിലും നല്ല കച്ചവടം ആയിരിക്കും.

റമദാനിനു മുമ്പ് മസാല കൂട്ടുകൾ തയാറാക്കുക എന്നത് സ്വദേശി കുടുംബങ്ങളുടെ ഒരുക്കങ്ങളിൽ പ്രധാനപ്പെട്ടതാണ്. ഒമാനി മസാല സ്വദേശി പാചകത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ചേരുവകളാണ്. രാജ്യത്തിനകത്തും പുറത്തും ഏറെ ശ്രദ്ധേയമായ പാരമ്പര്യ രുചിക്കൂട്ടാണിത്. ജീരകം, മല്ലി, മഞ്ഞൾ, പട്ട, ഏലക്ക, ഉണ്ടമുളക്, തക്കോലം, കുരുമുളക്, ജാതിക്ക, ഗ്രാമ്പൂ എന്നിങ്ങനെ സുഗന്ധ വ്യഞ്ജനങ്ങൾ അതിന്റെ അനുപാതത്തിൽ ചേർത്ത് വറുത്തെടുക്കും. ഇത് മില്ലുകളിൽ എത്തിച്ചു പൊടിച്ചെടുത്തു ഉപയോഗിക്കുന്ന രുചിക്കൂട്ടുകളാണ് ഒമാനി മസാല. ഇങ്ങനെ പൊടിച്ചെടുക്കുന്ന മസാല റമദാൻ കാലത്ത് അഞ്ചോ ആറോ കുടുംബങ്ങൾക്ക് ഉപയോഗിക്കാവുന്നതിൽ കൂടുതലായിരിക്കും. മാറിത്താമസിക്കുന്ന മക്കൾക്കും മരുമക്കൾക്കും മറ്റു കുടുംബക്കാർക്കുകൂടി നൽകാനുള്ള മസാലകൾ തറവാടിൽനിന്ന് പൊടിച്ചു നൽകുകയാണ് പതിവ്.

പിന്നീട് അതിഥികൾക്കും കുടുംബക്കാർക്കും ഇരിക്കാനുള്ള മജ്‌ലിസ് ഒരുക്കുകയാണ് ചെയ്യുക. ഭംഗിയായി അലങ്കരിച്ച അലങ്കാര വിളക്കുകൾ കൊണ്ട് മോടിപിടിപ്പിച്ച വിശാലമായ ഇരിപ്പിടമുള്ള, ചുറ്റുമിരുന്ന് മുഖത്തോടു മുഖംനോക്കി സൊറ പറയാവുന്ന വലിയ സ്ഥലമാണ് മജ്‌ലിസ്. കുടിക്കാൻ ഖഹ്‌വയും ഈന്തപ്പഴവും ഒമാനി ഹൽവയും ഒരുക്കി അതിഥികളെ സ്വീകരിക്കും.

റമദാൻ നാളിൽ വന്നെത്തുന്ന ബന്ധുക്കളെയും അയൽക്കാരെയും മറ്റു അതിഥികളെയും സ്വീകരിക്കാൻ നിലവിലെ മജ്‌ലിസിന്റെ വലുപ്പം പോരാതെ വന്നാൽ പ്രത്യേകം ടെന്റ് കെട്ടി അതിൽ മജ്‌ലിസ് ഒരുക്കുന്നവരും ഉണ്ട്. മജ്‌ലിസ് ടെൻറുകൾ, ഇഫ്താർ ടെൻറ്റുകൾ നിർമിക്കാൻ റമദാൻ മാസങ്ങളിൽ നിരവധി കമ്പനികൾ രംഗത്തുവരാറുണ്ട്.

റമദാൻ കാലങ്ങളിൽ കൂടുതൽ അളവിൽ ഭക്ഷണം ഉണ്ടാക്കുന്നത് ഒമാനികളുടെ ശീലങ്ങളിൽപ്പെട്ട ഒന്നാണ്. ഇങ്ങനെ തയാറാക്കുന്നവ അയൽക്കാർക്കും ജോലി ചെയ്യുന്നവർക്കും അടുത്തുള്ള പള്ളിയിലും എത്തിച്ചു നൽകും. ആധുനികതയുടെ കടന്നുവരവിൽപോലും പഴമയുടെ പോയകാല ശേഷിപ്പുകൾ നെഞ്ചോടു ചേർത്തുവെക്കുന്നവരാണ് ഇവിടത്തുകാർ.



رمضان كريم

# Ramadan Kareem

Wishing you a month filled
with togetherness,
generosity and prayers.

SAARA
GROUP

www.saaragroup.com

LIFE
exelon
Saaya
JVK USA E&P INC
NESBO

# ആത്മവസന്തത്തിന്റെ ഇടങ്ങൾ

● **ജമാൽ ഇരിങ്ങൽ**

ലോകമെങ്ങുമുള്ള വിശ്വാസികൾക്ക് ആത്മവസന്തത്തിന്റെ ആഘോഷാവസരമാണ് റമദാൻ. ആനന്ദത്തിന്റെയും ആമോദത്തിന്റെയും അഭൗമികമായ വർണങ്ങൾ കണ്ണഞ്ചിപ്പിക്കുന്ന ശോഭയോടെ പ്രസരിതമാവുന്നത് പ്രധാനമായും പള്ളികളിലാണ്. റമദാനിലാണ് വിശ്വാസികൾ കൂടുതൽ പള്ളികളിൽ സജീവമാകുന്നത്. ബഹ്റൈനിലെ പള്ളികളും റമദാനിൽ ഏറെ സജീവമാണ്. പുണ്യമാസത്തെ വരവേൽക്കാൻ പള്ളികൾ നേരത്തേതന്നെ ഒരുങ്ങിക്കഴിഞ്ഞു. മിക്ക പള്ളികളോടു ചേർന്നും നോമ്പുതുറക്കാനായുള്ള വലിയ ടെന്റുകളും തയാറായി.

## രാത്രി നമസ്കാരങ്ങൾ

ബഹ്റൈൻ ഗവൺമെന്റിനു കീഴിലുള്ള സുന്നി വഖഫ് ഡയറക്ടറേറ്റ് ആണ് പള്ളികളുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും മേൽനോട്ടം വഹിക്കുന്നത്. പല പള്ളികളിലും അവസാനത്തെ പത്ത് ആയാൽ തറാവീഹ് നമസ്കാരത്തിനു പുറമെ 11.30നും 12 മണിക്കും ഒരു മണിക്കുമൊക്കെ രാത്രി നമസ്കാരങ്ങൾ ഉണ്ടാകും.

ഹൂറയിലുള്ള മസ്ജിദ് അബൂബക്കർ സിദ്ദീഖ്, മനാമയിലുള്ള മസ്ജിദ് ഫാറൂഖ്, അദ്‌ലിയയിലെ മസ്ജിദ് അദ്‌ലിയ, റിഫയിലുള്ള മസ്ജിദ് ശൈഖാൻ, മസ്ജിദ് സലാഹുദ്ദീൻ അയ്യൂബി, മസ്ജിദ് ഫാത്തിമത്തുൽ മുആവിദ, ഹമദ് ടൗണിലെ മസ്ജിദ് കാനൂ, ഈസാ ടൗണിലെ മസ്ജിദ് ശൈഖ സബീക്ക ബിൻത് ഇബ്രാഹീം അൽ അൻസാരി, ഹിദ്ദിലുള്ള മസ്ജിദ് അലി ബിൻ മുഹമ്മദ് കാനൂ, മസ്ജിദ് അലി ബിൻ ജബർ ആലു താനി, മുഹർറഖിലെ മസ്ജിദ് ഹമദ് കാനൂ തുടങ്ങിയ പള്ളികൾ മലയാളികളുൾപ്പെടെയുള്ള വിദേശികളും ധാരാളമായി പങ്കെടുക്കുന്ന ബഹ്റൈനിലെ പ്രമുഖ പള്ളികളാണ്. ബഹ്റൈനിലെ പ്രമുഖരായ ഖുർആൻ പണ്ഡിതന്മാരും ശ്രുതിമധുരമായി ഖുർആൻ പാരായണം ചെയ്യുന്ന ഖാരിഉകളുമാണ് ഇവിടങ്ങളിലെ രാത്രി നമസ്കാരത്തിന് നേതൃത്വം നൽകുന്നതെന്നതുകൊണ്ടാണ് ഈ പള്ളികളിൽ ആളുകൾ ധാരാളമായി എത്തിച്ചേരുന്നത്. ഖാലിദ് അൽ ഷുനൂ, അനസ് അൽ അമ്മാദി, താരിഖ് ത്വാഹാ, ഹംസ മുആദ്, അലി സ്വലാഹ് അൽ അംറ്, ഖാലിദ് അൽ തീസ്, മുഹമ്മദ് ഹംസ, സൽമാൻ അൽ നഫീഇ, മിസ്അബ് അൽ ബൂഅർക്കി, ഇബ്രാഹീം അൽ ഹാദി, അബ്ദുൽ അസീസ് അൽ ജീറാൻ, മുഹമ്മദ് ഫുആദ് അൽ കവാരി തുടങ്ങിയവർ ഇവരിൽ ചിലർ മാത്രമാണ്. രാത്രി നമസ്കാരത്തിന് പള്ളികളിലേക്ക് എത്തുന്നവർക്കായി അറബികളുടെ ഇഷ്ട പാനീയമായ ആവി പറക്കുന്ന ഖഹ്‌വ, സുലൈമാനി, ഈത്തപ്പഴം, മറ്റു പലഹാരങ്ങൾ എന്നിവയും ചില ഭക്തരുടെ വകയായി പള്ളികളിൽ വിതരണം ചെയ്യും.

## പള്ളികളിലെ നോമ്പുതുറകൾ

റമദാൻ ഒന്നു മുതൽ അവസാനം വരെ ബഹ്റൈനിലെ എല്ലാ പള്ളികളിലും നോമ്പുതുറകൾ ഉണ്ടാകും. സമൂഹത്തി



Ramadan Kareem

NOURISHED WITH Love

Grandma's

# കിടിലൻ ചിക്കൻ കറിക്ക്

## ഗ്രാൻഡ്മാസ് ചിക്കൻ മസാല

# അത് മതി!




ഗ്രാൻഡ്മാസ് ചിക്കൻ മസാല ചേർത്ത നല്ല കിടിലൻ ചിക്കൻ കറി
കഴിച്ചവർ ആ രുചിയുടെ രഹസ്യം ചോദിച്ച് അറിയാതെ പോവില്ല.

grandmasfoods.com

*Imported & Distributed by:*
GCT Consumer WLL, Bahrain Tel: 00973 17239383

ലെ കുറഞ്ഞ വരുമാനക്കാർക്കും ബാച്ചിലേഴ്സിനുമൊക്കെ ഏറെ ആശ്വാസമാണ് പള്ളികളിലെ ഈ നോമ്പുതുറകൾ. കോവിഡ് നാളുകളിൽ രണ്ടു വർഷം പള്ളികളിൽ ഈ നോമ്പുതുറകൾ നിന്നുപോയ ഘട്ടമുണ്ടായിരുന്നു. ആ സമയത്ത് ലോകമെമ്പാടുമുള്ള ആളുകൾ ദുരിതത്തിലായതു പോലെ ഇവിടെയുള്ള നിരവധിയാളുകളും വലിയ പ്രയാസത്തിൽ അകപ്പെട്ടിരുന്നു. ബഹ്റൈനിലെ വലിയൊരു വിഭാഗം പ്രവാസികൾ പള്ളികളിലെ നോമ്പുതുറയെ ആശ്രയിക്കുന്നവരാണെന്ന് കോവിഡ് കാലത്ത് വ്യക്തമായി മനസ്സിലാക്കാൻ സാധിച്ചു. പതിനായിരക്കണക്കിന് പ്രവാസികളാണ് വിവിധ പള്ളികളിൽ നടത്തപ്പെടുന്ന നോമ്പുതുറകളെ പ്രയോജനപ്പെടുത്തുന്നത്. സർക്കാറിന്റെയും വിവിധ സന്നദ്ധ സംഘടനകളുടെയും ഇവിടെയുള്ള ജീവകാരുണ്യമനസ്സുള്ള അഭ്യുദയകാംക്ഷികളുടെയും സഹകരണത്തോടെയാണ് ഇത്രയും വിപുലമായ ഈ പദ്ധതി നടപ്പാക്കുന്നത്. സമൂഹത്തിലെ വിവിധ തുറകളിലുള്ളവർ ഒരുമിച്ചിരുന്ന് നോമ്പ് തുറക്കുന്നതും ഭക്ഷണങ്ങൾ കഴിക്കുന്നതും മനുഷ്യ സമത്വം വ്യക്തമാകുന്ന സുന്ദരമുഹൂർത്തങ്ങൾ കൂടിയാണ്.

### ഭജനമിരിക്കൽ

റമദാൻ മാസത്തിലെ അവസാനത്തെ പത്ത് ദിവസം പള്ളികളിൽ ഭജനമിരിക്കുക എന്നത് പ്രവാചകൻ മുഹമ്മദ് നബി പഠിപ്പിച്ച വലിയ പുണ്യമുള്ള ഒരു ആരാധനയാണ്. റമദാനിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ ഏറെ ഉതകുന്ന ഒരു ആരാധനരീതിയാണിത്.

ജുമുഅ നമസ്കാരം നടക്കുന്ന പള്ളികളിലാണ് സാധാരണയായി വിശ്വാസികൾ ഭജനമിരിക്കാറുള്ളത്. നോമ്പുകാരന് നഷ്ടപ്പെട്ടുപോയേക്കാവുന്ന ഹൃദയസാന്നിധ്യം, മനഃശാന്തി, മനോവീര്യം, ദേഹിയെയും ദേഹത്തേയും പൂർണമായി ദൈവത്തിനു സമർപ്പിക്കൽ തുടങ്ങിയ കാര്യങ്ങൾ ഈ ആരാധനയിലൂടെ വിശ്വാസികൾക്ക് നേടിയെടുക്കാൻ സാധിക്കും. മാത്രവുമല്ല സൽക്കർമങ്ങൾക്ക് ആയിരം മാസത്തേക്കാൾ പുണ്യം ലഭിക്കുന്ന 'വിധിനിർണയ രാവും' അവസാനത്തെ പത്ത് ദിവസങ്ങളിലാണ് സംഭവിക്കുക എന്നാണ് പ്രമാണങ്ങൾ പറയുന്നത്. ഈ പുണ്യം കരസ്ഥമാക്കുക എന്ന ലക്ഷ്യവും ഈ ആരാധനയുടെ പിറകിലുണ്ട്.

മുകളിൽ സൂചിപ്പിച്ച പള്ളികളിലാണ് കൂടുതൽ ആളുകളും ഭജനമിരിക്കാൻ എത്താറുള്ളത്. ഈ ദിവസങ്ങളിൽ പൂർണമായി പള്ളിയിൽ കഴിച്ചുകൂട്ടുന്നവരും രാത്രി മാത്രം കഴിച്ചുകൂട്ടുന്നവരും ഉണ്ട്. ഈ ദിവസങ്ങളിൽ പള്ളിയിൽ തങ്ങുന്നവർക്കുള്ള എല്ലാ സൗകര്യവും അവിടങ്ങളിൽ ലഭ്യവുമാണ്.

# നോമ്പുകാലത്തെ പ്രവാസജീവിതം

**പ്രവീൺ പാലക്കീൽ**



കഴിഞ്ഞ ഇരുപത്തിരണ്ട് വർഷത്തെ അറേബ്യൻ നാട്ടിലെ എന്റെ പ്രവാസജീവിതം മിക്കതും നോമ്പുകാലത്തിലൂടെ കടന്നുപോയതാണ്. 15 വർഷമായി നിർമാണമേഖലയിൽ പ്രവർത്തിക്കുന്നു. മണലാരണ്യത്തിലെ ചുട്ടുപഴുത്ത മണൽതരികൾക്കൊപ്പമുള്ള കാറ്റേറ്റു വാടുന്ന തൊഴിലാളികളും അവരുടെ നോമ്പുമാണ് മനസ്സു നിറയെ. തുറന്നിട്ട ആകാശത്തിനു കീഴെ നാൽപതും അമ്പതും ഡിഗ്രി ചൂടിൽ മനസ്സിൽ ഖുർആൻ മന്ത്രവുമായ് നോമ്പുകാലത്ത് ജീവിതത്തിന്റെ രണ്ടറ്റം മുട്ടിക്കാൻ പാടുപെടുന്ന തൊഴിലാളി സഹോദരങ്ങൾ. മഗ്രിബ് ബാങ്കുവിളി സമയത്ത് ഏതെങ്കിലും പള്ളിയുടെ മുന്നിൽ ക്യൂ നിന്നിട്ടു വേണം അവർക്ക് നോമ്പുതുറക്കുള്ള ഭക്ഷണം ലഭിക്കാൻ.

ദുബൈ നഗരത്തിൽ തന്നെ ഉച്ചവരെ സുഖനിദ്രയിലാണ്ട് വൈകീട്ട് ആഡംബര ഹോട്ടലുകളിൽ മേശനിറയെ വിഭവങ്ങളൊരുക്കി പാതിയിലധികം പാഴാക്കിക്കളയുന്നതും കാണാറുണ്ട്.

റമദാൻ ആരംഭിക്കുമ്പോൾ മുസ്‌ലിം സഹോദരങ്ങൾക്കൊപ്പം ഞാനും ചില ദിവസങ്ങളിൽ വ്രതം അനുഷ്ഠിക്കും. സുഹൃത്തുക്കൾക്കൊപ്പം വൈകീട്ട് പള്ളിയിൽ പോയി നോമ്പ് തുറക്കുന്ന അനുഭവം മനസ്സിന് വല്ലാത്ത സന്തോഷം നൽകുന്നതാണ്. പ്രാർഥനാനിരതമായ സമയമാണത്.

മനസ്സിൽ ദുഷ്ചിന്തകളോ ദേഷ്യമോ പകയോ കൊണ്ടുനടക്കാതെ ശുദ്ധമാക്കുന്ന ദിനങ്ങളാണ് നോമ്പുകാലം. മനുഷ്യൻ ശുദ്ധീകരിക്കപ്പെടാൻ നോമ്പെടുക്കുന്നത് അനിവാര്യമാണ്.






بريمير اكسبرس للشحن ذ.م.م.

**Premier Express cargo W.L.L.**

The Reliable Name in Cargo Services

A division of
**SUPER EXPRESS**

Tel.: 17231998, 39312341, Fax: 17231997, Shop 258, Andalus Bldg
Al Zubara Road, Near Indian Club, Manama, Kingdom of Bahrain
E-mail: info@premierexpresscargo.com | Website: www.premierexpresscargo.com

## RAMADAN PRAYER TIMING 2023

| Date | Day | Fajer | Duhar | Asr | Magrb | Esha | Date | Day | Fajer | Duhar | Aser | Magrb | Esha |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 22 Mar | WED | 4:21 | 11:45 | 3:12 | 5:50 | 7:06 | 7 Apr | FRI | 4:02 | 11:40 | 3:11 | 5:58 | 7:15 |
| 23 Mar | THU | 4:19 | 11:45 | 3:12 | 5:51 | 7:06 | 8 Apr | SAT | 4:01 | 11:40 | 3:10 | 5:58 | 7:15 |
| 24 Mar | FRI | 4:18 | 11:45 | 3:12 | 5:51 | 7:07 | 9 Apr | SUN | 4:00 | 11:40 | 3:10 | 5:59 | 7:15 |
| 25 Mar | SAT | 4:17 | 11:44 | 3:12 | 5:52 | 7:07 | 10 Apr | MON | 3:58 | 11:40 | 3:10 | 5:59 | 7:16 |
| 26 Mar | SUN | 4:16 | 11:44 | 3:12 | 5:52 | 7:08 | 11 Apr | TUE | 3:57 | 11:39 | 3:10 | 6:00 | 7:17 |
| 27 Mar | MON | 4:15 | 11:44 | 3:12 | 5:53 | 7:08 | 12 Apr | WED | 3:56 | 11:39 | 3:10 | 6:00 | 7:18 |
| 28 Mar | TUE | 4:14 | 11:43 | 3:12 | 5:53 | 7:09 | 13 Apr | THU | 3:55 | 11:39 | 3:09 | 6:01 | 7:19 |
| 29 Mar | WED | 4:13 | 11:43 | 3:12 | 5:53 | 7:10 | 14 Apr | FRI | 3:54 | 11:39 | 3:09 | 6:01 | 7:19 |
| 30 Mar | THU | 4:11 | 11:43 | 3:12 | 5:54 | 7:11 | 15 Apr | SAT | 3:53 | 11:38 | 3:09 | 6:02 | 7:20 |
| 31 Mar | FRI | 4:10 | 11:42 | 3:12 | 5:54 | 7:11 | 16 Apr | SUN | 3:51 | 11:38 | 3:09 | 6:02 | 7:21 |
| 1 Apr | SAT | 4:09 | 11:42 | 3:11 | 5:55 | 7:11 | 17 Apr | MON | 3:50 | 11:38 | 3:09 | 6:03 | 7:21 |
| 2 Apr | SUN | 4:08 | 11:42 | 3:11 | 5:55 | 7:12 | 18 Apr | TUE | 3:49 | 11:38 | 3:08 | 6:03 | 7:22 |
| 3 Apr | MON | 4:07 | 11:42 | 3:11 | 5:56 | 7:12 | 19 Apr | WED | 3:48 | 11:37 | 3:08 | 6:04 | 7:22 |
| 4 Apr | TUE | 4:05 | 11:41 | 3:11 | 5:56 | 7:13 | 20 Apr | THU | 3:47 | 11:37 | 3:08 | 6:04 | 7:23 |
| 5 Apr | WED | 4:04 | 11:41 | 3:11 | 5:57 | 7:14 | 21 Apr | FRI | 3:46 | 11:37 | 3:08 | 6:05 | 7:24 |
| 6 Apr | THU | 4:03 | 11:41 | 3:11 | 5:57 | 7:14 | 22 Apr | SAT | 3:45 | 11:37 | 3:08 | 6:05 | 7:24 |

പ്രവാസ നോമ്പിന്റെ അരനൂറ്റാണ്ട്

# കനലോർമകളുമായി സാലിഹ്ക്ക

**എം.പി.എ കോട്ടപ്പള്ളി**

ഒമാനിൽ 50 വർഷത്തെ പ്രവാസം പൂർത്തിയാക്കിയ പൊന്നാനി പുതുവീട് തറവാട്ടിലെ അബ്ദുൽ അസീസ് സാലിഹ് എന്ന പ്രവാസികളുടെ സാലിഹ്ക്കാക്ക് ആദ്യനോമ്പ് കനലോർമകളാണ്.

1973 മാർച്ചിലാണ് മസ്കത്തിൽ ഇദ്ദേഹം കപ്പലിറങ്ങിയത്. ആ വർഷത്തെ റമദാൻ കൊടും ചൂടുള്ള ജൂണിലായിരുന്നു. അക്കാലത്തെ ഇടുങ്ങിയ മുറിയിൽ ഫാൻ മാത്രമാണ് ഉണ്ടായിരുന്നത്. കൊടും ചൂടിൽ ഫാൻ കറങ്ങുമ്പോൾ തീക്കാറ്റാണ് കിട്ടിയിരുന്നത്. മുറിയിൽ ഉറങ്ങാൻ കഴിയുമായിരുന്നില്ല. കെട്ടിടത്തിന്റെ ടെറസ്സിൽ ചാക്ക് നനച്ചിട്ട് അതിൻെറ മുകളിലാണ് ഉറങ്ങിയിരുന്നത്.

മത്രക്കടുത്ത് ജിബ്രുവിലെ ബേക്കറിയിലായിരുന്നു ജോലി. അബ്ദുൽ റസൂൽ ജാൻ മുഹമ്മദ് എന്ന സ്വദേശിയുടേതാണ് സ്ഥാപനം. സ്ഥാപനത്തിന് പേരൊന്നും ഉണ്ടായിരുന്നില്ല. അക്കാലത്തെ ഒമാനിലെ തന്നെ ഏക ബേക്കറിയായതിനാൽ നല്ല തിരക്കുണ്ടായിരുന്നു. അതിനാൽ ഓരോ ദിവസവും ഉൽപന്നങ്ങൾ അന്നുതന്നെ തീർന്ന്പോവുമായിരുന്നു. റൊട്ടിയും സമൂനും ചില കേക്കുകളും മാത്രമാണ് ബേക്കറിയിലുണ്ടാക്കിയിരുന്നത്. ദിവസവും 18 ചാക്ക് മൈദ സാലിഹ്ക്കയും മറ്റൊരാളും കൂടി കുഴക്കണമായിരുന്നു. വിറക് ഉപയോഗിച്ചായിരുന്നു പലഹാരങ്ങൾ പാകം ചെയ്തിരുന്നത്. 18 മണിക്കൂറാണ് ജോലി. ശമ്പളം 30 റിയാൽ. 1000 രൂപ നാട്ടിലയക്കണമെങ്കിൽ 45 റിയാൽ വേണം. ഒരു മാസം 500 രൂപയെങ്കിലും നാട്ടിൽ അയക്കുമായിരുന്നു. ബാക്കി വരുന്ന അഞ്ച് റിയാൽ പെരുന്നാൾ വസ്ത്രത്തിനുപോലും ചെലവാക്കാതെ സൂക്ഷിച്ച് വലിയ സംഖ്യയാക്കി നാട്ടിൽ അയക്കും.

റമദാനിലും 18 മണിക്കൂർ തന്നെയാണ് ജോലി. അടുത്തെന്നും പള്ളികൾ ഇല്ലാത്തതിനാൽ നമസ്കാരം റൂമിൽ തന്നെ. പെരുന്നാളും സാധാരണ ദിവസം പോലെ. പുതുവസ്ത്രവും അത്തറിൻെറ സുഗന്ധവുമൊന്നും ഉണ്ടായിരുന്നില്ല. അത്തായ ഭക്ഷണത്തിനായി രാത്രി 12ന് അറബന മുട്ടുകേട്ട് ഉണർന്ന് അപ്പോൾതന്നെ അത്താഴം കഴിച്ച് ഉറങ്ങും.

കൊടും ചൂട് കാരണം തളർന്നുവീണ ദിവസങ്ങളുമുണ്ട്. അതിയായ തളർച്ച അനുഭവപ്പെട്ടപ്പോൾ ഇഫ്താറിന് ഒരു മണിക്കൂർ മുമ്പ് നോമ്പ് മുറിക്കേണ്ടിവന്ന അനുഭവവും ഉണ്ടായിരുന്നു. അക്കാലത്ത് ഐസ് വെള്ളം കിട്ടിയിരുന്നില്ല. പൈപ്പിലെ വെള്ളത്തിനും നല്ല ചൂടായിരുന്നു. പൈപ്പിലെ വെള്ളത്തിൽ ചായ പത്തിയിട്ട് ചായയുണ്ടാക്കി കുടിക്കും. നോമ്പ് തുറക്കുമ്പോൾ ചെറുപഴവും ഈത്തപ്പഴവുമായിരുന്നു. ചിലപ്പോൾ തണ്ണി മത്തനും ലഭിക്കും. ഭക്ഷണമായി റൊട്ടിയും സമൂനും ഓംലെറ്റുമാണ് കഴിച്ചിരുന്നത്. അത്താഴത്തിന് ചോറുണ്ടാക്കുമായിരുന്നു.

ബേക്കറിയിലെ പ്രധാന ബേക്കർക്ക് നല്ല മൂഡാണെങ്കിൽ ഇറച്ചിക്കറിയും മറ്റും ഉണ്ടാക്കും. അന്ന് അത്താഴം കുശാലായിരിക്കും. ഏറെ ക്ഷീണം അനുഭവപ്പെട്ടിരുന്നെങ്കിലും നോമ്പുകൾ എടുത്തൊപ്പിക്കുമായിരുന്നുവെന്ന് സാലിഹ്ക്ക പറഞ്ഞു. അൽ അസീൽ സ്പൈസസിന്റെ മാനേജിങ് ഡയറക്ടറാണ് ഇദ്ദേഹം.



അബ്ദുൽ അസീസ് സാലിഹ്

പ്രവാസ നോമ്പിന്റെ അരനൂറ്റാണ്ട്

# കാരക്കയും മോരും കുടിച്ച് നോമ്പു തുറന്ന്...

• വി.കെ. ഷെഫീർ

കോഴിക്കോട് കൊയിലാണ്ടി അരിക്കുളം സ്വദേശി ബപ്പൻ കുട്ടി 1972ലാണ് പ്രവാസം ആരംഭിക്കുന്നത്. എസ്.എസ്.എൽ.സി പരീക്ഷ കഴിഞ്ഞ ഉടനെ എയർ ഫോഴ്സ് പരീക്ഷ എഴുതാനായി കോയമ്പത്തൂരിലേക്ക് വണ്ടികയറി. പിന്നീട് അവിടെത്തന്നെ തുടരുകയായിരിന്നു. ആ വർഷം എസ്.എസ്.എൽ.സി പരീക്ഷ പാസായെങ്കിലും തുടർന്ന് പഠിക്കാൻ നിന്നില്ല . എട്ടു വർഷത്തിന് ശേഷം ഒമാനിലേക്ക് വിമാനം കയറി. സലാലയിലാണ് ആദ്യമെത്തിയത്. നോമ്പിനെ കുറിച്ചുള്ള ഓർമകളിൽ ഇദ്ദേഹത്തിന്റെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നത് സലാലയിലെ നോമ്പു തന്നെയാണ്. സലാലക്കാർക്ക് നോമ്പ് പ്രാർഥനക്കൊപ്പം ആഘോഷരാവു കൂടിയാണ്. തറാവീഹ് നമസ്കാരം കഴിഞ്ഞാൽ നേരം പുലരുവോളം അറബികൾ കവിതകളും വർത്തമാനങ്ങളുമായി കഴിച്ചുകൂട്ടും. പ്രവാസികളെ സംബന്ധിച്ച് കാര്യങ്ങൾ വ്യത്യസ്തമായിരുന്നു. പ്രധാനമായും പള്ളികളിൽ ഇന്നത്തെപോലെ സുഭിക്ഷമായ നോമ്പുതുറ ഇല്ലായിരുന്നു. ലളിതമായി കാരക്കയും മോരും കുടിച്ച് നോമ്പ് തുറ പൂർത്തിയാക്കി മഗ്‌രിബ് നമസ്കാരത്തോടെ എല്ലാവരും പിരിയും. പിന്നീട് ബാച്ചിലേഴ്സ് റൂമുകളിലായിരിക്കും ഭക്ഷണം കഴിക്കാൻ ഒത്തുചേരുക. 15മുതൽ 20വരെ ആളുകൾ ഓരോ ദിവസം ഓരോ റൂമുകളിൽ ഇഫ്താറിനായി ഒത്തുകൂടും. വിവിധ സ്ഥലങ്ങളിലുള്ള ആളുകൾ തമ്മിൽ ആ സമയത്തു പൂത്തുലയുന്ന സൗഹൃദം, സ്നേഹം ഇതെല്ലാം എക്കാലത്തും ദൃഢമായി നിലനിൽക്കുകയും ചെയ്യും.

സലാലയിലെ നോമ്പുകാലത്ത് ഇന്നത്തെപോലെ നാട്ടിൽനിന്നും മതപണ്ഡിതന്മാരൊന്നും വരാറില്ലായിരുന്നു എന്ന് ബപ്പൻകുട്ടി ഓർക്കുന്നു. ആകെ ഓർമയിലുള്ളത് ഒരുവർഷം കാന്തപുരം അബൂബക്കർ മുസ്‌ലിയാർ വന്നതാണ്.

ഈന്തപ്പഴത്തിന്റെ കച്ചവടം ഉള്ള സമയത്ത് റമദാൻ മാസത്തിൽ സൗദിയിലേക്കും മറ്റും റോഡ്മാർഗം പോകുമ്പോൾ ചെക്പോസ്റ്റുകളിൽ മിലിട്ടറിക്കാർ നോമ്പ് തുറക്കുള്ള സൗകര്യം ഒരുക്കിത്തരും. അത് മറക്കാനാവാത്ത അനുഭവമാണ്. ഇപ്പോൾ വർഷങ്ങളായി മസ്കത്തിലുള്ള ഇദ്ദേഹം മൊബേലയിലെ മാർക്കറ്റിൽ ഈന്തപ്പഴത്തിന്റെ മൊത്ത വ്യാപാരിയാണ്. നാടിനെ അപേക്ഷിച്ച് ഒമാനിലെ നോമ്പിന്റെ ചൈതന്യം ഒന്നു വേറെത്തന്നെയാണ് എന്നാണ് ബപ്പൻകുട്ടിയുടെ അഭിപ്രായം. ഒരു പെരുന്നാളിന്റെ അനുഭവവും മറക്കാനാവാത്തതാണ്. പെരുന്നാൾ തലേന്ന് രാത്രി ഏകദേശം പുലർച്ചവരെ ജോലി ചെയ്യേണ്ടിവന്നതിനാൽ ഉറങ്ങാൻ സാധിച്ചിരുന്നില്ല. രാവിലെത്തന്നെ പെരുന്നാൾ നമസ്കാരം പൂർത്തിയാക്കി റൂമിൽ വന്നു ഉറങ്ങി. എന്നാൽ എഴുന്നേറ്റപ്പോഴേക്കും ഭക്ഷണം കഴിക്കുന്ന ഹോട്ടൽ അടച്ചുപോയിരുന്നു. പിന്നീട് ആരുടെയും റൂമിൽ ചെന്ന് ഭക്ഷണം ചോദിക്കാനും തോന്നിയില്ല. ഇന്ന് കുടുംബം കൂടെയുണ്ട്. സഫിയയാണ് ഭാര്യ. മക്കൾ: മറിയം സുഹറ, സ്വാലിഹ, ഷബീറ, സ്വാലിഹ്. പ്രായം എഴുപതു പിന്നിട്ടിട്ടും ഇന്നും ബപ്പൻ കുട്ടി തന്റെ കർമമണ്ഡലത്തിൽ സജീവമാണ്.



ബപ്പൻ കുട്ടി

# ഉണർത്തുപാട്ടുകളുടെ സൗന്ദര്യം

● നജ്‌ല മറിയം

മംഗലാപുരത്തിന്റെ നോമ്പുദിവസം തുടങ്ങുന്നത് ചിലയിടങ്ങളിൽ അതിരാവിലെ പുറത്ത് ഇരുട്ടുപോലും നന്നായി വെളുക്കാത്ത പുലർച്ചെ എവിടെനിന്നോ വരുന്ന ഫഖീറിന്റെ (പാവപ്പെട്ടവൻ) മുട്ടും വിളിയും കേട്ടാണ്. അവൻ വീടുതോറും നടന്ന് തന്റെ കൈയിലെ ദഫ് പോലുള്ള ഉപകരണംകൊണ്ട് ഉറക്കെ മുട്ടും. ദിക്റുകൾ ചൊല്ലും. അതു കേട്ട് വീട്ടുകാർ ഉണരും. അവർ വിളക്കുകൾ തെളിക്കും. അതിരാവിലെ വന്ന് തങ്ങളെയുണർത്തിയ ഫഖീറിന് കുറച്ച് പണം നൽകും. അതും വാങ്ങി അയാൾ അടുത്ത വീടും തേടി പുറപ്പെടും. മംഗലാപുരത്തിന്റെ നോമ്പുദിവസത്തെ ഉണർത്തും. അയാൾ എവിടെനിന്ന് വരുന്നുവെന്നോ എവിടേക്കു പോകുന്നുവെന്നോ ആരും തിരക്കില്ല. പലയിടങ്ങളിലും ഫഖീറന്മാർ ഇപ്പോഴില്ല. അവിടങ്ങളിൽ അതി പുലർച്ചെ പള്ളിയിൽനിന്ന് ഉറക്കെ കൊട്ടിയും ഖുർആനും ദിക്റും ചൊല്ലിയും മംഗലാപുരത്തിലെ ഗ്രാമങ്ങളെയും നഗരങ്ങളെയും ഉണർത്തും. അങ്ങനെ വിവിധ ഉണർത്തുപാട്ടുകളിൽ ഒരേസമയം അവർ ഉണരും. അത്താഴമെന്ന് വിളിക്കുന്ന നോമ്പ് തുടങ്ങുന്ന സുബ്ഹ് ബാങ്കിനു മുമ്പുള്ള സമയം. ഇപ്പോഴും പ്രധാനം പത്തിരിയും കറിയുംതന്നെയാണ്.



എങ്കിലും വിവിധ വിഭവങ്ങൾ തീന്മേശയെ കീഴടക്കിയിരിക്കുന്നു. അത്താഴം കഴിഞ്ഞാൽ സുബ്ഹ് നമസ്കാരവും മറ്റു പ്രാർഥനകളുമായും ഓരോരുത്തരും അവന്റെ ലോകത്തേക്ക്, പണിയിലേക്ക് വ്രതശുദ്ധിയോടെ കടക്കും. പകൽ നഗരത്തിലെയും ഗ്രാമത്തിലെയും ഭൂരിഭാഗം കടകളും അടച്ചിടും. ആരും ആരോടും അടക്കാനോ തുറക്കാനോ പറയുന്നില്ല. എന്നിട്ടും വിവിധ മതങ്ങളിലുള്ളവരും ലാഭത്തെ മറന്ന് ഒന്നാകുന്നു. പിന്നെ വൈകുന്നേരമാകണം അടച്ചിട്ട കടകൾ തുറക്കാൻ.

നോമ്പുകാലം നോമ്പില്ലാത്തവർ നോമ്പുള്ളവന്റെ മുഖത്ത് നോക്കി ഭക്ഷണം കഴിക്കാതിരിക്കുന്നു. നോമ്പുകാലം അവസാനിക്കുന്ന കാലമാകുമ്പോൾ കുട്ടികളും മറ്റും പല വീടുകൾ സഞ്ചരിച്ച് തങ്ങൾക്കു വേണ്ട തുക ശേഖരിക്കും. പെരുന്നാളിന്റെ പുത്തനുടുപ്പിനുള്ള തുകയാണിത്. ആരും മറ്റൊരാളിൽനിന്നും കുറയാതെ ഐക്യത്തോടെ പെരുന്നാൾ ആഘോഷിക്കാൻ ഇതവരെ സഹായിക്കുന്നു. പലയിടങ്ങളിലും ഇതിപ്പോൾ കാണുന്നില്ലെങ്കിലും മംഗലാപുരത്തിലെ ചില ഗ്രാമപ്രദേശങ്ങളിൽ ഇന്നും ഇത് തുടരുന്നു.

പള്ളികളിൽ വിദ്യാർഥികൾ 'വഅള്' എന്നു വിളിക്കുന്ന പ്രസംഗം അവതരിപ്പിക്കാൻ പ്രത്യേക ദിവസങ്ങളിൽ എത്തിച്ചേരും. അവർക്കായി അവരെ കേൾക്കുന്നവർ അവിടെ നിശ്ചയിച്ച മുസല്ലയിലേക്ക് പണം നിക്ഷേപിക്കും. അവിടെ വന്ന് പ്രസംഗിക്കുന്ന ആ വിദ്യാർഥിയുടെ ഭാവികാലത്തെ വിദ്യാഭ്യാസത്തിനുള്ള കരുതലാണത്. പുത്തൻ മണവാട്ടികളും മണവാളന്മാരും പ്രത്യേക ഇഫ്താർ വിരുന്നുകളിലേക്കായി സൽകരിക്കപ്പെടും.

നോമ്പുതുറക്ക് കേരളത്തിന്റെ ശൈലി മംഗലാപുരവും പിന്തുടരുന്നു. വിവിധ പഴങ്ങളുടെ ജ്യൂസും പല എണ്ണപ്പലഹാരങ്ങളും സോജി എന്നു വിളിക്കുന്ന നോമ്പുകാല വിഭവവുമായി മഗ് രിബ് ബാങ്കിന്റെ സമയമറിയിപ്പിൽ അന്നത്തെ വ്രതമവസാനിക്കും. നോമ്പുതുറക്കായി വീട്ടിലെത്താനുള്ള ഒരു തിരക്കും വേണ്ടതില്ല. എവിടെയെത്തുന്നോ അവിടെ നിങ്ങൾക്കായി നോമ്പുതുറ ഒരുങ്ങും. അത് വീടുകളാണെങ്കിലും പള്ളികളാണെങ്കിലും കടകളാണെങ്കിലും.

സ്വസ്ഥമായി നിങ്ങളുടെ വ്രതമവസാനിപ്പിക്കാം. ഇല്ലായ്മകൾ വേട്ടയാടുന്നവനും ഉള്ളവനും ഒരുപോലെ ഇഫ്താർ വിരുന്നുകളുമായി പള്ളികൾ കാത്തിരിക്കും. ശേഷം തറാവീഹിലും പങ്കെടുത്ത് വീണ്ടും ജനം തിരക്കിലേക്ക് കുതിക്കും. ഇങ്ങനെ ഒരു മാസക്കാല നോമ്പ് എല്ലാതരത്തിലും മംഗലാപുരത്തിന്റെ മനസ്സ് നിറക്കും. എല്ലായിടങ്ങളിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിലും നോമ്പുകാലത്തിന് സാമ്യതകളാണ് കൂടുതൽ. എന്നാൽ, പുറംചിന്തകളിൽ ഇത്തിരി ഭയവും സംശയവും ഉണ്ടാക്കുന്ന മംഗലാപുരത്തിന് സ്വാഭാവികതയുടെ, സ്നേഹത്തിന്റെ, ചേർത്തുപിടിക്കലിന്റെ പങ്കുവെക്കലിന്റെ മാധുര്യമുള്ള നോമ്പുകാലമുണ്ടെന്നത് അടയാളപ്പെടുത്തേണ്ടതാണ്. മതഭേദങ്ങൾക്കപ്പുറമുള്ള നോമ്പുകാലത്തിന്റെ പങ്കുവെക്കൽ.

Akbar Holidays

*Most Affordable Holidays*

# RAMADAN UMRAH PACKAGE

## by bus





| 23rd March | 30th March | 06th April | 13th April | 20th April |
|---|---|---|---|---|
| With Visa BHD 155 | With Visa BHD 155 | With Visa BHD 155 | With Visa BHD 170 | With Visa BHD 170 |
| Without Visa BHD 110 | Without Visa BHD 110 | Without Visa BHD 110 | Without Visa BHD 125 | Without Visa BHD 125 |
| Stay In Makkah 2 Nights | Stay In Makkah 2 Nights | Stay In Makkah 2 Nights | Stay In Makkah 2 Nights | Stay In Makkah 2 Nights |
| Stay In Madina 2 Nights | Stay In Madina 2 Nights | Stay In Madina 2 Nights | Stay In Madina 2 Nights | Stay In Madina 2 Nights |

*T & C Apply

Mr. Sujeer
+973 3595 6964
sujeer@akbargulf.com

Mr. Aadul Ibrahim
+973 3366 3335
+973 1311 3311
bahstaff@akbargulf.com

MAY THIS DIVINE MONTH OF RAMADAN ERASE YOUR SINFUL PAST AND BLESS THE HEART WITH LOVE, KINDNESS, AND MERCY.



# Ramadan Kareem

**CONTRACTING**
Al Namal Contracting & Trading Co.
Arab Asia Contracting w.l.l.

**REAL ESTATE**
V.K. Universal Property Management Co.

**HEALTH CARE**
Middle East Hospital | mem | Santhigiri

**FAMILY ENTERTAINMENT CENTER**
MATRIX

**TRADING**
SAACH International Trading
HITACHI | Cooline | Zamil

**ELEVATOR & ESCALATOR**
SANEI | KOYO | SANYO | FUJI

**INTERIOR DESIGNS**
SACH
SAACH Interior Designers

**MARINE DREDGING & BLOCK FACTORY**
AL NAMAL FACTORY
Arab Asian Dredging Company

**ELECTRO MECHANICAL**
NEMCO
Al Namal Mechanical Contracting Co

**FOOD & BEVERAGE**
Spice | PEKING

**RENEWABLE ENERGY, OIL & GAS**
VKLPOWER POWERING THE NATION
VKL PETROLEUM

**EDUCATION**
kangaroo kids

**HOSPITALITY**
VK UNIVERSAL HOTELS & RESTAURANTS MANAGEMENT Co
Park Regis Lotus Hotel | Arman Hotel | Diva Hotel | Olive Hotel | Crystal Palace Hotel
Juffair Gate Hotel | Holiday Bahrain Hotel | Marco Polo Hotel | Taj Plaza Hotel

Al Namal GROUP

## AL NAMAL & VKL HOLDINGS

KINGDOM OF BAHRAIN

www.al-namal.com

VKL HOLDINGS

BAHRAIN | KSA | INDIA | GEORGIA


Ramadan
Kareem
Every second of our life is precious, And more
precious is every second of Ramadan
RP Group of Compan
www.rpgroup.ae
RP Group of Companies
PO Box: 11953
Manama, Kingdom of Bahrain
Tel: 1731 0555, 1731 2220 I Fax: 1731 0004
GA
GULF ASIA
Contracting Company
NSH
KMG
PC
PETROCHEM
cutwatr®

The
Difference
is in mothers'
hands

المراعي
Almarai
Quality you can trust

